മാസിക
# സുന്നത്ത്

**2025 സെപ്തംബർ**
**1447 റ.അവ്വൽ – റ.ആഖിർ**
പുസ്തകം 48/ ലക്കം 07
വില 18 രൂപ

Samastha Kerala
Sunni Jam-iyyathul Mu-allimeen
Samastha Islamic Centre,
P.O Eranhippalam, Calicut-6

Ph: 0495 277 2846

sunnethmonthly@gmail.com
Sunnethcirculation@gmail.com




**Managing Editor**
Sayyid Ali Bafaqy Thangal

**Chief Editor**
V.P.M Villyapalli
9446 731 889, 0496 253 4373

**Executive Editor**
Shafeeq Bukhari Kanthapuram
cp222306@gmail.com

**General Manager**
Sulaiman Saqafi Kunhukulam

**Editor**
Muhammed Parannur

**Sub Editor**
E.M Sufyan Bukhari

**Circulation Manager**
Shareef saqafi Edayur

**Design & Layout**
Anvar Sadique Bukhari

**മുഖക്കുറി**

## വിശുദ്ധമാകണം ബന്ധങ്ങൾ

മനുഷ്യബന്ധങ്ങളിൽ ധാർമികത പാലിക്കുന്നതിന് ഇസ്‌ലാം വലിയ പ്രാധാന്യം നൽകുന്നു. സുസ്ഥിര സമൂഹത്തിന്റെ സൃഷ്ടിപ്പിനും അച്ചടക്കമുള്ള തലമുറയുടെ നിലനില്പിനും അനിവാര്യമാണത്. സമൂഹത്തിന്റെ അടിസ്ഥാനസ്ഥാപനമായ കുടുംബങ്ങളുടെ രൂപീകരണത്തിൽ വൈവാഹിക ബന്ധം മുഖ്യപങ്ക് വഹിക്കുന്നു. പ്രത്യക്ഷത്തിൽ ലളിതമെന്നു തോന്നുന്നതും ആന്തരികമായി ഏറെ സങ്കീർണതകൾ നിറഞ്ഞതുമായ ബന്ധമാണത്. ദാമ്പത്യജീവിതത്തിലെ സുതാര്യതയ്ക്കുവേണ്ടി ഇസ്‌ലാം കൃത്യമായ ചിട്ടകളും രീതികളും നിർദ്ദേശിച്ചിട്ടുണ്ട്. ലളിതമായി പ്രയോഗവൽക്കരിക്കാൻ കഴിയുന്ന ഈ നിയമങ്ങൾ അവഗണിക്കുകയും വൈക്തികമായ വികാരവിചാരങ്ങൾക്ക് പ്രാമുഖ്യം നൽകുകയും ചെയ്യുമ്പോൾ ദാമ്പത്യജീവിതത്തിൽ വിള്ളലുണ്ടാകുന്നു.

വ്യക്തികൾക്കിടയിൽ അനുചിതമായ ബന്ധങ്ങൾ സൃഷ്ടിക്കുന്നതിൽ ലിബറൽ ചിന്തകൾക്ക് വലിയ സ്വാധീനമുണ്ട്. ബന്ധങ്ങളിലെ ധാർമികസുതാര്യതയ്ക്കു വേണ്ടിയുള്ള മതപരവും സാമൂഹികവുമായ നിയമങ്ങൾ പുതിയ തലമുറക്ക് കേവലം 'തടസ്സങ്ങൾ' മാത്രമാണിന്ന്. വിവാഹപൂർവ്വ ലൈംഗികതയും വിവാഹേതര ലൈംഗികതയും സോഷ്യൽമീഡിയ ട്രെന്റുകളായി മാറിക്കഴിഞ്ഞു. പ്രണയവിവാഹങ്ങൾക്കൊപ്പം യുവാക്കൾക്കിടയിൽ വിവാഹമോചനങ്ങളുടെയും എണ്ണം വർദ്ധിക്കുന്നുവെന്നത് ഗൗരവമായി കാണണം. ഐഹികലാഭങ്ങളും ആനന്ദങ്ങളും പരമലക്ഷ്യമായെടുക്കുന്ന ബന്ധങ്ങൾക്ക് അൽപായുസ്സാണുണ്ടാവുക. അല്ലാഹുവിന്റെ പ്രീതിയും പ്രതിഫലവുമായിരിക്കണം ബന്ധങ്ങളുടെ മർമ്മം.

*എഡിറ്റർ*

കവർസ്റ്റോറി

## നബിദിനാഘോഷം ഒരു തിരുചര്യ

സ്വലാഹ് ബുഖാരി കരിപ്പമണ്ണ

പ്രവാചക പ്രണയത്തിന്റെ പ്രകാശനമാണ് നബിദിനാഘോഷം. നൂറ്റാണ്ടുകളായി മുസ്‌ലിം സമൂഹം ആചരിക്കുന്ന പ്രമാണങ്ങളുടെ പിൻബലമുള്ള ഒരു പുണ്യകർമ്മമാണത്.

06



കവർസ്റ്റോറി

## പ്രണയം, പരിശുദ്ധിയിൽനിന്ന് കുറ്റകൃത്യത്തിലേക്ക്

സിയാദ് സഖാഫി പാറന്നൂർ

വൈവാഹിക ബന്ധത്തിന് ഇസ്‌ലാം വലിയ പ്രാധാന്യം നൽകുന്നു. അതോടൊപ്പം, വിവാഹ പൂർവ്വ പ്രണയത്തെയും വിവാഹ രഹിത പ്രണയത്തെയും നിരുത്സാഹപ്പെടുത്തുകയും ചെയ്യുന്നു. ഇസ്‌ലാമിലെ പ്രണയ നിയമങ്ങൾ വായിക്കാം.

10



കവർസ്റ്റോറി

## കരമുയർത്താം ഗസ്സയ്ക്കു വേണ്ടി

സൈനുദ്ദീൻ ശാമിൽ ഇർഫാനി മാണൂർ

കടുത്ത മനുഷ്യാവകാശ ലംഘനവും ഇസ്രയേലിന്റെ കണ്ണില്ലാത്ത ക്രൂരതയും കാരണം പട്ടിണി അനുഭവിക്കുകയാണ് ഗസ്സ. വിമോചനത്തിനു വേണ്ടിയുള്ള പ്രാർത്ഥനകൾ കൊണ്ടെങ്കിലും നമുക്ക് ഗസ്സയോടൊപ്പം നിൽക്കാം.


15





19 അവസരങ്ങളുണ്ട് ആശയുണ്ടെങ്കിൽ
സൈറ അലി അരീക്കോട്

സത്യത്തിന്റെ മാധുര്യം ജീലാനീ പ്രകാശനങ്ങൾ
റൈഹാൻ
24





35 കുട്ടികൾ വിശ്രമിക്കട്ടെ
മനാസിർ പട്‌ല

05 തസ്കിയ
27 ശാഫിഈ ഫിഖ്ഹ്
48 വാർത്തകൾ

ചരിത്രാഖ്യായിക 29
നോവൽ 32
ഹനഫീ ഫിഖ്ഹ് 38

37 അമിതമായാൽ റീൽസും വിഷം
അബൂലിയാന

39 എല്ലുകളുടെ ആരോഗ്യത്തിന്
മുനീബ റൈഹാൻ

40 കഅ്ബയുടെ ചാരത്ത്
സ്വലാഹുദ്ദീൻ അയ്യൂബി പുറത്തൂർ

42 കപടസൂഫികളെ തിരിച്ചറിയാം
അലി സഖാഫി പുൽപ്പറ്റ

46 കൗമാരക്കാരെ മനസ്സിലാക്കാം
ജാശിർ കുന്നളം

# നിസ്കാരത്തിൽ മോഷണമോ?

തസ്കിയ

തിരുനബി(സ) പറഞ്ഞു: 'ഒരാൾ ഏറ്റവും നല്ല രീതിയിൽ വുളൂഅ് ചെയ്ത് നിസ്കാരത്തിന്നായി നിൽക്കുന്നു. അതിലെ റുകൂഅ്, സുജൂദ്, ഖുർആൻ പാരായണം എന്നിവ പൂർണമായവിധം നിർവഹിക്കുന്നുവെങ്കിൽ ആ നിസ്കാരം അയാളോട് പറയും: 'നീ എന്നെ എപ്രകാരമാണോ സൂക്ഷിച്ചത്, അപ്രകാരം നിന്നെയും അല്ലാഹു കാത്തുരക്ഷിക്കട്ടെ.'

പിന്നെ ആ നിസ്കാരം ആകാശത്തേക്കുയർത്തപ്പെടും. അതിന് അസാമാന്യമായ വെളിച്ചവും തിളക്കവുമുണ്ടാകും. ആകാശകവാടങ്ങൾ അതിനുവേണ്ടി തുറക്കപ്പെടും. എന്നാൽ, ഒരാൾ പൂർണ്ണമായ രീതിയിൽ വുളൂഅ് ചെയ്തില്ല. നിസ്കാരത്തിൽ റുകൂഅ്, സുജൂദ്, ഖുർആൻ പാരായണം എന്നിവ വേണ്ടവിധം പൂർണമായി നിർവഹിച്ചില്ല. എങ്കിൽ, ആ നിസ്കാരം അവനോട് പറയും: 'നീ എന്നെ പാഴാക്കിക്കളഞ്ഞതു പോലെ അല്ലാഹു നിന്നെയും പാഴാക്കട്ടെ!'

തുടർന്ന് ആ നിസ്കാരം ആകാശത്തേക്ക് ഉയർത്തപ്പെടും. അതിനു വെളിച്ചമോ തിളക്കമോ ഉണ്ടാവില്ല; കറുത്തിരുണ്ടതായിരിക്കും. ആകാശകവാടങ്ങൾ അതിനു മുമ്പിൽ കൊട്ടിയടക്കപ്പെടും. പിന്നെ, പഴയ വസ്ത്രം ചുരുട്ടിയെറിയുന്നതു പോലെ ആ നിസ്കാരം അത് നിർവഹിച്ചവന്റെ മുഖത്തേക്ക് വലിച്ചെറിയപ്പെടും.' (ബൈഹഖി, ത്വബ്റാനി)

മുസ്‌ലിമിന്റെ നിർബന്ധബാധ്യതയാണ് നിസ്കാരം. അടിമ ഉടമയുമായി നടത്തുന്ന അഭിമുഖമെന്നും സ്വകാര്യസംഭാഷണമെന്നുമൊക്കെ നിസ്കാരത്തെ വിശേഷിപ്പിക്കാം. അത് പൂർണ്ണ നിബന്ധനകൾ പാലിച്ച്, അല്ലാഹു തന്നെ നിരീക്ഷിച്ചുകൊണ്ടിരിക്കുന്നുവെന്ന ബോധ്യത്തോടെ തന്നെ നിർവഹിക്കണം. എങ്കിൽ മാത്രമേ സ്വീകാര്യവും ഫലപ്രദവുമാവുകയുള്ളൂ. അല്ലെങ്കിൽ നാഥന്റെ കോപത്തിനും അപ്രീതിക്കും അതുവഴി മഹാനഷ്ടത്തിനും കാരണമായിത്തീരുമെന്നാണ് പ്രസ്തുത വചനം ഉണർത്തുന്നത്.

ഓരോ ദിവസവും എത്രയെത്ര സമയങ്ങളാണ് നാം പാഴാക്കിക്കളയുന്നതെന്ന് ആലോചിച്ചു നോക്കൂ. നിസ്കരിക്കാനും മറ്റു മതപരമായ കർമ്മങ്ങൾ അനുഷ്ഠിക്കാനും അതിന്റെ ചെറിയൊരംശം പോലും വിനിയോഗിക്കാൻ നമുക്കാവുന്നില്ലേ? ആത്മപരിശോധന നടത്തണം; നമ്മുടെ നിസ്കാരങ്ങൾ പൂർണ്ണമാകുന്നുണ്ടോ? കേവലം ഒരു ചടങ്ങെന്ന വിധത്തിലല്ലേ പലരുടെയും നിസ്കാരങ്ങൾ? അശ്രദ്ധമായി അംഗസ്നാനം ചെയ്തു നിസ്കാരത്തിനു നിൽക്കുന്നു. അല്ലാഹു കാണുന്നുണ്ടെന്നോ അവന്റെ മുമ്പിലാണ് നിൽക്കുന്നതെന്നോ ചിന്തയുണ്ടാവില്ല. എന്തൊക്കെയോ ഉരുവിടുന്നു, ചേഷ്ഠകൾ കാണിക്കുന്നു. പെട്ടെന്ന് ചെയ്തുതീർത്ത് ജീവിതവ്യാപാരങ്ങളിലേക്കോടണമെന്ന വിചാരമാണ്. റുകൂഉം സുജൂദുമൊന്നും വേണ്ട വിധത്തിലാവില്ല. ഇത്തരം നിസ്കാരക്കാരെക്കുറിച്ച് അല്ലാഹുവിന്റെ റസൂൽ(സ) പറഞ്ഞതെന്താണെന്നോ, നികൃഷ്ടമായ മോഷണക്കാരാണവരെന്ന്!

'ജനങ്ങളുടെ കൂട്ടത്തിൽ ഏറ്റവും നികൃഷ്ടനായ മോഷ്ടാവ് നിസ്കാരത്തിൽനിന്നു മോഷ്ടിക്കുന്നവനാണ്.' സ്വഹാബികൾ ചോദിച്ചു: 'നിസ്കാരത്തിൽനിന്നു മോഷ്ടിക്കുകയോ? അതെങ്ങനെയാണ് തിരുദൂതരേ?' നബി(സ) പറഞ്ഞു: 'നിസ്കാരത്തിൽ റുകൂഉം സുജൂദും പൂർണ്ണമായി നിർവഹിക്കാതിരിക്കലാണത്.' 'ഇങ്ങനെ 60 വർഷക്കാലം നിസ്കരിച്ചാലും ഒന്നുപോലും അല്ലാഹു സ്വീകരിക്കുകയില്ല' എന്നും 'മുഹമ്മദ്നബി(സ)യുടെ മാർഗത്തിലായിരിക്കില്ല ഇത്തരക്കാരുടെ മരണം' എന്നും അവിടുന്ന് മുന്നറിയിപ്പു നൽകിയ കാര്യം ഗൗരവപൂർവ്വം തന്നെ പരിഗണിക്കണം.

കവർസ്റ്റോറി

സ്വലാഹ് ബുഖാരി കരിപ്പമണ്ണ

# നബിദിനാഘോഷം ഒരു തിരുചര്യ

'നബിദിനാഘോഷം പ്രതിഫലാർഹമായ പുതുചര്യകളിലൊന്നാണ്.' നബിദിനാഘോഷത്തെക്കുറിച്ചുള്ള ചോദ്യത്തിന് ഇമാം സുയൂഥി നൽകിയ ഫത്‌വ തുടങ്ങുന്നതിങ്ങനെയാണ്. നബി(സ) പറഞ്ഞു: 'ഇസ്‌ലാമിൽ ഒരു നല്ല ചര്യ നടപ്പിലാക്കുന്നവർക്ക് പിൽക്കാലത്ത് ആ പ്രവൃത്തി ചെയ്തവരുടെയെല്ലാം പ്രതിഫലം ലഭിക്കുന്നതാണ്.' (സ്വഹീഹു മുസ്‌ലിം 1017) നല്ല ചര്യകൾ നടപ്പിൽ വരുത്തുന്നതിന് ഈ ഹദീസ് പ്രോത്സാഹനമാണെന്ന് ഇമാം നവവി പ്രസ്താവിക്കുന്നു.

ഒരു കാര്യം നിലവിലെ രൂപത്തിലും ഭാവത്തിലും നബിയും സ്വഹാബത്തും ചെയ്തില്ല എന്ന കാരണം കൊണ്ട് തള്ളപ്പെടേണ്ടതില്ല. ദീനിൽ പെടാത്ത ഒരു കാര്യം മതത്തിൽ പുതുതായുണ്ടാക്കിയാൽ അത് തള്ളപ്പെടണമെന്നാണ് നബി(സ) പഠിപ്പിച്ചത്. 'ദീനിൽ പെടാത്തത്' എന്ന ഉപാധി വളരെ ശ്രദ്ധേയമാണ്. ദീനിൽപ്പെട്ട കാര്യമാണ് പുതുതായുണ്ടാക്കുന്നതെങ്കിൽ അത് തള്ളപ്പെടേണ്ടതില്ലെന്നാണ് ആ ഉപാധിയുടെ സാരം. മേൽപറഞ്ഞ ഹദീസ് വിശദീകരിച്ച് ഇബ്നുഹജരിൽ അസ്ഖലാനി(റ) ഇക്കാര്യം വ്യക്തമാക്കിയിട്ടുണ്ട്.

എല്ലാ പുത്തനാചാരങ്ങളും വഴികേടാണെന്ന് പഠിപ്പിക്കുന്ന ഹദീസ് മേൽ പറയപ്പെട്ട ഹദീസുകളുടെ വെളിച്ചത്തിലാണ് വായിക്കേണ്ടത്. ഇമാം ശാഫിഈ(റ)വിൽ നിന്ന് ഇമാം ബൈഹഖി ഉദ്ധരിക്കുന്നു: 'പുത്തനാചാരങ്ങളിൽ സ്തുത്യർഹമായതും ആക്ഷേപാർഹമായതുമുണ്ട്. ഖുർആൻ, സുന്നത്ത്, ഇജ്മാഅ്, അസർ എന്നിവയോടെതിരായാൽ ആക്ഷേപാർഹവും യോജിച്ചാൽ സ്തുത്യർഹവുമാണ്.' (അൽഹാവി ലിൽ ഫതാവാ) ഒരു ഇമാമിനു കീഴിൽ റമളാൻ മുഴുവൻ തറാവീഹ് സംഘടിപ്പിച്ച ഉമർ(റ) ആ കാഴ്ച കണ്ട് 'നല്ല പുത്തനാചാരമാണിത്'



എന്ന് പ്രശംസിച്ചത് ഈ വർഗ്ഗീകരണത്തിലേക്കുള്ള വ്യക്തമായ സൂചനയാണ്. നബി(സ)യുടെ കാലത്തുണ്ടോ ഇല്ലയോ എന്നതല്ല; പ്രമാണങ്ങളുടെ പിന്തുണയാണ് സ്വീകാര്യതയുടെ മാനദണ്ഡമെന്ന് ചുരുക്കം.

## ഖുർആൻ

നബിദിനാഘോഷമെന്നാൽ നബി(സ)യുടെ ജനനത്തിൽ സന്തോഷം പ്രകടിപ്പിക്കുക എന്നാണല്ലോ. സൂറത്തു യൂനുസിലെ അമ്പത്തെട്ടാം സൂക്തം നമ്മോടാഹ്വാനം ചെയ്യുന്നത് നോക്കൂ: 'അല്ലാഹുവിന്റെ റഹ്മത്ത് (കാരുണ്യം) കൊണ്ട് നിങ്ങൾ സന്തോഷിക്കുവീൻ.'

**നബിദിനാഘോഷമെന്നാൽ നബി(സ)യുടെ ജനനത്തിൽ സന്തോഷം പ്രകടിപ്പിക്കുക എന്നാണല്ലോ. സൂറത്തു യൂനുസിലെ അമ്പത്തെട്ടാം സൂക്തം നമ്മോടാഹ്വാനം ചെയ്യുന്നത് നോക്കൂ: 'അല്ലാഹുവിന്റെ റഹ്മത്ത് (കാരുണ്യം) കൊണ്ട് നിങ്ങൾ സന്തോഷിക്കുവീൻ.' 'ലോകർക്കഖിലവും കാരുണ്യമാണ് തിരുനബി(സ)'യെന്ന് സൂറത്തുൽഅമ്പിയാഅ് സൂക്തം 107 വ്യക്തമാക്കുന്നു.**



'ലോകർക്കഖിലവും കാരുണ്യമാണ് തിരുനബി(സ)'യെന്ന് സൂറത്തുൽഅമ്പിയാഅ് സൂക്തം 107 വ്യക്തമാക്കുന്നു. ഞാൻ കാരുണ്യമാണെന്ന് നബി(സ) സ്വയം പരിചയപ്പെടുത്തിയിട്ടുമുണ്ട്. ഇത്തരം പ്രമാണങ്ങളുടെ വെളിച്ചത്തിൽ ആയത്തിൽ പരാമർശിക്കപ്പെട്ട കാരുണ്യം കൊണ്ട് വിവക്ഷിക്കപ്പെടുന്നത് തിരുനബി(സ)യാണെന്ന് ഖുർആൻ വ്യാഖ്യാതാക്കൾ സാക്ഷ്യപ്പെടുത്തുന്നു. ഇമാം സുയൂഥി(റ)യുടെ അദ്ദുർറുൽമൻസൂറിലും ഇബ്നുഹയ്യാൻ(റ)വിന്റെ ബഹ്റുൽമുഹീതിലും അല്ലാമാ ആലൂസിയുടെ റൂഹുൽമആനിയിലും ഇബ്നുഅബ്ബാസ്(റ) പറഞ്ഞ ഈ വ്യാഖ്യാനം കാണാം.

ഇമാം ഇബ്നുഹജറിൽ അസ്ഖലാനി(റ)വിന്റെ ശിഷ്യനായ ഇബ്റാഹീമുന്നാജി(റ) ഈ ആയത്ത് നബിദിനാഘോഷത്തിന് രേഖയാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഹിജ്റ 900 ൽ വഫാതായ മഹാൻ തന്റെ 'കൻസുർറാഗിബീൻ അൽഉഫാത്' എന്ന ഗ്രന്ഥത്തിൽ (പേജ് 36) പറയുന്നു: 'നബി(സ)യുടെ ജന്മം കൊണ്ട് നിങ്ങൾ ബറകത്തെടുക്കുവീൻ, നിങ്ങൾ സന്തോഷിക്കുവീൻ, അല്ലാഹുവിന്റെ റഹ്മത് കൊണ്ട് നിങ്ങൾ സന്തോഷിക്കൂ എന്ന അല്ലാഹുവിന്റെ ആഹ്വാനം ശ്രവിക്കുവീൻ.' ഇമാം സഖാവിയും ഇബ്നുകയ്യാനുമെല്ലാം വലിയ ജ്ഞാനിയായി പരിചയപ്പെടുത്തിയ ഇബ്റാഹീമുന്നാജിയുടെ വിജ്ഞാനത്തെ വിമർശകർക്ക് സ്വീകാര്യനായ അൽബാനിയും പ്രശംസിച്ചതായി കാണാം.

## ഹദീസുകൾ

വിശ്വപ്രസിദ്ധ ഹദീസ്ഗ്രന്ഥമായ സ്വഹീഹുൽബുഖാരിയുടെ ഏറ്റവും പ്രമുഖമായ വ്യാഖ്യാനമാണ് ഫത്ഹുൽബാരി. പ്രസ്തുത ഗ്രന്ഥത്തിന്റെ കർത്താവായ ഇബ്നുഹജറിൽ അസ്ഖലാനി(റ)വിനോട് നബിദിനാഘോഷത്തെക്കുറിച്ച് ചോദിച്ചപ്പോൾ 'നല്ല ആചാരമാണത്' എന്നാണ് മറുപടി നൽകിയത്. മഹാൻ പറഞ്ഞു: 'സ്ഥിരപ്പെട്ട ഒരു രേഖയുടെ അടിസ്ഥാനം നബിദിനോഘഷത്തിനുണ്ട്. നബി(സ) മദീനയിൽ വന്നശേഷം അവിടെയുള്ള ജൂതർ ആശൂറാദിവസം നോമ്പനുഷ്ഠിക്കുന്നതായി കണ്ടു. തിരുനബി(സ) കാരണമാരാഞ്ഞു. അവർ പറഞ്ഞു: 'ഫിർഔനിൽ നിന്ന് മൂസാനബി(അ)നെ അല്ലാഹു രക്ഷിച്ച ദിവസമായതുകൊണ്ട് നന്ദി പ്രകടനമായി ഞങ്ങൾ നോമ്പനുഷ്ഠിക്കുന്നു.' നബി(സ) അവർ പറഞ്ഞതംഗീകരിക്കുകയും ആശൂറാ നോമ്പെടുക്കുകയും ചെയ്തു. ശേഷം ഇബ്നുഹജർ(റ) പറയുന്നു: 'അല്ലാഹു നൽകിയ അനുഗ്രഹത്തിന്റെ പേരിൽ നന്ദി ചെയ്യണമെന്നും ആണ്ടുതോറും നന്ദി പ്രകടനം ആവർത്തിക്കപ്പെടണമെന്നും ഈ ഹദീസിൽ നിന്ന് ഗ്രഹിക്കാം. തിരുനബി(സ)യുടെ ജന്മത്തെക്കാൾ മികച്ച അനുഗ്രഹം മറ്റെന്തുണ്ട്.'

ഇബ്നുഹജറിൽ അസ്ഖലാനി പറഞ്ഞ രേഖ ഉദ്ധരിച്ച ശേഷം ഇമാം ബൈഹഖി നിവേദനം ചെയ്ത ഒരു ഹദീസ് കൂടി ഇമാം സുയൂഥി(റ) മറ്റൊരു രേഖയായി ഉദ്ധരിക്കുന്നു: അനസ്(റ) പറഞ്ഞു: 'നബി(സ) നുബുവ്വത്തിനു ശേഷം തനിക്കു വേണ്ടി അഖീഖത്തറുത്തു.' ഇമാം സുയൂഥി(റ) വിശദീകരിക്കുന്നു: 'ഹദീസിൽ പരാമർശിക്കപ്പെട്ട അഖീഖത് സാങ്കേതികാർത്ഥത്തിലല്ല. കാരണം, പിതാമഹൻ അബ്ദുൽമുത്വലിബ് തിരുനബിയുടെ ജനനത്തിന്റെ ഏഴാം ദിവസം അഖീഖയറുത്തിരുന്നു. അഖീഖത് ആവർത്തിക്കപ്പെടുന്നതല്ലല്ലോ. അതിനാൽ, നുബുവ്വത്തിനു ശേഷം നബി(സ) നടത്തിയ അറവ് അവിടുത്തെ ജന്മത്തിലുള്ള നന്ദി പ്രകാശനമായിരുന്നു. അതുകൊണ്ട്, ഒത്തുകൂടിയും ഭക്ഷണം നൽകിയും മറ്റു സൽക്കർമ്മങ്ങൾ ചെയ്തും തിരുജന്മത്തിൽ സന്തോഷിക്കൽ നമുക്ക് സുന്നത്താണ്.'

ഇമാം മുസ്‌ലിം നിവേദനം ചെയ്ത മറ്റൊരു ഹദീസ് നോക്കൂ. അബൂഖതാദ(റ) നിവേദനം:

തിങ്കളാഴ്ച നോമ്പിനെക്കുറിച്ച് നബി(സ)യോട് ഒരാൾ ചോദിച്ചപ്പോൾ 'ഞാൻ ജനിച്ച ദിനമാണത്' എന്നാണ് തിരുനബി(സ) പ്രതിവചിച്ചത്. ഓരോ ആഴ്ചയിലും നബി(സ)യുടെ ജന്മദിനമെന്ന നിലയിൽ നോമ്പനുഷ്ഠിക്കൽ നമുക്ക് സുന്നത്താണ്.

## മൗലിദാഘോഷത്തിന്റെ തുടക്കം


നബി(സ)യുടെ പേരിൽ സന്തോഷിക്കുക എന്നതാണ് മൗലിദാഘോഷത്തിന്റെ അടിസ്ഥാനം. സ്വഹാബികൾ പല രൂപത്തിൽ നബി(സ)യുടെ പേരിൽ സന്തോഷം പ്രകടിപ്പിച്ചിരുന്നു. തിരുവദനത്തിലേക്ക് നോക്കിയിരുന്ന് സന്തോഷിച്ചിരുന്നവരും അവിടുത്തെ അപദാനങ്ങൾ വർണിച്ച് പാടിയവരുമുണ്ട്. 'അങ്ങയെക്കാൾ ഭംഗിയുള്ള ഒരാളെയും എന്റെ കണ്ണ് കണ്ടിട്ടില്ല, അങ്ങയെക്കാൾ മനോഹരമായ ഒരു കുഞ്ഞിനും ഒരു മാതാവും ജന്മം നൽകിയിട്ടില്ല, സർവ്വ ന്യൂനതകളിൽ നിന്നും വിമുക്തരാണവിടുന്ന്, ആഗ്രഹിച്ച വിധം അങ്ങയെ അല്ലാഹു സൃഷ്ടിച്ചതുപോലുണ്ടല്ലോ...' ഹസ്സാനുബ്നുസാബിത്(റ)വിന്റെ അപദാനകാവ്യമാണിത്. അബ്ദുല്ലാഹിബ്നു റവാഹ, കഅ്ബുബ്നുസുഹൈർ തുടങ്ങി ഒരുപാട് സ്വഹാബികൾ അവിടുത്തെ വർണിച്ചു പാടിയിട്ടുണ്ട്. അതിന്നായി ഹസ്സാനുബ്നു സാബിത്(റ)വിനു വേണ്ടി മദീനാപള്ളിയിൽ ഒരു സവിശേഷ മിമ്പർ ഒരുക്കിയിരുന്നു. മക്കയിൽ നിന്ന് മദീനയിലേക്കുള്ള തിരുനബി(സ)യുടെ ആഗമനത്തിൽ ആഹ്ലാദിച്ച് മദീനാനിവാസികൾ 'ത്വലഅൽബദ്റു' ചൊല്ലി സ്വീകരിച്ച സംഭവം സുവിദിതമാണ്.

സ്വഹാബത്ത് മാതൃക കാണിച്ചു തന്ന ഈ സന്തോഷപ്രകടനം തിരുജന്മത്തിന്റെ മാസമായ റബീഉൽഅവ്വൽ മാസത്തിൽ പൊതുവായും തിരുജന്മദിവസത്തിൽ വിശേഷിച്ചും പ്രത്യേകം നിർവ്വഹിക്കുന്നത് നൂറ്റാണ്ടുകളായി മുസ്‌ലിം സമുദായത്തിന്റെ ചര്യയാണ്. ഇമാം ഖസ്ത്വല്ലാനി പറയുന്നു: 'മുസ്‌ലിംകൾ കാലങ്ങളായി നബിജന്മമാസം ആഘോഷിച്ചുകൊണ്ടിരിക്കുന്നു, സദ്യയൊരുക്കി സൽക്കരിക്കുന്നു, ദാനധർമ്മങ്ങൾ ചെയ്യുന്നു, സൽകർമങ്ങൾ വർധിപ്പിക്കുന്നു, സന്തോഷം പ്രകടിപ്പിക്കുന്നു, മൗലിദ് പാരായണം ചെയ്യുന്നു.' (അൽമവാഹിബുല്ലദുന്നിയ്യ വാള്യം 1, പേജ് 28)

ഇമാം സുയൂഥി(റ) പറയുന്നു: 'ഇർബൽ ഭരിച്ചിരുന്ന മുളഫ്ഫർ രാജാവാണ് ഈ ആഘോഷങ്ങളുടെ തുടക്കം കുറിച്ചത്.' ലക്ഷക്കണക്കിന് ദിനാറുകൾ ചെലവഴിച്ചുകൊണ്ടായിരുന്നു അദ്ദേഹം ആഘോഷം സംഘടിപ്പിച്ചിരുന്നത്. ദൈവഭക്തിയും ഐഹികവിരക്തിയുമുള്ള പണ്ഡിതൻ കൂടിയായിരുന്നു മുളഫ്ഫർ രാജാവ്. അഞ്ചുദിർഹം പോലും വിലയില്ലാത്ത പരുക്കൻ വസ്ത്രമായിരുന്നു അദ്ദേഹം ധരിച്ചിരുന്നത്. അക്കാലഘട്ടത്തിലെ പ്രമുഖ പണ്ഡിതരിലൊരാളായ അബുൽഖത്താബ് ഇബ്നുദിഹ്‌യ ആ മൗലിദ് മജ്‌ലിസിൽ പങ്കെടുക്കുകയും 'അത്തൻവീർ ഫീ മൗലിദിൽബശീരിന്നദീർ' എന്ന ഒരു മൗലിദ് ഗ്രന്ഥം രാജാവിനു വേണ്ടി രചിക്കുകയും ചെയ്തു.' (അൽഹാവി)

ഇമാം നവവി(റ)വിന്റെ ഉസ്

തിരുവദനത്തിലേക്ക് നോക്കിയിരുന്ന് സന്തോഷിച്ചവരും അവിടുത്തെ അപദാനങ്ങൾ വർണിച്ച് പാടിയവരുമുണ്ട്. 'അങ്ങയെക്കാൾ ഭംഗിയുള്ള ഒരാളെയും എന്റെ കണ്ണ് കണ്ടിട്ടില്ല, അങ്ങയെക്കാൾ മനോഹരമായ ഒരു കുഞ്ഞിനും ഒരു മാതാവും ജന്മം നൽകിയിട്ടില്ല, സർവ്വ ന്യൂനതകളിൽ നിന്നും വിമുക്തരാണവിടുന്ന്, ആഗ്രഹിച്ച വിധം അങ്ങയെ അല്ലാഹു സൃഷ്ടിച്ചതുപോലുണ്ടല്ലോ...' ഹസ്സാനുബ്നു സാബിത്(റ)വിന്റെ അപദാനകാവ്യമാണിത്.



താദായ അബൂശാമ(റ) (വഫാത്: ഹി 665) പുത്തനാചാരങ്ങളെ എതിർക്കാൻ വേണ്ടി രചിച്ച 'അൽബാഇസ്' എന്ന ഗ്രന്ഥത്തിൽ മുളഫ്ഫർ രാജാവ് തുടങ്ങിയ ഈ ആഘോഷത്തെ ഇങ്ങനെ പ്രശംസിക്കുന്നതായി കാണാം. 'ഇർബൽപട്ടണത്തിൽ നബിജന്മദിനത്തിൽ ആണ്ടുതോറും നടക്കുന്ന ആഘോഷം നമ്മുടെ കാലത്ത് ആരംഭിച്ച നല്ല ചര്യകളിൽ പെട്ടതാണ്. ദരിദ്രർക്ക് ഗുണം ചെയ്യുന്നതോടൊപ്പം തിരുനബി(സ)യോടുള്ള സ്നേഹവും ആദരവും പ്രകടിപ്പിക്കൽ കൂടിയാണത്. ലോകാനുഗ്രഹിയായ നബി(സ)യെ നമുക്ക് നൽകിയതിലുള്ള നന്ദി പ്രകാശനം കൂടിയാണ് ആ ആഘോഷം.' (അൽബാഇസ് 1/23)

## മുൻഗാമികളുടെ നിലപാട്

തിരുദൂതരോടൊരിക്കൽ അനുചരർ ചോദിച്ചു: 'വ്യക്തമായ കൽപനയോ നിരോധനമോ ഇല്ലാത്ത കാര്യങ്ങൾ ഞങ്ങൾക്കിടയിൽ പുതുതായുണ്ടാവുമ്പോൾ ഞങ്ങളെന്തു ചെയ്യണം നബിയേ?' ഫുഖഹാഇനോട് (വിവരസ്ഥരോട്) ചോദിക്കാനാണ് നബി(സ) അവർക്ക് മാർഗ്ഗനിർദ്ദേശം നൽകിയത്. (മജ്മഉസവാഇദ് 10/178) വിശ്വാസികളുടെ ജീവിതത്തിൽ പണ്ഡിതന്മാരുടെ അഭിപ്രായങ്ങൾക്കുള്ള പ്രധാന്യം എത്രയാണെന്ന് ഈ ഹദീസ് പഠിപ്പിക്കുന്നു. നബിദിനാഘോഷത്തെക്കുറിച്ച് ഇമാം ഇബ്നുഹജറിൽ അസ്ഖലാനി(റ)വും ഇമാം സുയൂഥി(റ)വും ഇമാം അബൂശാമയും ഇമാം ഖസ്തല്ലാനിയും പ്രോത്സാഹിപ്പിച്ച് സംസാരിച്ചത് നാം നേരത്തെ വായിച്ചല്ലോ. മറ്റു ചില പണ്ഡിതന്മാരുടെ അഭിപ്രായങ്ങൾ കൂടി വായിക്കാം.

ഇമാം ശംസുദ്ദീനുസ്സഖാവി(റ) പറയുന്നു: 'വിശ്വാസികൾ സന്തോഷിക്കുകയും പിശാച് നിരാശപ്പെടുകയും ചെയ്യുന്നുവെന്നതു മാത്രം മതി മൗലിദാഘോഷത്തിന്റെ മഹത്വമായി കണക്കാക്കാൻ. ക്രിസ്ത്യാനികൾ അവരുടെ പ്രവാചകന്റെ ജന്മത്തിൽ സന്തോഷിക്കുന്നുണ്ടെങ്കിൽ നാം മുസ്‌ലിംകൾ ഉറപ്പായും നമ്മുടെ നബിയുടെ ജന്മത്തിൽ സന്തോഷിക്കണം. ഈ അനുഗൃഹീത മാസത്തിന്റെ രാപകലുകളെ ആഘോഷമാക്കുന്നവർക്ക് അല്ലാഹു കരുണ ചൊരിയട്ടെ.' (താരീഖുൽ ഇഹ്തിഫാൽ 114)

മാലികി മദ്ഹബിൽ പെട്ട ഇബ്നുൽഹാജ്(റ) (വഫാത് - ഹി 773) പറയുന്നു: 'അല്ലാഹു തിരുനബി(സ)യെന്ന അത്യുന്നതമായ അനുഗ്രഹത്തെ നമുക്ക് നൽകിയതിനുള്ള നന്ദി പ്രകടനമായി റബീഉൽഅവ്വലിൽ കൂടുതൽ സൽകർമ്മങ്ങൾ നാം ചെയ്യേണ്ടതുണ്ട്. മറ്റു മാസങ്ങളെക്കാൾ റബീഉൽഅവ്വലിൽ നബി(സ) പ്രത്യേകം ആരാധനകൾ ചെയ്യാതിരുന്നത് ഈ സമുദായത്തോടുള്ള അവിടുത്തെ കാരുണ്യം കൊണ്ടാണ്. അഥവാ, ഉമ്മത്തിനത് നിർബന്ധമായേക്കുമോ എന്ന ആശങ്ക കാരണം നബി(സ) ചില കാര്യങ്ങൾ ഉപേക്ഷിച്ചിട്ടുണ്ട്. എങ്കിലും, തിങ്കളാഴ്ചനോമ്പിന്റെ കാരണം എന്റെ ജന്മദിനമായതാണെന്നു സൂചിപ്പിച്ച അവിടുത്തെ ഹദീസ് ജന്മദിനത്തിന്റെ മഹത്വത്തിലേക്കും ജന്മമാസത്തിന്റെ മഹത്വത്തിലേക്കും സൂചന നൽകുന്നു. അതിനാൽ ഈ മാസത്തെ വേണ്ടവിധം ആദരിക്കേണ്ടതുണ്ട്.' (മദ്ഖൽ 2/3)

ഇമാം സുയൂഥി(റ) ഉദ്ധരിക്കുന്നു: ഹാഫിള് ശംസുദ്ദീൻ അൽജസരി പറഞ്ഞു: 'പരിശുദ്ധ ഖുർആനിൽ അഭിശപ്തനെന്ന് പ്രഖ്യാപിക്കപ്പെട്ട അബൂലഹബിന് നബി(സ)യുടെ ജന്മദിനത്തിൽ സന്തോഷിച്ച കാരണത്താൽ ഖബർശിക്ഷ തിങ്കളാഴ്ച ദിവസം ലഘൂകരിക്കപ്പെടുന്നു. എന്നാൽ, നബി(സ)യുടെ ജന്മത്തിൽ സന്തോഷിക്കുകയും കഴിവനുസരിച്ച് ആ സ്നേഹത്തിലായി ചെലവഴിക്കുകയും ചെയ്യുന്ന വിശ്വാസിക്ക് സ്വർഗ്ഗം ലഭിക്കാതിരിക്കുമോ?' (അൽഹാവി ലിൽ ഫതാവാ)

ശാഫിഈ കർമ്മശാസ്ത്ര ഗ്രന്ഥങ്ങളിൽ പ്രമുഖമായ തുഹ്ഫതുൽമുഹ്താജിന്റെ രചയിതാവ് അല്ലാമ ഇബ്നുഹജറിൽ ഹൈതമി(റ), അബ്ദുൽഹമീദ് ശർവാനി(റ), സയ്യിദ് ബക്‌രി(റ), നാസിറുദ്ദീനുദ്ദിമശ്ഖി(റ) തുടങ്ങി മൗലിദാഘോഷത്തെ പിന്തുണച്ചവരുടെ നിര നീണ്ടതാണ്.

നബി(സ) ജനിച്ച ദിവസത്തെക്കുറിച്ചും വഫാതായ ദിവസത്തെക്കുറിച്ചും ചില്ലറ അഭിപ്രായ വ്യത്യാസങ്ങളുണ്ട്. റബീഉൽ 12നാണ് ജനനവും വഫാതും നടന്നതെന്നാണ് പ്രസിദ്ധം. അനുഗ്രഹങ്ങളിൽ നന്ദി പ്രകടിപ്പിക്കാനും ആപത്തുകളിൽ ക്ഷമിക്കാനുമാണ് തിരുനബി(സ)യുടെ അദ്ധ്യാപനം. അതുകൊണ്ടാണ് വിശ്വാസികൾ റബീഉൽഅവ്വൽ പന്ത്രണ്ടിന് വഫാതെന്ന ആപത്തിൽ ക്ഷമിക്കുന്നതും, തിരുജന്മമെന്ന അനുഗ്രഹത്തിന് നന്ദി പ്രകാശിപ്പിക്കുന്നതും.

ഇമാം സുയൂഥി(റ) ഉദ്ധരിക്കുന്നു: ഹാഫിള് ശംസുദ്ദീൻ അൽജസരി പറഞ്ഞു: 'പരിശുദ്ധഖുർആനിൽ അഭിശപ്തനെന്ന് പ്രഖ്യാപിക്കപ്പെട്ട അബൂലഹബിന് നബി(സ)യുടെ ജന്മദിനത്തിൽ സന്തോഷിച്ച കാരണത്താൽ ഖബർശിക്ഷ തിങ്കളാഴ്ച ദിവസം ലഘൂകരിക്കപ്പെടുന്നു. എന്നാൽ, നബി(സ)യുടെ ജന്മത്തിൽ സന്തോഷിക്കുകയും കഴിവനുസരിച്ച് ആ സ്നേഹത്തിലായി ചെലവഴിക്കുകയും ചെയ്യുന്ന വിശ്വാസിക്ക് സ്വർഗ്ഗം ലഭിക്കാതിരിക്കുമോ?'

കവർസ്റ്റോറി

സിയാദ് സഖാഫി പാറന്നൂർ

# പ്രണയം, പരിശുദ്ധിയിൽനിന്ന് കുറ്റകൃത്യത്തിലേക്ക്

പ്രണയം ഒരു വികാരമാണ്. മനസ്സാണതിന്റെ ഉറവിടം. പ്രേമം അനുവദനീയമായ രൂപത്തിലാകുമ്പോൾ സ്തുത്യർഹവും നിഷിദ്ധമായ രൂപത്തിലാകുമ്പോൾ അപകടകരവുമാണ്. ഒരാളോടുള്ള സ്നേഹം അദ്ദേഹത്തെ അനുകരിക്കാൻ പ്രേരിപ്പിക്കും. അതിനാൽ, പലകാര്യങ്ങൾ കൊണ്ടും സ്നേഹിക്കപ്പെടേണ്ടവരെ അല്ലാഹുവിന്റെ മാർഗത്തിൽ സ്നേഹിക്കുമ്പോൾ അത് പ്രതിഫലാർഹമാണ്. ഇസ്‌ലാം പഠിപ്പിക്കുന്ന സ്നേഹം പരിശുദ്ധവും പുണ്യകരവുമാണ്. അത് അനുവദനീയമായ മാർഗത്തിലുള്ളതും അല്ലാഹുവിന്റെ പ്രീതി മാത്രം കാംക്ഷിച്ചുകൊണ്ടുള്ളതുമായിരിക്കണം.

സ്നേഹവും പ്രണയവും പ്രേമവുമെല്ലാം നമ്മെ ആകർഷിക്കുന്ന എന്തിനോടും, ആരോടും തോന്നാവുന്ന ഒരു മാനസികവികാരമാണ്. മാതാപിതാക്കളോടും ഗുരുനാഥന്മാരോടും സഹജീവികളോടും പ്രകൃതിയോടും രാജ്യത്തോടുമെല്ലാം സ്നേഹമുണ്ടാവാം. സ്നേഹം പൂർണ്ണമായി നിർവചിക്കാൻ കഴിയില്ല. വൈകാരികമായ ആകർഷണങ്ങൾക്കനുസരിച്ച് അത് പ്രണയം, പ്രേമം എന്നിങ്ങനെയായി മാറാം.

## സ്നേഹം ഇസ്‌ലാമിൽ

പരസ്പര സ്നേഹം ഈമാനിന്റെയും ഈമാൻ സ്വർഗ്ഗപ്രവേശത്തിന്റെയും നിദാനമാണ്. മുസ്‌ലിംകൾ പരസ്പരം കാണുമ്പോൾ അർപ്പിക്കുന്ന അഭിവാദ്യവചനമായ സലാം പറയൽ പരസ്പര സ്നേഹം വർദ്ധിക്കാൻ സഹായിക്കും. അബൂഹുറയ്റ(റ) നിവേദനം: നബി(സ) പറയുന്നു: 'സത്യവിശ്വാസികളാവാതെ നിങ്ങൾക്ക് സ്വർഗ്ഗത്തിൽ പ്രവേശിക്കാൻ കഴിയില്ല. പരസ്പരം സ്നേഹിക്കുന്നതുവരെ നിങ്ങൾ വിശ്വാസികളാവുകയുമില്ല. പരസ്പരം സ്നേഹമുള്ളവരാവാൻ ഒരു കാര്യം നിങ്ങൾക്കു ഞാൻ പറഞ്ഞുതരാം: 'സലാം പറയൽ വർധിപ്പിക്കുക.' (മുസ്‌ലിം 54) ഇമാം അഹ്മദുബ്നുഹമ്പൽ(റ) പറയുന്നു: 'അല്ലാഹുവിന്റെ മാർഗത്തിൽ സ്നേഹിക്കുകയും വെറുക്കുകയും ചെയ്യുന്നത് ഈമാനിന്റെ ഏറ്റവും ശ്രേഷ്ഠമായ ഘടകങ്ങളിലൊന്നാണ്.' (ത്വബഖാത്തുൽ ഹനാബില 2/275)

സ്നേഹിക്കുന്നതും വെറുക്കുന്നതും അല്ലാഹുവിന്റെ പ്രീതിയും പൊരുത്തവും ഉദ്ദേശിച്ചുകൊണ്ടാവണമെന്ന് ഈ ഹദീസ് നമ്മെ ബോധ്യപ്പെടുത്തുന്നു. അങ്ങനെ സ്നേഹിക്കുന്നവർക്ക് അർശിന്റെ തണൽ ലഭിക്കുമെന്ന് നബി(സ) പഠിപ്പിച്ചിട്ടുണ്ട്. അല്ലാഹുവിന്റെ സ്നേഹം



ലഭിക്കാൻ ഇത് കാരണമാവുകയും ചെയ്യും. ഇമാം മാലിക്(റ) മുവത്വയിൽ ഉദ്ധരിച്ച ഒരു ഖുദ്സിയ്യായ ഹദീസിൽ കാണാം. അല്ലാഹു പറയുന്നു: 'എനിക്കുവേണ്ടി പരസ്പരം സ്നേഹിക്കുന്നവർക്കും, കൂടിയിരിക്കുന്നവർക്കും സന്ദർശനം നടത്തുന്നവർക്കും ചെലവഴിക്കുന്നവർക്കും എന്റെ സ്നേഹം നിർബന്ധമായി.'

## പ്രണയത്തിന്റെ അളവുകോൽ

ഊഷ്മളവും കെട്ടുറപ്പുള്ളതുമായ ബന്ധത്തിന് ആത്മാർത്ഥ സ്നേഹവും പ്രണയവും ഉണ്ടായിരിക്കണം. എന്നാൽ, പ്രണയം എപ്പോൾ, ആരോടെല്ലാം, ഏതെല്ലാം വിധത്തിൽ എന്നതിനെ അടിസ്ഥാനപ്പെടുത്തി മനസ്സിലാക്കുമ്പോഴാണ് അനുവദനീയമായതും അല്ലാത്തതും വേർത്തിരിച്ചറിയാൻ കഴിയുക. വിവാഹത്തിനു മുമ്പ് ഒരാൾക്ക് എതിർലിംഗത്തിൽപ്പെട്ട മറ്റൊരാളോട് തോന്നുന്ന സ്നേഹം മതപരമായും സാമൂഹികമായും അപകടകരമാണ്. ഇന്ന് കാണുന്ന പ്രണയങ്ങളിൽ ഭൂരിഭാഗവും ഇങ്ങനെയുള്ള വിവാഹപൂർവ്വ പ്രണയബന്ധങ്ങളാണ്.

ലൈംഗികാഭിനിവേശം (Lust), ആകർഷണം (Attraction), ശാരീരികബന്ധം (Attachment) എന്നിങ്ങനെ മൂന്നു ഘട്ടങ്ങളാണ് പ്രണയത്തിനുള്ളത്. എതിർലിംഗത്തോടുള്ള ലൈംഗികാകർഷണം മനുഷ്യരിലെ പൊതുസ്വഭാവമാണ്. ആണിന് പെൺശരീരത്തോടു തോന്നുന്ന സ്വാഭാവികമായ ലൈംഗിക താൽപര്യം. ലൈംഗികതയെ ഉത്തേജിപ്പിക്കുന്ന ടെസ്റ്റോസ്റ്റിറോൺ എന്ന ഹോർമോൺ ഈ ഘട്ടത്തിൽ പുരുഷശരീരത്തിൽ ഉത്പാദിപ്പിക്കപ്പെടുന്നു. എങ്ങനെയെങ്കിലും അവളെ സ്വന്തമാക്കണമെന്ന ആഗ്രഹം ഇത് അവനിൽ ജനിപ്പിക്കും. അതിനുള്ള പ്രയത്നങ്ങളാണ് പിന്നീടുണ്ടാവുക. പിറകെ നടന്നും ആകർഷിപ്പിക്കുന്ന വാക്കുകളിലൂടെയും പ്രവർത്തനങ്ങളിലൂടെയും പ്രലോഭിപ്പിച്ചും ഇതിന് ശ്രമിച്ചുകൊണ്ടിരിക്കും. ഇത് അവളുടെ ശരീരം ലഭിക്കാനുള്ള കേവലാഭിനയം മാത്രമാണ്. പെണ്ണിന് ആണിനോട് ഇങ്ങനെയുള്ള താത്പര്യം തോന്നുന്നത് അപൂർവ്വമാണ് താനും.

ഈ അഭിനയത്തോട് സ്ത്രീ അനുകൂലമായി പ്രതികരിക്കുമ്പോഴാണ് രണ്ടാംഘട്ടമായ ആകർഷണം (Attraction) ആരംഭിക്കുക. ഈ സമയത്ത് ഇരുവരും പ്രണയത്തിന്റെ മൂർദ്ധന്യാവസ്ഥയിലെത്തും. ശരീരത്തിൽ ധാരാളമായി ഡോപമിൻ ഹോർമോൺ ഉത്പാദിപ്പിക്കപ്പെടും. അമിതമായ ഡോപമിൻ ഉത്പാദനം കമിതാക്കളിൽ ഭക്ഷണത്തിനോടും ഉറക്കിനോടും മറ്റു സൗഹൃദബന്ധങ്ങളോടുമുള്ള താല്പര്യം കുറയ്ക്കും. ശ്രദ്ധ മുഴുവൻ കാമുകനിൽ/കാമുകിയിൽ കേന്ദ്രീകരിക്കപ്പെടും. അവരിൽ നിന്നുണ്ടാവുന്ന കുറ്റങ്ങൾ കാണാൻ കഴിയാതാവുകയും നന്മകൾ വലുതായിക്കാണാൻ സാധിക്കുകയും ചെയ്യും. ഒരിക്കലും പൊരുത്തപ്പെടാത്ത ബന്ധമാണെങ്കിലും ഭാവിയിൽ അതുണ്ടാക്കിയേക്കാവുന്ന അപകടങ്ങൾ തിരിച്ചറിയാൻ ഈ ഘട്ടത്തിൽ അവർക്കു കഴിയില്ല. നന്മ ഉപദേശിക്കുന്നവരോട് ദേഷ്യമായിരിക്കും. തന്റെ പ്രേമഭാജനത്തെക്കുറിച്ച് ആരെങ്കിലും ന്യൂനത പറഞ്ഞാൽ ക്ഷുഭിതരാകും. മാതാപിതാക്കളെയും ഗുരുനാഥന്മാരെയും മതനിയമങ്ങളെയും ധിക്കരിക്കാനുള്ള ധൈര്യം ഈ മാനസികാവസ്ഥയിൽ അവർക്കുണ്ടാകും. ഒരുമിച്ചുജീവിക്കാൻ കഴിഞ്ഞില്ലെങ്കിൽ ഒരുമിച്ചു മരിക്കാം എന്ന ചിന്തയിൽ വരെ അവർ എത്തിച്ചേരും.

പ്രണയത്തിന്റെ അവസാന ഘട്ടമായ ശാരീരികബന്ധത്തിലേക്കാണ് പിന്നീടവർ എത്തിച്ചേരുക. ആഗ്രഹിച്ചതെല്ലാം നേടിയെടുത്തുവെന്ന ഒരു ചിന്ത ഈ ഘട്ടത്തിൽ അവർക്കുണ്ടാകും. ഡോപ്പമിൻ ഉത്പാദനത്തിന്റ അളവ് ക്രമാതീതമായി കുറയും. പകരം, ഓക്സിടോസിൻ,



ഊഷ്മളവും കെട്ടുറപ്പുള്ളതുമായ ബന്ധത്തിന് ആത്മാർത്ഥ സ്നേഹവും പ്രണയവും ഉണ്ടായിരിക്കണം. എന്നാൽ, പ്രണയം എപ്പോൾ, ആരോടെല്ലാം, ഏതെല്ലാം വിധത്തിൽ എന്നതിനെ അടിസ്ഥാനപ്പെടുത്തി മനസ്സിലാക്കുമ്പോഴാണ് അനുവദനീയമായതും അല്ലാത്തതും വേർത്തിരിച്ചറിയാൻ കഴിയുക. വിവാഹത്തിനു മുമ്പ് ഒരാൾക്ക് എതിർലിംഗത്തിൽപ്പെട്ട മറ്റൊരാളോട് തോന്നുന്ന സ്നേഹം മതപരമായും സാമൂഹികമായും അപകടകരമാണ്.

**പ്രേമവിവാഹങ്ങളും ഒളിച്ചോട്ടവും വർധിക്കുന്ന സാഹചര്യത്തിൽ പെൺകുട്ടികളെ ധാർമികമായി ബോധവത്കരിക്കൽ അനിവാര്യമാണ്. സ്നേഹം നടിച്ച് പിറകെ കൂടുന്ന കാമുകന്മാർ വെറും അഭിനേതാക്കൾ മാത്രമാണെന്ന യാഥാർത്ഥ്യബോധം അവർക്കുണ്ടാകണം. മാതാപിതാക്കളെയും ഗുരുനാഥന്മാരെയും അവഗണിച്ചും അവരുടെ അതൃപ്തി സമ്പാദിച്ചുമുള്ള പ്രണയബന്ധങ്ങൾക്ക് കൂടുതൽ ആയുസ്സുണ്ടാവാറില്ലെന്നതാണ് അനുഭവങ്ങൾ.**



വാസോപ്രസിൻ തുടങ്ങിയ ഹോർമോണുകളാണ് അവരിൽ ഉത്പാദിപ്പിക്കപ്പെടുക. ഡോപ്പമിൻ അളവ് കുറയുന്നതോടെ നേരത്തെ ഉണ്ടായിരുന്ന പ്രണയതീവ്രത നഷ്ടപ്പെടുകയും അന്ധത നീങ്ങുകയും ചെയ്യും. പങ്കാളിയുടെ കുറ്റങ്ങളും കുറവുകളും കാണാനും അറിയാനും തുടങ്ങും. അപ്പോഴാണ് ദാമ്പത്യജീവിതത്തിൽ പ്രശ്നങ്ങൾ തല പൊക്കിത്തുടങ്ങുക. വിവാഹത്തിനു മുമ്പ് തീവ്രപ്രണയത്തിലായിരുന്നവരിൽ വിവാഹശേഷം ദാമ്പത്യപ്രശ്നങ്ങൾ ആപേക്ഷികമായി വർധിക്കാനുള്ള കാരണം ഇതാണ്.

പ്രേമവിവാഹങ്ങളും ഒളിച്ചോട്ടവും വർധിക്കുന്ന സാഹചര്യത്തിൽ പെൺകുട്ടികളെ ധാർമികമായി ബോധവത്കരിക്കൽ അനിവാര്യമാണ്. സ്നേഹം നടിച്ച് പിറകെ കൂടുന്ന കാമുകന്മാർ വെറും അഭിനേതാക്കൾ മാത്രമാണെന്ന യാഥാർത്ഥ്യബോധം അവർക്കുണ്ടാകണം. മാതാപിതാക്കളെയും ഗുരുനാഥന്മാരെയും അവഗണിച്ചും അവരുടെ അതൃപ്തി സമ്പാദിച്ചുമുള്ള പ്രണയബന്ധങ്ങൾക്ക് കൂടുതൽ ആയുസ്സുണ്ടാവാറില്ലെന്നതാണ് അനുഭവങ്ങൾ. പ്രണയബന്ധം വിവാഹമോചനത്തിൽ കലാശിച്ചവരുടെയും നിർവാഹമില്ലാത്തതിനാൽ സഹിച്ചും ക്ഷമിച്ചും ജീവിതം തള്ളിനീക്കുന്നവരുടെയും ജീവിതം പുതിയകാലത്തെ കാമുകീകാമുകൻമാർക്ക് വലിയ പാഠമാണ്.

## പ്രണയവിവാഹം ആവാമോ?

പ്രണയത്തെ സംബന്ധിച്ചുള്ള മനഃശാസ്ത്ര സംബന്ധമായ വിലയിരുത്തലുകളിൽ ബോധ്യപ്പെടുന്ന പ്രധാനകാര്യങ്ങൾ ചുവടെ വായിക്കാം:

1. അവിശുദ്ധ പ്രണയത്തിന്റെ ആരംഭം തന്നെ ഹറാമായ ചിന്തയിൽ നിന്നാണ്.

2. അവിശുദ്ധ പ്രണയം ഇസ്ലാം നിഷിദ്ധമാക്കിയ അന്യസ്ത്രീ ദർശനം, സംസാരം, അന്യസ്ത്രീയോടൊത്ത് തനിച്ചിരിക്കൽ, വൈകാരികമായ ആസ്വാദനങ്ങൾ എന്നിവയിലേക്ക് നയിക്കുന്നു.

3. വിവാഹപൂർവ്വ പ്രണയത്തിലൂടെ ഉണ്ടാകുന്ന ദാമ്പത്യജീവിതം മറ്റു ദാമ്പത്യജീവിതത്തെ അപേക്ഷിച്ച് പ്രശ്നകലുഷിതമാണ്. ഇത്തരക്കാർക്കിടയിൽ വിവാഹമോചനസാധ്യതയും വളരെ കൂടുതലാണ്.

4. പ്രണയാന്ധത മാതാപിതാക്കളെയും മറ്റു ഗുണകാംക്ഷികളെയും ധിക്കരിക്കാൻ പ്രേരിപ്പിക്കുന്നു.

5. ഇസ്ലാം മുന്നോട്ടുവയ്ക്കുന്ന കഫാഅത്ത് (യോജിപ്പ്,

തുല്യത) ഭർത്താക്കന്മാരെ തെരഞ്ഞെടുക്കുമ്പോൾ ഇല്ലെങ്കിൽ ബന്ധങ്ങൾ ശിഥിലമാവുകയും സന്തോഷകരമായ കുടുംബജീവിതം സ്വപ്നമായി മാറുകയും ചെയ്യും.

ചുരുക്കത്തിൽ വിവാഹപൂർവ്വ പ്രണയവും വിവാഹേതര പ്രണയവും ഇസ്‌ലാം നിഷിദ്ധമാക്കിയിട്ടുണ്ട്. ഒരു പുതിയ ജീവിതത്തിന്റെ തുടക്കമായതിനാൽ വിവാഹം സമചിത്തതയോടെ ആലോചിച്ച്, വധൂവരന്മാർക്കിടയിലെ യോജിപ്പ് പരിഗണിച്ച്, ധാർമികമായി ശ്രദ്ധാപൂർവ്വം ചെയ്യേണ്ട കാര്യമാണ്. മനുഷ്യപരമ്പര നിലനിർത്തുന്ന ലൈംഗികത ഹലാലായ ബന്ധത്തിൽ നിന്നുള്ളതായിരിക്കണം. എങ്കിൽ മാത്രമേ അതിൽ പിറക്കുന്ന മക്കൾ നല്ലവരാവുകയുള്ളൂ. വിവാഹശേഷം ദമ്പതികൾ പരസ്പരം ആത്മാർത്ഥമായി പ്രണയിക്കണം. വിട്ടുവീഴ്ച ചെയ്തും പ്രശ്നങ്ങളെ ഒരുമിച്ച് നേരിട്ടും സന്തോഷകരവും ആനന്ദകരവുമായ ജീവിതം നയിക്കാൻ കഴിയും.

ഹൃദയത്തിന്റെ വികാരങ്ങളിലൊന്നാണല്ലോ സ്നേഹം. വിവാഹം കഴിക്കാൻ ഉദ്ദേശിക്കുന്നവർക്ക് എതിർലിംഗത്തിൽ പെട്ടവരോട് മനസ്സിൽ സ്നേഹമുണ്ടാവുകയും വിവാഹത്തിനു മുമ്പ് ഇസ്‌ലാം നിർദ്ദേശിച്ച വിധം വിവാഹാലോചനയും പെണ്ണുകാണലും അനുബന്ധങ്ങളുമെല്ലാം നടത്തുകയും ചെയ്ത് സ്നേഹിച്ചവരെ തന്നെ വധുവായി സ്വീകരിക്കുകയെന്നത് മേൽപറഞ്ഞ ഗണത്തിൽപ്പെടുന്നതല്ല. ഹറാമായ പ്രവർത്തനങ്ങളൊന്നും വരുന്നില്ലെങ്കിൽ ഇത് നിഷിദ്ധമാണെന്ന് പറയാൻ കഴിയില്ല. ഇത്തരം സംഭവങ്ങൾ ഇസ്‌ലാമിക ചരിത്രത്തിൽ കാണാം. ശുഐബ് നബി(അ)ന്റെ മകൾക്ക് മൂസാനബി(അ)നോട് തോന്നിയ അനുരാഗവും ശേഷം നടന്ന ചരിത്രസംഭവങ്ങളുമെല്ലാം ഈ രൂപത്തിൽ വായിക്കപ്പെടേണ്ടതാണ്. തഖ്‌വയും പാതിവ്രത്യവും പാലിച്ചുള്ള പ്രണയവും അത്തരം പ്രണയത്തിലൂടെയുണ്ടാവുന്ന വിവാഹങ്ങളും എതിർക്കപ്പെടേണ്ടതല്ല. ഇതിനെ സംബന്ധിച്ചാണ് നബി(സ) നിർദ്ദേശിച്ചത്: 'പരസ്പരം സ്നേഹബദ്ധരായവർക്ക് വിവാഹമല്ലാതെ മറ്റു മാർഗ്ഗമില്ല.' (ഇബ്നുമാജ)

## മതബോധം മുഖ്യം

വിവാഹം കഴിക്കാൻ ഉദ്ദേശിക്കുന്ന സ്ത്രീയുടെ ഗുണങ്ങളിൽ മതപ്രതിബദ്ധതക്കാണ് മുൻഗണന കൊടുക്കേണ്ടത്. മറ്റു ഗുണങ്ങളെക്കാൾ മതബോധം പരിഗണിച്ച് വിവാഹം ചെയ്താൽ സമാധാനപൂർണ്ണമായ കുടുംബജീവിതം നയിക്കാനും നല്ല മക്കളുണ്ടാവാനും കാരണമാകും. സൗന്ദര്യവും സമ്പത്തും തറവാടും പരിഗണിക്കുന്നതിനെക്കാൾ പ്രാധാന്യം മതബോധം പരിഗണിക്കുന്നതിനുണ്ടെന്നർത്ഥം. നബി(സ) പറയുന്നു: 'നാലു കാര്യങ്ങൾ പരിഗണിച്ചാണ് സ്ത്രീകളെ വിവാഹം കഴിക്കാറുള്ളത്. സമ്പത്ത്, തറവാട്, സൗന്ദര്യം, ദീൻ (മതപ്രതിബദ്ധത) എന്നിവയാണവ. മതബോധമുള്ളവരെ തെരഞ്ഞെടുക്കാൻ ശ്രമിക്കുക.' (ബുഖാരി, മുസ്‌ലിം.) ഇസ്‌ലാം മുന്നോട്ടുവെക്കുന്ന യുക്തിഭദ്രവും ധാർമികവുമായ മാനദണ്ഡങ്ങൾ അംഗീകരിക്കാതിരിക്കുമ്പോഴാണ് പ്രശ്നങ്ങൾ ഉടലെടുക്കുന്നത്.

വിവാഹത്തിന്റെ ഏറ്റവും പരമപ്രധാനമായ ഉദ്ദേശ്യം നല്ലൊരു തലമുറയുടെ സൃഷ്ടിപ്പാണ്. അതിന് പതിവ്രതയായ സ്ത്രീയെയായിരിക്കണം ഭാര്യയായി തെരഞ്ഞെടുക്കുന്നത്. 'ബീജങ്ങൾ നിക്ഷേപിക്കാൻ വേണ്ടി നിങ്ങൾ നല്ലവരെ തിരഞ്ഞെടുക്കുക' എന്ന ഹദീസ് പ്രസിദ്ധമാണല്ലോ. വിവാഹത്തിനു മുമ്പ് ഹറാമായ സംസാരങ്ങളിലും സല്ലാപങ്ങളിലും ഏർപ്പെടാൻ മടികാണിക്കാത്ത സ്ത്രീ എങ്ങനെയാണ് പതിവ്രതയാകുന്നത്!

## വ്യഭിചാരം മഹാപാപം

വിവാഹപൂർവ്വ ബന്ധത്തിലൂടെയും ലിവിങ് ടുഗദറിലൂടെയും വ്യഭിചാരമെന്ന വൻദോഷം ചെയ്യരുത്. ഇസ്‌ലാം കഠിനമായി വിലക്കിയ ഏഴ് വൻദോഷങ്ങളിലൊന്നാണ് വ്യഭിചാരം. മനുഷ്യശരീരത്തിലെ പ്രധാന അവയവങ്ങളിലൊന്നാണ് ലൈംഗികാവയവം. അത് പവിത്രതയോടെ സംരക്ഷിക്കപ്പെടുകയും ധാർമികമായി വിനിയോഗിക്കുകയും വേണം. സത്യവിശ്വാസികളുടെ അടയാളമായി വിശുദ്ധ ഖുർആൻ പറയുന്നു: 'തങ്ങളുടെ ഗുഹ്യാവയവങ്ങളെ കാത്തുസൂക്ഷിക്കുന്നവരാണവർ, ഭാര്യമാരുമായോ തങ്ങളുടെ അധീനതയിലുള്ള അടിമസ്ത്രീകളുമായോ ഉള്ള ബന്ധമൊഴികെ. എന്നാൽ, അതിനപ്പുറം ആരെങ്കിലും ആഗ്രഹിക്കുന്നെങ്കിൽ അവർ തന്നെയാണ് അതിക്രമകാരികൾ.' (അൽമുഅ്മിനൂൻ: 5,7)

വിവാഹപൂർവ്വ പ്രണയവും വിവാഹേതര പ്രണയവും ഇസ്‌ലാം നിഷിദ്ധമാക്കിയിട്ടുണ്ട്. ഒരു പുതിയ ജീവിതത്തിന്റെ തുടക്കമായതിനാൽ വിവാഹം സമചിത്തതയോടെ ആലോചിച്ച്, വധൂവരന്മാർക്കിടയിലെ യോജിപ്പ് പരിഗണിച്ച്, ധാർമികമായി ശ്രദ്ധാപൂർവ്വം ചെയ്യേണ്ട കാര്യമാണ്. മനുഷ്യപരമ്പര നിലനിർത്തുന്ന ലൈംഗികത ഹലാലായ ബന്ധത്തിൽ നിന്നുള്ളതായിരിക്കണം. എങ്കിൽ മാത്രമേ അതിൽ പിറക്കുന്ന മക്കൾ നല്ലവരാവുകയുള്ളൂ.



നബി(സ)യുടെ അടുക്കൽ ഇസ്‌ലാം സ്വീകരിക്കാൻ എത്തിയവരോടുള്ള കരാറിനെക്കുറിച്ച് ഖുർആൻ പറയുന്നു: 'നബിയേ, സത്യവിശ്വാസിനികൾ അല്ലാഹുവിനോട് യാതൊന്നിനെയും പങ്കുചേർക്കുകയില്ലെന്നും മോഷ്ടിക്കുകയോ വ്യഭിചരിക്കുകയോ സന്താനങ്ങളെ വധിക്കുകയോ ചെയ്യില്ലെന്നും മനപ്പൂർവ്വം കെട്ടിച്ചമക്കുന്ന യാതൊരു കള്ളവാദവും കൊണ്ടുവരില്ലെന്നും (ജാരസന്തതിക്ക് ജന്മം നൽകി ഭർത്താവിലേക്ക് ചേർത്തുന്നതിലേക്ക് സൂചന) യാതൊരു നന്മയിലും താങ്കളോട് അനുസരണക്കേട് കാണിക്കുകയില്ലെന്നും പ്രതിജ്ഞ ചെയ്യുന്നതിനായി താങ്കളെ സമീപിച്ചാൽ താങ്കൾ അവരോട് പ്രതിജ്ഞ വാങ്ങുകയും അവർക്ക് വേണ്ടി പാപമോചനത്തിനർത്ഥിക്കുകയും ചെയ്യുക. നിശ്ചയം അല്ലാഹു ഏറെ പാപമോചനം നൽകുന്നവനും കരുണാമയനുമാകുന്നു.' (വിശുദ്ധഖുർആൻ)

വ്യഭിചാരം ഈമാൻ നഷ്ടപ്പെടാൻ കാരണമാവും. അബൂഹുറയ്റ(റ)വിൽ നിന്ന് നിവേദനം. നബി(സ) പറഞ്ഞു: 'ഒരാൾ വ്യഭിചരിക്കുമ്പോൾ ഈമാൻ അദ്ദേഹത്തിൽ നിന്ന് പുറത്തുപോകും. അയാളുടെ തലയുടെ മുകളിൽ അത് ഒരു കുട പോലെ ഉയർന്നു നിൽക്കും. അതിൽനിന്നു പിന്തിരിയുമ്പോൾ ഈമാൻ തിരികെവരികയും ചെയ്യും.' (ബുഖാരി)

അതികഠിനമായ ശിക്ഷയാണ് പരലോകത്ത് വ്യഭിചരിക്കുന്നവരെ കാത്തിരിക്കുന്നത്. 'താഴ്ഭാഗത്തുനിന്ന് തീജ്വാലകൾ ഉയരുന്ന അടുപ്പുപോലുള്ള ഗുഹയിൽ വ്യഭിചാരികളായ സ്ത്രീപുരുഷന്മാരെ നഗ്നരായി വലിച്ചെറിയപ്പെടുന്നത് കണ്ടിരുന്നുവെന്നും ശക്തമായ ചൂടു കാരണം വെന്തുരുകിക്കൊണ്ടിരിക്കുന്ന അവരുടെ അട്ടഹാസം കേട്ടിരുന്നുവെന്നും നബി(സ) പറഞ്ഞിട്ടുണ്ട്.

## കണ്ണുകൊണ്ടുള്ള വ്യഭിചാരം

വിവാഹപൂർവ്വബന്ധത്തിൽ നോട്ടവും സംസാരവും ഹറാമായചിന്തകളും ഉടലെടുക്കുമെന്നതിൽ സംശയമില്ലല്ലോ. ഇതെല്ലാം വ്യഭിചാരതുല്യമായ പാപമായാണ് ഇസ്‌ലാം ഗണിക്കുന്നത്. അബൂഹുറയ്റ(റ) നിവേദനം. നബി(സ) പറയുന്നു: 'ആദംസന്തതിയുടെ ഓരോ ശരീരഭാഗത്തിനും വ്യഭിചാരത്തിൽ പങ്കുണ്ട്. കണ്ണുകളുടെ വ്യഭിചാരം നോട്ടമാകുന്നു. നാവിന്റെ വ്യഭിചാരം അനഭിമതമായ സംസാരമാണ്. ഹൃദയം മോഹിക്കുകയും ആഗ്രഹിക്കുകയും ചെയ്യുന്നു. ഗുഹ്യസ്ഥാനം അതിനെ യാഥാർത്ഥ്യമാക്കുകയോ കളവാക്കുകയോ ചെയ്യുന്നു.' (മുസ്‌ലിം: 2657) വ്യഭിചാരത്തിന്റെ സാധ്യതയെ തന്നെ ഇസ്‌ലാം കൊട്ടിയടക്കുകയാണിവിടെ. അന്യസ്ത്രീപുരുഷന്മാർ ഒറ്റയ്ക്ക് യാത്ര ചെയ്യാനോ തനിച്ചിരിക്കാനോ പാടില്ലെന്നും ഇസ്‌ലാം നിഷ്കർഷിക്കുന്നു. നബി(സ) പറഞ്ഞു: 'അന്യസ്ത്രീപുരുഷന്മാർ ഒറ്റയ്ക്കാകുന്നിടത്തെല്ലാം മൂന്നാമനായി പിശാചുണ്ടാകും.' അന്യസ്ത്രീപുരുഷന്മാർ തമ്മിലുള്ള ചാറ്റിങ്ങും ഫോൺ വിളിയുമെല്ലാം ഈ ഒറ്റപ്പെടലിന്റെ പരിധിയിൽപെടുമല്ലോ.

## വ്യഭിചാരത്തിനുള്ള ശിക്ഷ

ഇസ്‌ലാമിക രാഷ്ട്രത്തിൽ വ്യഭിചാരവൃത്തിക്ക് കടുത്ത ശിക്ഷയാണ് നടപ്പിലാക്കുന്നത്. സാംസ്കാരിക ജീർണ്ണതയിലേക്ക് കൂപ്പുകുത്തുന്ന ദുരവസ്ഥയിൽ നിന്ന് സമൂഹത്തെ രക്ഷിക്കുക എന്ന ധാർമികലക്ഷ്യമാണ് ഇതിന്റെ താത്പര്യം. വ്യക്തിയിലും കുടുംബത്തിലും സമൂഹത്തിലും ദൂരവ്യാപകമായ ദുരന്തഫലം ഉളവാക്കുന്ന അഭിശപ്തതയായ വ്യഭിചാരം പാടെ തുടച്ചുനീക്കാൻ ഇസ്‌ലാമിക ശിക്ഷാവിധി ഉപകരിക്കും. അവിവാഹിതർ വ്യഭിചരിച്ചാൽ 100 പ്രാവശ്യം അടിക്കണം. ഒരു വർഷം നാടുകടത്തുകയും വേണം. വിവാഹിതരാണ് ഈ നീചവൃത്തിയിൽ ഏർപ്പെട്ടതെങ്കിൽ അവരെ എറിഞ്ഞുകൊല്ലണം. ഇസ്‌ലാമിക ഭരണാധികാരിയോ അദ്ദേഹത്തിന്റെ പകരക്കാരനോ ആണ് ഇത് നടപ്പാക്കേണ്ടത്.

കവർസ്റ്റോറി

സൈനുദ്ദീൻ ശാമിൽ ഇർഫാനി മാണൂർ

# കരമുയർത്താം, ഗസ്സയ്ക്കു വേണ്ടി

കുട്ടികളും സ്ത്രീകളുമടങ്ങുന്ന ലക്ഷക്കണക്കിനാളുകളുടെ കണ്ണീരുകൊണ്ടും ചോരകൊണ്ടും വരച്ച ഭൂപടമാണിന്ന് ഗസ്സ. ഗസ്സയുടേതു പോലെ ദുഃഖസാന്ദ്രമായ വിലാപം ഈ നൂറ്റാണ്ടിൽ മറ്റൊന്നുണ്ടായിട്ടില്ല. അത്രയും നിസ്സഹായതയുടെ ആഴങ്ങളിലാണ് ഗസ്സ നിവാസികൾ. അശാന്തവും അരക്ഷിതവുമായ ദിനരാത്രങ്ങളാണവർക്ക് കഴിഞ്ഞുപോയത്. മനുഷ്യജീവന് അശേഷം വില കൽപ്പിക്കാത്ത മനുഷ്യത്വരഹിതമായ ക്രൂരതയാണ് ഗസ്സയിലെ പാവപ്പെട്ടവരോട് ഇസ്രയേൽ ചെയ്യുന്നത്. ഗസ്സ പട്ടിണിയുടെയും പകർച്ചവ്യാധിയുടെയും വക്കിലാണെന്ന് ഐക്യരാഷ്ട്രസംഘടനയുടെ മനുഷ്യാവകാശ വിഭാഗം



മേധാവി നേരത്തെ പ്രഖ്യാപിച്ചിരുന്നു. ഗസ്സക്കുള്ളിൽ കുട്ടികൾക്ക് സുരക്ഷിതമായ ഒരിടവുമില്ലെന്ന് മുമ്പ് നടന്ന പല പഠനങ്ങളും വ്യക്തമാക്കിയിട്ടുണ്ട്.

ലോകത്തേക്കു കണ്ണു തുറക്കുമ്പോൾ മുതൽ മരണത്തിന്റെ വെടിയൊച്ച കേൾക്കുന്ന നവജാത ശിശുക്കളാണ് ഗസ്സയിലുള്ളത്. ലോകത്ത് ഏറ്റവും കൂടുതൽ അംഗച്ഛേദം ചെയ്യപ്പെട്ട കുട്ടികളുള്ളതും ഗസ്സയിലാണ്. ഓരോ യുദ്ധവും തകർക്കുന്നത് ഭാവിയിലേക്ക് പ്രതീക്ഷയോടെ കണ്ണു നട്ടിരിക്കുന്ന ഇളംസ്വപ്നങ്ങൾ കൂടിയാണ്. കളിചിരികളുടെ പ്രായത്തിൽ ജീവൻ നഷ്ടപ്പെട്ടവരും അംഗഭംഗം വന്നവരും അനാഥരുമായ എത്രയോ കുരുന്നുകൾ ഫലസ്തീനിലുണ്ട്. ഗസ്സയിൽ ഇസ്രയേൽ തുടരുന്ന ക്രൂരത വിവരണങ്ങൾക്കപ്പുറമാണ്. കൊല്ലപ്പെട്ടവരിൽ കൂടുതലും കുഞ്ഞുങ്ങളാണ്. കാണാതായവരുമുണ്ട് അനേകായിരങ്ങൾ. കൊല്ലപ്പെട്ടവരിൽ മാധ്യമപ്രവർത്തകരും സന്നദ്ധപ്രവർത്തകരും നിരവധിയുണ്ട്. എണ്ണമറ്റ മനുഷ്യജീവനുകൾ തകർന്ന കെട്ടിടങ്ങളിൽ കുടുങ്ങി ചതഞ്ഞുമരിച്ചിട്ടുണ്ട്. കണ്ടെടുക്കപ്പെട്ട പല മൃതദേഹങ്ങളിലും വെടിവെപ്പിന്റെയും മിസൈൽ ആക്രമണങ്ങളുടെയും അടയാളങ്ങൾ ദൃശ്യമായിരുന്നു. അവരുടെ തലയിലും നെഞ്ചിലും സാരമായ മുറിവുകളുണ്ടായിരുന്നു. പലരുടെയും ശരീരങ്ങൾ ചിന്നിച്ചിതറിയിരുന്നു.

## കണ്ണില്ലാത്ത ക്രൂരതകൾ

സാധ്യമായ എല്ലാ വിധത്തിലും ഗസ്സ നിവാസികളെ പ്രയാസപ്പെടുത്താൻ ഇസ്രയേൽ ഭരണകൂടം ശ്രമിച്ചിട്ടുണ്ട്. അവരുടെ എല്ലാ ജലസ്രോതസ്സുകളും ജലവിതരണ കേന്ദ്രങ്ങളും ഇസ്രയേൽ സൈന്യം നശിപ്പിച്ചു. അതുകൊണ്ടുതന്നെ നിലവിൽ ലഭ്യമായ വെള്ളത്തിൽ 97 ശതമാനവും മലിനജലമാണ്. മറ്റു വഴിയില്ലാത്തതുകൊണ്ട് ഈ വെള്ളം കുടിക്കേണ്ടിവരുന്നതിനാൽ ജലജന്യ രോഗങ്ങളും വ്യാപകമാണ്.

ഗസ്സയിൽ ആയിരക്കണക്കിന് കുട്ടികൾ മുഴുപ്പട്ടിണിയിലാണ്. പോഷകാഹാരക്കുറവു കൊണ്ട് പ്രയാസമനുഭവിക്കുന്നവർ അതിലേറെയാണ്. ചികിത്സ തേടിയെത്തുന്ന ആശുപത്രികളാകട്ടെ പരിതാപകരമായ നിലയിലുള്ളതുമാണ്. പകുതി തകർന്ന പല ആശുപത്രികളും അടിസ്ഥാന സൗകര്യങ്ങളോ ഔഷധമോ ഒന്നുമില്ലാതെ നാമമാത്രമായാണു പ്രവർത്തിക്കുന്നത്. പലയിടത്തും വൈദ്യുതി മുടങ്ങിയതോടെ ആശുപത്രിയു



അന്താരാഷ്ട്ര സഹായങ്ങൾ തങ്ങൾ തന്നെ സ്വീകരിച്ചു വിതരണം ചെയ്യാമെന്ന് ശാഠ്യം പിടിക്കുന്നതിലൂടെ ദുരിതാശ്വാസത്തെ പോലും ആക്രമണതന്ത്രമാക്കി മാറ്റാനാണ് ഇസ്രയേൽ ശ്രമിച്ചത്. ഗസ്സയിൽ പതിനായിരങ്ങൾ കൊല്ലപ്പെട്ടതും ലക്ഷങ്ങൾക്ക് ഗുരുതരമായ പരിക്കേറ്റതും ബഹുഭൂരിപക്ഷം വീടുകൾ തകർക്കപ്പെട്ടതും വിദ്യാഭ്യാസസ്ഥാപനങ്ങൾ തവിടുപൊടിയാക്കിയതുമെല്ലാം ലോകത്തിന് വെറും കണക്കുകൾ മാത്രമാണ്.

ടെ മുഴുവൻ പ്രവർത്തനങ്ങളും നിർത്തിയ അവസ്ഥയാണുള്ളത്. ആശുപത്രികൾ പോലും ഇടിച്ചു തകർക്കുന്നത് ഇസ്രയേലിന്റെ കണ്ണില്ലാത്ത ക്രൂരതയുടെ വ്യക്തമായ ഉദാഹരണമാണ്. കഴിഞ്ഞ കുറെ കാലങ്ങളായി അത്യന്തം ഹീനവും മനുഷ്യത്വരഹിതവുമായ ആക്രമണപരമ്പരകളിലൂടെ അവർ നിരന്തരം സർവ്വനാശം വിതയ്ക്കുകയാണ്. യുദ്ധക്കെടുതികളിൽ പെട്ടവർ തങ്ങുന്ന അഭയാർത്ഥിടെന്റുകൾക്കു മുകളിൽ പോലും തീമഴ വർഷിപ്പിച്ചു. അഭയാർത്ഥികൾക്കു വേണ്ടി എത്തിക്കുന്ന ഭക്ഷണവും മരുന്നുകളും അവർ വഴിയിൽ തടഞ്ഞു. ലോകപ്രശസ്ത മനുഷ്യാവകാശ പ്രവർത്തക ഗ്രേറ്റതുംബർഗ് അടക്കമുള്ള സന്നദ്ധ പ്രവർത്തകരും തടയപ്പെട്ടവരിൽപെടും. ഭക്ഷണം ലഭിക്കാതെ ആയിരക്കണക്കിനാളുകൾ ഇതിനോടകം ഗസ്സയിൽ മരിച്ചുവീണു എന്നാണ് റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്.

ഇടതൂർന്ന മരങ്ങളുള്ള, പൂക്കളും കായ്കനികളും മനോഹരമാക്കുന്ന, ഉഷ്ണാവസ്ഥയിലും സ്വച്ഛമായ മന്ദമാരുതൻ കൂട്ടിനുണ്ടായിരുന്ന ശാദ്വലതീരമായിരുന്നു ഒരുകാലത്ത് ഗസ്സ. എന്നാൽ, ഇന്ന് ഗസ്സയിൽ സമാധാന പ്രതീക്ഷകൾ മുഴുവൻ വറ്റിയ അവസ്ഥയാണുള്ളത്.

ഒന്നര വർഷത്തിലധികമായി ഇസ്രയേൽ നടത്തുന്ന വംശഹത്യ മനുഷ്യത്വത്തിന്റെ മാത്രമല്ല, പൈശാചികതയുടെ പോലും സീമകൾ ലംഘിച്ചിട്ടുണ്ട്. ഗസ്സയിലെ 21 ലക്ഷം മനുഷ്യരിൽ 19 ലക്ഷം പേരും ഇപ്പോൾ ഭവനരഹിതരായി മാറിയിട്ടുണ്ട്. സകലരും ഗുരുതരമായ തോതിൽ ഭക്ഷ്യക്ഷാമം അനുഭവിക്കുന്നു. 54 ശതമാനത്തിലധികം പേർ മരണത്തിന്റെ വക്കിലാണ്. സകല അന്താരാഷ്ട്ര നിയമങ്ങളും ലംഘിച്ചുകൊണ്ടാണ് ഇസ്രയേൽ ഇത്തരം പ്രവർത്തനങ്ങൾ നടത്തുന്നത്.

അന്താരാഷ്ട്ര സഹായങ്ങൾ തങ്ങൾ തന്നെ സ്വീകരിച്ചു വിതരണം ചെയ്യാമെന്ന് ശാഠ്യം പിടിക്കുന്നതിലൂടെ ദുരിതാശ്വാസത്തെ പോലും ആക്രമണതന്ത്രമാക്കി മാറ്റാനാണ് ഇസ്രയേൽ ശ്രമിച്ചത്. ഗസ്സയിൽ പതിനായിരങ്ങൾ കൊല്ലപ്പെട്ടതും ലക്ഷങ്ങൾക്ക് ഗുരുതരമായ പരിക്കേറ്റതും ബഹുഭൂരിപക്ഷം വീടുകൾ തകർക്കപ്പെട്ടതും വിദ്യാഭ്യാസ സ്ഥാപനങ്ങൾ തവിടുപൊടിയാക്കിയതുമെല്ലാം ലോകത്തിന് വെറും കണക്കുകൾ മാത്രമാണ്.

മനുഷ്യത്വവിരുദ്ധത ലോകം മുഴുവൻ നേരിൽ കാണുമ്പോൾ ഒരു അന്താരാഷ്ട്ര ഏജൻസിക്കും വിരലനയ്ക്കാൻ സാധിക്കുന്നില്ലെന്നത് കൊടുംദുരിതത്തിന്റെ ഞെട്ടലുണ്ടാക്കുന്ന കാര്യമാണ്. അവിടെ പിടഞ്ഞുവീണു മരിച്ച ഓരോ ജീവനും ഇരയായതിന്റെ നൂറുനൂറു കഥകൾ പറയാനുണ്ട്. നിർദ്ദയം കൊല്ലപ്പെട്ട അനേകായിരം കുഞ്ഞുങ്ങൾ നിത്യനിദ്ര കൊള്ളുന്ന ശ്മശാനഭൂമിയാണിന്ന് ഗസ്സ.

## സമാധാനചർച്ചകൾ വഴിമുട്ടുമ്പോൾ

ഓരോ വ്യക്തിക്കും അന്തസ്സും സുരക്ഷയും ഉറപ്പാക്കി സമൂഹത്തിൽ ജീവിക്കാനുള്ള അവകാശമാണ് മനുഷ്യാവകാശ പ്രഖ്യാപനത്തിൽ ഐക്യരാഷ്ട്രസഭ വിളംബരം ചെയ്യുന്നത്. ദേശ-ജാതി-മത-ഭാഷാ ഭേദങ്ങളില്ലാതെ എവിടെയും ബാധകമായ സാർവലൗകിക മൂല്യമാണ് മനുഷ്യാവകാശം. ലോക ധാർമികതയുടെ ഭാഷയാണത്. മതവിശ്വാസത്തിനും അഭിപ്രായ പ്രകടനത്തിനുമുള്ള അവകാശം, വീട്, ഭക്ഷണം, വസ്ത്രം എന്നിവ അനുഭവിച്ച് ജീവിതം നയിക്കാനുള്ള അവകാശം, വാർദ്ധക്യം, വൈധവ്യം, ശാരീരിക ബലഹീനത തുടങ്ങിയ അവസ്ഥയിൽ ലഭിക്കേണ്ട സംരക്ഷണം, നിയമത്തിനു മുന്നിലുള്ള സംരക്ഷണം, അന്യായമായി തടങ്കലിൽ പാർപ്പിക്കില്ലെന്ന ഉറപ്പ്, വ്യക്തികളുടെ സ്വകാര്യത എന്നിവയെല്ലാം അന്താരാഷ്ട്രതലത്തിൽ തന്നെ മനുഷ്യാവകാശങ്ങളായി പരിഗണിക്കപ്പെട്ടിട്ടുണ്ട്.

കാര്യങ്ങൾ ഇങ്ങനെയൊക്കെയാണെങ്കിലും ഏതു നിമിഷവും മരണത്തെ മുഖാമുഖം കാണുന്ന അവസ്ഥയാണ് ഫലസ്തീനിലുള്ളത്. എന്നിട്ടും അവരുടെ പ്രശ്നങ്ങളിൽ ഇടപെടാതെ ലോകം ഉറങ്ങുന്നത് അത്ഭുതം തന്നെ. ഇസ്രയേലിനെതിരെ സൈനികവും അല്ലാത്തതുമായ ഉപരോധങ്ങൾക്ക് തക്ക കാരണങ്ങളുണ്ടായിട്ടും ഭരണകൂടങ്ങൾ മൗനം പാലിക്കുകയാണ്. ഇരയുടെ പക്ഷത്തു നിൽക്കുന്നതിനു പകരം വേട്ടക്കാരന്റെ പക്ഷത്തു നിൽക്കാനാണ് പല രാജ്യങ്ങൾക്കും താല്പര്യം. ആശുപത്രികളും വിദ്യാഭ്യാസസ്ഥാപനങ്ങളും തകർക്കുമ്പോഴും ഇസ്രയേലിനെ തടയുന്നതിനു പകരം കൂടുതൽ ആയുധവും പണവും നൽകി അവരെ പ്രോത്സാഹിപ്പിക്കാനാണ് മിക്ക പരിഷ്കൃത രാജ്യങ്ങളും ശ്രമിക്കുന്നത്. ഗസ്സയെ തകർക്കാൻ വേണ്ടി ഇസ്രയേൽ സൃഷ്ടിച്ച നുണക്കഥകൾ ആവർത്തിക്കുന്നവരായി പല രാജ്യ നേതാക്കളും മാറുകയായിരുന്നു. യുദ്ധം കൊടുമ്പിരി കൊള്ളുമ്പോൾ ഇസ്രയേലിന്റെ സ്വയം ചെറുത്തുനിൽക്കാനുള്ള അവകാശത്തെക്കുറിച്ച് വാ തോരാതെ സംസാരിക്കുന്നവർ ഫലസ്തീനികളുടെ ചെറുത്തുനിൽക്കാനുള്ള അവകാശത്തെക്കുറിച്ച് ഒരക്ഷരം സംസാരിക്കുന്നില്ലെന്നോർക്കണം.

> ഗസ്സയെ തകർക്കാൻ വേണ്ടി ഇസ്രയേൽ സൃഷ്ടിച്ച നുണക്കഥകൾ ആവർത്തിക്കുന്നവരായി പല രാജ്യ നേതാക്കളും മാറുകയായിരുന്നു. യുദ്ധം കൊടുമ്പിരി കൊള്ളുമ്പോൾ ഇസ്രയേലിന്റെ സ്വയം ചെറുത്തുനിൽക്കാനുള്ള അവകാശത്തെക്കുറിച്ച് വാ തോരാതെ സംസാരിച്ചവർ ഫലസ്തീനികളുടെ ചെറുത്തുനിൽക്കാനുള്ള അവകാശത്തെക്കുറിച്ച് ഒരക്ഷരം സംസാരിക്കുന്നില്ലെന്നോർക്കണം.

## നമുക്ക് ചെയ്യാനുള്ളത്

മനുഷ്യത്വത്തിന്റെ ചെറിയ അംശമെങ്കിലും ബാക്കിയുള്ളവർക്ക് ഒരിക്കലും യോജിക്കാനാവാത്ത വാദങ്ങളാണ് ഇസ്രയേൽ നിരത്തിയത്. അതേസമയം, ഇസ്രയേലിന്റെ കശാപ്പിന് ശക്തി പകരുന്ന കമ്പനികളെയും ഉൽപ്പന്നങ്ങളെയും ബഹിഷ്കരിച്ചും മറ്റും മനുഷ്യത്വത്തിന്റെ നേർത്ത ശബ്ദത്തിന് ശക്തി പകർന്നവരുമുണ്ട്. ഗസ്സക്കെതിരായ യുദ്ധം അവസാനിപ്പിക്കണമെന്നും ബന്ദികളെ മോചിപ്പിക്കാൻ ഹമാസുമായി കരാറിലെത്തണമെന്നും ആവശ്യപ്പെട്ട് ഇസ്രയേലിലെ ജനങ്ങൾ പോലും പ്രതിഷേധത്തിൽ പങ്കെടുത്തിട്ടുണ്ട്. രക്തച്ചൊരിച്ചിൽ അവസാനിപ്പിക്കാനുള്ള ആഗ്രഹമാണ് പ്രതിഷേധങ്ങൾക്കു കാരണമെന്ന് അവർ തന്നെ വ്യക്തമാക്കുന്നു. മനസ്സാക്ഷി മരവിക്കാത്ത ഒരു വിഭാഗം ഇപ്പോഴും സാധ്യമാകുന്ന പ്രക്ഷോഭങ്ങൾ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നടത്തുന്നുണ്ട്. ഇസ്രയേലി ഉൽപ്പന്നങ്ങൾ ബഹിഷ്കരിക്കുന്നതടക്കമുള്ള സമരമുറകളും പലരും മുൻകൈയെടുത്ത് നടത്തുന്നുണ്ട്. സാധ്യമായ ഇത്തരം പ്രവർത്തനങ്ങൾ നാം ഗസ്സയോട് മാത്രമല്ല, ലോകത്തോട് മുഴുവൻ ചെയ്യുന്ന നീതിയായിട്ടാണ് മനസ്സിലാക്കേണ്ടത്. ഫലസ്തീനിലെ വംശഹത്യക്കും അതിക്രൂരമായ ആഗോളനിഷ്ക്രിയത്വത്തിനുമെതിരെ മനസാക്ഷിയുള്ളവർ ഡിജിറ്റൽ മൗനത്തിലൂടെ പ്രതിഷേധം രേഖപ്പെടുത്തുന്ന കാഴ്ചയും അല്പം മുമ്പ് നാം കണ്ടു. രാത്രി 9 മുതൽ 9:30 വരെ ഇന്റർനെറ്റ്, മൊബൈൽ ഫോൺ, സമൂഹ മാധ്യമ ഉപയോഗം പൂർണമായി ഉപേക്ഷിച്ചുകൊണ്ടാണ് ഈ സന്ദേശം നൽകിയത്.

ഗസ്സയിലെ മുസ്‌ലിംകൾക്ക് സാധ്യമായ സഹായങ്ങൾ നൽകുകയും അവരുടെ രക്ഷയ്ക്ക് വേണ്ടി പ്രത്യേകം പ്രാർത്ഥന നിർവഹിക്കുകയും ചെയ്യുകയാണ് നാം ചെയ്യേണ്ടത്. വിശ്വാസികൾ തമ്മിൽ നിലനിൽക്കേണ്ട സാഹോദര്യബന്ധത്തെക്കുറിച്ച് മുഹമ്മദ് നബി(സ) വിശദീകരിച്ചിട്ടുണ്ടല്ലോ: ‘സത്യവിശ്വാസികൾ തമ്മിലുള്ള പരസ്പരസ്നേഹ

പ്രവാചകർ(സ) പറഞ്ഞു: 'അല്ലാഹുവിന്റെ ദാസൻമാരേ, നിങ്ങൾ സഹോദരങ്ങളാവുക. ഒരു മുസ്‌ലിം മറ്റൊരു മുസ്‌ലിമിന്റെ സഹോദര നാണ്. അവനോട് അക്രമം കാണിക്കുകയില്ല; അവനെ കൈവെടിയുകയില്ല; അവനെ നിസ്സാ രനായി കാണുകയില്ല.' ശേഷം മൂന്നു തവണ നെഞ്ചിലേക്ക് ചൂണ്ടിക്കൊണ്ട് അവിടുന്ന് പറ ഞ്ഞു: 'ഇവിടെയാണ് തഖ്‌വാ.'



ത്തിന്റെയും കാരുണ്യത്തിന്റെയും അനുകമ്പയുടെയും ഉദാഹരണം ഒരൊറ്റ ശരീരം പോലെയാണ്. അതിൽ ഒരവയവത്തിന് രോഗം ബാധിച്ചാൽ ശരീരം മുഴുവൻ ഉറക്കമൊഴിച്ചും പനിച്ചും ദുഃഖ ത്തിൽ പങ്കുകൊള്ളും.' (സ്വഹീ ഹു മുസ്‌ലിം)

പരസ്പരം സഹോദരങ്ങ ളാവണമെന്ന് വിശ്വാസികളെ ശക്തമായി ഉപദേശിച്ചുകൊ ണ്ട് പ്രവാചകർ(സ) പറഞ്ഞു: 'അല്ലാഹുവിന്റെ ദാസൻമാരേ, നിങ്ങൾ സഹോദരങ്ങളാവുക. ഒരു മുസ്‌ലിം മറ്റൊരു മുസ്‌ലിമി ന്റെ സഹോദരനാണ്. അവനോ ട് അക്രമം കാണിക്കുകയില്ല; അവനെ കൈവെടിയുകയില്ല; അവനെ നിസ്സാരനായി കാണുക യില്ല.' ശേഷം മൂന്നു തവണ നെ ഞ്ചിലേക്ക് ചൂണ്ടിക്കൊണ്ട് അവി ടുന്ന് പറഞ്ഞു: 'ഇവിടെയാണ് തഖ്‌വാ. തന്റെ സഹോദരനായ മുസ്‌ലിമിനെ നിന്ദിക്കുന്നതു തന്നെ മതി; ഒരാൾക്ക് തിന്മയാ യി. സഹോദരന്റെ രക്തവും സമ്പത്തും അഭിമാനവുമെല്ലാം ഓരോ മുസ്‌ലിമിനും നിഷിദ്ധമാ ണ്.' (സ്വഹീഹു മുസ്‌ലിം)

പരസ്പര സ്നേഹത്തിനും സൗഹൃദത്തിനും വലിയ പ്രാധാ ന്യം നൽകുന്ന മതത്തിന്റെ വക്താക്കളാണല്ലോ നാം. മനു ഷ്യർ ഒന്നാണെന്നും ഒരുമയോടെ വർത്തിക്കേണ്ടവരാണെന്നുമുള്ള സന്ദേശമാണല്ലോ ഇസ്‌ലാം മുന്നോട്ട് വെക്കുന്നത്. വിശുദ്ധ ഖുർആനിൽ അല്ലാഹു മനുഷ്യ കുലത്തെ മുഴുവൻ ഒരാണിന്റെ യും പെണ്ണിന്റെയും മക്കളായാണ് പരിചയപ്പെടുത്തിയത്: 'മനുഷ്യ രേ, നിങ്ങളെ ഒരേ ആത്മാവിൽ നിന്ന് സൃഷ്ടിക്കുകയും അതിൽ നിന്നു തന്നെ അതിന്റെ ഇണയെ സൃഷ്ടിക്കുകയും ചെയ്ത നിങ്ങ ളുടെ രക്ഷിതാവിനെ സൂക്ഷിക്കു വിൻ.' (4:1), 'മനുഷ്യരേ, തീർച്ച യായും നിങ്ങളെ നാം ഒരാണിൽ നിന്നും ഒരു പെണ്ണിൽ നിന്നുമാ യി സൃഷ്ടിച്ചിരിക്കുന്നു. നിങ്ങൾ അന്യോന്യം തിരിച്ചറിയേണ്ടതി നു വേണ്ടി നിങ്ങളെ നാം വിവിധ സമുദായങ്ങളും ഗോത്രങ്ങളുമാ ക്കുകയും ചെയ്തു.'(49:13)

വിശുദ്ധ ഖുർആനിന്റെ ഈ ആശയം തന്നെയാണ് നബി (സ) ലോകത്തിന് പഠിപ്പിച്ചതും പ്രചരിപ്പിച്ചതും. അവിടുത്തെ പ്രസ്താവന കാണുക: 'മനു ഷ്യരേ, നിങ്ങളുടെ സ്രഷ്ടാവ് ഒന്നാണ്. നിങ്ങളുടെ പിതാവും ഒന്നാണ്. നിങ്ങളെല്ലാം ആദമിൽ നിന്നുള്ളവരാണ്; ആദമാകട്ടെ മണ്ണിൽ നിന്നാണ് സൃഷ്ടിക്കപ്പെ ട്ടത്. അല്ലാഹുവിന്റെ ദൃഷ്ടിയിൽ ഏറ്റവും നല്ലവരാണ് നിങ്ങളിൽ ഏറ്റവും ഉന്നതർ. അറബി അന റബിയെക്കാളോ വെളുത്തവൻ കറുത്തവനെക്കാളോ ശ്രേഷ്ഠ നല്ല. ശ്രേഷ്ഠത കൈവരിക്കുന്നത് ധർമനിഷ്ഠയിലൂടെ മാത്രമാണ്.' (തിർമുദി)

സർവ്വ സുഖസൗകര്യത്തോടെ യും നാം ജീവിക്കുമ്പോൾ നമ്മു ടെ സഹോദരന്മാർ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ പ്രയാസപ്പെ ടുന്നത് ശ്രദ്ധിക്കാതെ പോകാൻ ഒരിക്കലും വിശ്വാസിക്കാവില്ല. എല്ലാ പിടിവള്ളികളും നഷ്ടപ്പെടു ന്നിടത്തും നമ്മുടെ രക്ഷാകവചം പ്രാർത്ഥനയാണ്. എല്ലാ നിസ്കാ രങ്ങൾക്കു ശേഷവും പ്രത്യേക സമയങ്ങളിലും നാം അവർക്കു വേണ്ടി പ്രാർത്ഥിച്ചു കൊണ്ടിരി ക്കണം. വിശ്വാസിയുടെ ഏറ്റവും ശക്തമായ ആയുധം പ്രാർത്ഥന യാണല്ലോ.

സ്നേഹതീരം

സൈറ അലി അരീക്കോട്

# അവസരങ്ങളുണ്ട് ആശയുണ്ടെങ്കിൽ



എന്റെ പേര് സഹീറ. കോഴിക്കോട് ജില്ലയിലെ രാമനാട്ടുകരക്കടുത്താണ് സ്വദേശം. ഫാറൂഖ്കോളേജിൽ രണ്ടാം വർഷ ബിരുദ വിദ്യാർത്ഥിനിയായിരിക്കെ വിവാഹം. ഇവിടെയാണ് കഥയുടെ തുടക്കം. വിവാഹജീവിതത്തിലേക്ക് കാലെടുത്തുവെക്കുമ്പോൾ പൂർത്തിയാക്കാത്ത ബിരുദപഠനം എന്നെ അലോസരപ്പെടുത്തിയിരുന്നു. എഴുതി പാതിയാക്കിവച്ച നോട്ടുബുക്കുകളിലെ വരികളിൽ മൗനം തളം കെട്ടിനിന്നു. വീടിനുവെളിയിൽ കല്യാണപ്പന്തലും ബഹളങ്ങളുമുയർന്നപ്പോൾ ശൂന്യമായിപ്പോയ എന്റെ പഠനമുറിയെ വിട്ട് ഞാൻ പുറത്തിറങ്ങി. ഭാരിച്ച സാരിയും ആഭരണങ്ങളും! ആരൊക്കെയോ ചേർന്ന് തലയിൽ കുത്തിവെച്ച ഹെയർപിന്നുകളിൽ തൂങ്ങിയാടുന്ന മുല്ലപ്പൂക്കൾ!

മലപ്പുറംജില്ലയിലെ അരീക്കോടായിരുന്നു ഭർത്താവിന്റെ സ്വദേശം. ഞാൻ പുതിയ വീട്ടിലേക്ക് യാത്രയായി. രണ്ടു മാസം കഴിഞ്ഞു പ്രവാസിയായിരുന്ന ഭർത്താവ് തിരിച്ചുപോയപ്പോൾ വല്ലാത്തൊരു ഏകാന്തത. ഇടുങ്ങിയൊരു ദ്വീപിൽ ഒറ്റപ്പെട്ടതുപോലെ. പലപ്പോഴും, ഞാൻ എന്റെ വീടിനെക്കുറിച്ചോർത്തു, എന്റെ പഠനമുറിയെക്കുറിച്ചോർത്തു. ഞാൻ എഴുതുന്ന ഓരോ അക്ഷരത്തിലേക്കും പാതിയടഞ്ഞ കണ്ണുകളുമായി നോക്കിനിന്നിരുന്ന കുറുഞ്ഞിപ്പൂച്ചയെ ഓർത്തു. അലസമായി കണ്ണാടിക്കുമുന്നിൽ ചെന്നു നിന്ന് ഞാൻ എന്നെത്തന്നെ നോക്കിനിന്നു.

## മടക്കിവിളിച്ച സ്വപ്നം

ദിവസങ്ങൾ കടന്നുപോയി. ഒരു ദിവസം വളരെ വേദനിപ്പിക്കുന്ന ഒരു സ്വപ്നം കാണാനിടയായി: എന്റെ ക്ലാസ്റൂമിൽ പരീക്ഷ നടക്കുകയാണ്... സമയം കഴിയാറായി... എല്ലാവരും വളരെ വേഗത്തിൽ എഴുതിക്കൊണ്ടിരിക്കുന്നു... എഴുതിയ പേപ്പർ കെട്ടാനുള്ള തിരക്കിലാണു ഞാൻ. നൂൽ കോർക്കാൻ പറ്റുന്നില്ല. എത്ര ശ്രമിച്ചിട്ടും പറ്റുന്നില്ല... ഞാൻ വിയർത്തു... പെട്ടെന്ന് ഞെട്ടിയുണർന്നു... എല്ലാം ശാന്തം! എന്തിനെന്നറിയാതെ ഞാൻ പൊട്ടിക്കരഞ്ഞുപോയി.

പൂർത്തിയാകാതെ പോയ ഏതോ ഒരു ദൗത്യം എന്നെ തിരികെ വിളിക്കുന്നുണ്ടെന്ന് അന്നെനിക്ക് തിരിച്ചറിവുണ്ടായി. തുടർപഠനത്തെക്കുറിച്ചാലോചിച്ചെങ്കിലും ഒരു സാധ്യതയും മുന്നിൽ തെളിഞ്ഞില്ല. വിവാഹശേഷം പഠിച്ചവരായി ആരും എന്റെയോ ഭർത്താവിന്റെയോ കുടുംബങ്ങളിലുണ്ടായിരുന്നില്ല.

മാസങ്ങൾക്കു ശേഷം വിദേശത്ത് ഭർത്താവിന്റെ ജോലിസ്ഥലത്തേക്ക് പോകാനുള്ള ഒരുക്കങ്ങളായി. അപ്പോഴേക്കും തുടർപഠനത്തിന്റെ എല്ലാ സാധ്യതകളും അസ്തമിച്ചു കഴിഞ്ഞിരുന്നു.



തീർത്തും അപരിചിതരായ മനുഷ്യർ, പല രാജ്യങ്ങളിൽ നിന്നുള്ളവർ, പല ഭാഷകൾ, വലിയൊരു അന്ധാളിപ്പായിരുന്നു ആദ്യം. പിന്നീട്, പതുക്കെ എല്ലാം പരിചയമായിത്തുടങ്ങി. ദുബൈ നഗരത്തിന്റെ മാസ്മരികതയിലും മനസ്സ് ഇടയ്ക്കിടെ ശൂന്യമായ പഠനമുറിക്കു മുന്നിൽ ചെന്നുനിന്നു. എഴുതിത്തീരാത്ത പേജുകളിലേക്ക് നിസ്സഹായതയോടെ എത്തിനോക്കി.

തീർത്തും അപരിചിതരായ മനുഷ്യർ, പല രാജ്യങ്ങളിൽ നിന്നുള്ളവർ, പല ഭാഷകൾ, വലിയൊരു അന്ധാളിപ്പായിരുന്നു ആദ്യം. പിന്നീട്, പതുക്കെ എല്ലാം പരിചയമായിത്തുടങ്ങി. ദുബൈ നഗരത്തിന്റെ മാസ്മരികതയിലും മനസ്സ് ഇടയ്ക്കിടെ ശൂന്യമായ പഠനമുറിക്കു മുന്നിൽ ചെന്നുനിന്നു. എഴുതിത്തീരാത്ത പേജുകളിലേക്ക് നിസ്സഹായതയോടെ എത്തിനോക്കി.

നാളുകൾ കടന്നുപോയി. ഞങ്ങൾക്കൊരു കുഞ്ഞു പിറന്നു. അവന്റെ കളിചിരികൾക്കിടയിലും, ഇടയ്ക്കൊക്കെ മനസ്സ് വീട്ടിലെത്തി. വൃത്തിയായി സൂക്ഷിച്ച എന്റെ പുസ്തകലോകത്തേക്കും അവിടെ ഒറ്റയ്ക്കുറങ്ങുന്ന പൂച്ചക്കുട്ടിയിലേക്കും പോയി.

## തുടർപഠനവും ആദ്യജോലിയും

നാട്ടിലെത്തിയപ്പോൾ വീട്ടിലെ പഠനമുറിക്കകത്തേക്ക് കൊതിയോടെ കയറിനോക്കി. മുറിയിൽ മാറ്റങ്ങൾ വന്നിട്ടുണ്ട്. പുസ്തകങ്ങളും പൂച്ചയുമില്ലാത്ത മുറി!

'എനിക്കെന്തെങ്കിലും പഠിച്ചാൽ കൊള്ളാമെന്നുണ്ട്.' ഞാൻ ഉമ്മയോട് പറഞ്ഞു.

'യ്യ് ഓനോട് (ഭർത്താവ്) ചോദിക്ക്, കുട്ടിനെ ഞാൻ നോക്കിക്കൊണ്ട്.' ഉമ്മ പറഞ്ഞു. ഭർത്താവുകൂടി സമ്മതിച്ചപ്പോൾ ഞാൻ മോനെ ഉമ്മയുടെ അടുത്താക്കി പഠിക്കാൻ പോയി. സന്തോഷം അണപൊട്ടിയൊഴുകിയ നിമിഷങ്ങൾ! അധികം വൈകാതെ ദുബൈയിലേക്ക് തിരിച്ചുപോകേണ്ടതിനാൽ ദൈർഘ്യമേറിയ  പഠനം സാധ്യമായിരുന്നില്ല.

വരയ്ക്കാൻ താൽപര്യമായതുകൊണ്ടു തന്നെ ഗ്രാഫിക് ഡിസൈനിങ്ങിൽ ഡിപ്ലോമ ചെയ്തു. ദുബൈയിലേക്ക് തിരിച്ചുപോയി. അവിടെ ഒരു കമ്പനിയിൽ ജോലി കിട്ടി. അവിടെ വച്ച് ഞാനെന്റെ ജീവിതത്തിലെ ആദ്യത്തെ ശമ്പളം കൈപറ്റി. നഈമി എന്നു പേരുള്ള പാക്കിസ്ഥാൻ വംശജനായ സീനിയർ ഡിസൈനറുടെ കീഴിലായിരുന്നു എന്റെ ജോലി. ഏകദേശം 60 വയസ്സുള്ളയാൾ. ആദ്യം കണ്ടപ്പോൾ ചെറിയൊരു ഭയം തോന്നി. പിന്നീടാണ് മനസ്സിലായത്, ആ സ്ഥാപനത്തിലെ ഏറ്റവും നല്ല മനുഷ്യനാണ് അദ്ദേഹമെന്ന്. ജോലി സംബന്ധിച്ച് ഏറ്റവും മികച്ച മാർഗദർശി. മതചിട്ടകൾ പാലിക്കാനും കർമ്മങ്ങൾ അനുഷ്ഠിക്കാനും സ്വകാര്യത കാത്തുസൂക്ഷിക്കാനും കഴിയുന്ന ഒരിടമായിരുന്നു അത്.

നാട്ടിൽ വീടുപണി നടക്കുന്നുണ്ടായിരുന്നു. പണി പൂർത്തിയായപ്പോൾ ഞങ്ങൾ നാട്ടിലേക്ക് തിരിച്ചുവന്നു. കുറച്ചുകാലം ആ വീട്ടിൽ ഒരുമിച്ചുതാമസിച്ചു. അതിനിടയ്ക്ക് രണ്ടാമതൊരു കൺമണി കൂടി ഞങ്ങളുടെ ജീവിതത്തിലേക്ക് കടന്നുവന്നു. സന്തോഷകരമായ ദിവസങ്ങൾ. ഇത്തവണ ഭർത്താവ് മാത്രം തിരിച്ചുപോയി. ഞാനും മക്കളും പുതിയ വീട്ടിൽ തുടർന്നു.

## ക്യാമ്പസിലേക്ക് വീണ്ടും

ജോലിത്തിരക്കുകളിൽ നിന്ന് ജീവിതം വീണ്ടും നിശ്ശബ്ദതയിലേക്ക് വഴിമാറി. കെട്ടിത്തീരാത്ത ഉത്തരപേപ്പറിന്റെ രൂപത്തിൽ പൂർത്തിയാകാത്ത ബിരുദപഠനം എന്റെ ഉറക്കം കെടുത്തി. അതിനിടയ്ക്ക് ഒരുദിവസം ഞാൻ

ഫാറൂഖ് കോളേജിലേക്ക് വീണ്ടും പോയി. പാതിവഴിയിൽ ഉപേക്ഷിച്ച ബിരുദം പൂർത്തിയാക്കുന്നതിനെക്കുറിച്ച് അധ്യാപകരോടന്വേഷിച്ചു. സിലബസ് മുഴുവൻ മാറിയെന്നും ഇനി പുതുതായി രജിസ്റ്റർ ചെയ്യണമെന്നുമായിരുന്നു മറുപടി. അവിടെയുണ്ടായിരുന്ന എന്റെ സർട്ടിഫിക്കറ്റുകൾ തിരിച്ചുതന്നു.

അവധിക്കാലമായതിനാൽ ക്യാംപസ് വിജനമായിരുന്നു. കൂട്ടുകാരോടൊത്ത് കളിതമാശകൾ പറഞ്ഞുചിരിച്ച വരാന്തകളും വലിയ സ്വപ്നങ്ങളിലേക്ക് കൈപിടിച്ചുനടത്തിയ അധ്യാപകരും ഒറ്റയ്ക്കിരുന്ന് നോട്ടുബുക്കിൽ ഞാനെഴുതിയ കുറിപ്പുകളും ഒരു കടലിലെ തിരമാല പോലെ എന്റെ മനസ്സിലേക്ക് ഇരച്ചുകയറി. ഞാൻ എന്റെ ക്ലാസ്സിൽ പോയി നോക്കി. ഭൂതകാലത്തിന്റെ പൊട്ടിച്ചിരികളും ബഹളങ്ങളും അവിടെ അലയടിച്ചു. നിറഞ്ഞൊഴുകിയ കണ്ണുകളെ ഇറുക്കിയടച്ചു കൊണ്ട് ഞാൻ ക്യാമ്പസ് വിട്ടു.

## കരുത്തു പകർന്ന് ഉപ്പയും ഉമ്മയും

പിന്നീട് കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ വിദൂരവിദ്യാഭ്യാസ കോഴ്സ് വഴി ബിരുദം പൂർത്തിയാക്കാനായിരുന്നു എന്റെ തീരുമാനം. ബിസിനസ് അഡ്മിനിസ്ട്രേഷൻ തന്നെ തിരഞ്ഞെടുത്തു. മൂത്ത കുട്ടി സ്കൂളിൽ പോയിത്തുടങ്ങിയിട്ടുണ്ട്. ഇളയ മകൻ ഉറങ്ങിക്കഴിയുമ്പോൾ ഞാനെന്റെ സ്വപ്നത്തിലേക്ക് ചിറകുവിരിച്ചു പറക്കുന്ന പൂമ്പാറ്റയായി മാറി. ആർത്തിയോടെ പഠിച്ചു. പല പരീക്ഷകൾക്കും രോഗിയായ ഉപ്പയും ഉമ്മയും കൂടെ വന്നു. അവർ പരീക്ഷ കഴിയുന്നതു വരെ കുഞ്ഞിനെ നോക്കി എന്നെ കാത്തിരുന്നു. പടിപടിയായി എന്റെ ബിരുദപഠനം പൂർത്തിയായി. വീട്ടിലിരുന്ന് ഓൺലൈൻ സൗകര്യങ്ങൾ ഉപയോഗപ്പെടുത്തി പൂർണ സ്വകാര്യത പാലിച്ചുകൊണ്ടു തന്നെ സ്ത്രീകൾക്ക് ഉന്നതപഠനം നേടാനുള്ള അവസരങ്ങൾ നിരവധിയുണ്ടല്ലോ എന്നാലോചിച്ചു. പഠിക്കാനുള്ള മനസ്സുണ്ടെങ്കിൽ സ്വപ്നങ്ങൾ എത്തിപ്പിടിക്കാൻ കഴിയുമെന്നു ബോധ്യമായ നിമിഷങ്ങളായിരുന്നു അത്.

## കാലിൽ മുറിവുമായി പരീക്ഷാഹാളിലേക്ക്

വീണ്ടുമൊരു ബിരുദം ചെയ്യുന്നതിനെക്കുറിച്ചാലോചിച്ചു. റെഗുലർപഠനത്തിന്റെ എല്ലാ സാധ്യതകളെയും തിരക്കി. പക്ഷേ, ഉമ്മാക്ക് രോഗിയായ ഉപ്പയെ പരിചരിക്കേണ്ടതിനാൽ മക്കളെ സുരക്ഷിതമായി ഏൽപ്പിക്കാൻ മറ്റൊരിടവും എനിക്ക് കണ്ടെത്താനായില്ല. പഠനം, വിദൂരവിദ്യാഭ്യാസം മുഖേന തന്നെ തുടർന്നു. ഇത്തവണ സോഷ്യോളജിയായിരുന്നു വിഷയം. ഒരുദിവസം മക്കളെ ഒറ്റയ്ക്ക് വീട്ടിലാക്കി ഞാൻ പരീക്ഷയ്ക്കുപോവുകയായിരുന്നു. ഒരു കൂട്ടുകാരിയുമുണ്ടായിരുന്നു കൂടെ. വഴിയിൽ വെച്ച് ഞങ്ങൾ യാത്ര ചെയ്തിരുന്ന ഓട്ടോ അപകടത്തിൽപ്പെട്ടു. എന്റെ മുട്ടിനു താഴെയുള്ള വസ്ത്രവും തൊലിയും റോഡിലുരഞ്ഞു കീറി. നല്ല മുറിവുണ്ടായിരുന്നു. ആളുകൾ ഓടിക്കൂടി. മറ്റൊരു വാഹനത്തിൽ ഞങ്ങളെ ഹോസ്പിറ്റലിലെത്തിച്ചു. എനിക്കായിരുന്നു കൂടുതൽ പരിക്ക്. ഡോക്ടർ എന്തെങ്കിലും പറയുന്നതിനു മുന്നേ ഞാൻ പറഞ്ഞു: 'ഡോക്ടർ, ഒരു മണിക്ക് പരീക്ഷയുണ്ട്. കുഴപ്പമൊന്നുമില്ലെങ്കിൽ ഞങ്ങളെ പെട്ടെന്ന് വിട്ടൂടേ?'

ഡോക്ടർ എന്റെ മുറിവുകളിലേക്ക് നോക്കി. അതിൽ മണ്ണും വസ്ത്രവും ഒട്ടിപ്പിടിച്ചിരിക്കുന്നു. അദ്ദേഹം വളരെ വേഗത്തിൽ ഞങ്ങളെ പരിചരിച്ചു. അല്പം വൈകിയാണെങ്കിലും, കീറിയ വസ്ത്രം ധരിച്ച് ഞങ്ങൾ പരീക്ഷാഹാളിലെത്തി. വേദനകൊണ്ട് ചാഞ്ഞും ചെരിഞ്ഞുമാണ് പോയതെങ്കിലും അന്നത്തെ പരീക്ഷ ഞങ്ങൾ എഴുതുക തന്നെ ചെയ്തു. ഏറ്റവും ഒടുവിൽ പരീക്ഷ എഴുതിത്തീർന്നത് ഞങ്ങളായിരുന്നതിനാൽ പുറത്തിറങ്ങിയപ്പോഴേക്കും ക്യാമ്പസ് വിജനമായിരുന്നു. ചോരയും നീരുമൊലിക്കുന്ന കാലുകളുമായി ഞങ്ങൾ മെല്ലെ നടന്നു.

> കൂട്ടുകാരോടൊത്ത് കളിതമാശകൾ പറഞ്ഞു ചിരിച്ച വരാന്തകളും വലിയ സ്വപ്നങ്ങളിലേക്ക് കൈപിടിച്ചുനടത്തിയ അധ്യാപകരും ഒറ്റയ്ക്കിരുന്ന് നോട്ടുബുക്കിൽ ഞാനെഴുതിയ കുറിപ്പുകളും ഒരു കടലിലെ തിരമാല പോലെ എന്റെ മനസ്സിലേക്ക് ഇരച്ചുകയറി. ഞാൻ എന്റെ ക്ലാസ്സിൽ പോയി നോക്കി. ഭൂതകാലത്തിന്റെ പൊട്ടിച്ചിരികളും ബഹളങ്ങളും അവിടെ അലയടിച്ചു. നിറഞ്ഞൊഴുകിയ കണ്ണുകളെ ഇറുക്കിയടച്ച് ഞാൻ ക്യാമ്പസ് വിട്ടു.

## 13 വർഷത്തിനു ശേഷം റെഗുലർ പിജി

2020 ജനുവരി അവസാനത്തോടെ ഭീതി പടർത്തി കൊറോണ കടന്നുവന്നു. പെട്ടിക്കടകൾ മുതൽ വിമാനത്താവളങ്ങൾ വരെ അടയ്ക്കപ്പെട്ടു. എന്റെയും മക്കളുടെയും പഠനം ഓൺലൈനിൽ തുടർന്നു. അങ്ങനെ വീണ്ടുമൊരു ബിരുദം കൂടി പൂർത്തീകരിക്കപ്പെട്ടു.

2023 ഓടെ കൊറോണഭീതിയിൽ നിന്ന് നാട് മുക്തമായി. സ്കൂളുകളും കോളേജുകളും തുറന്നു. മക്കൾ രണ്ടുപേരും സ്കൂളിൽ പോകാൻ തുടങ്ങി. അപ്പോഴേക്കും വിവാഹം കഴിഞ്ഞ് 13 വർഷമായിരുന്നു. കാത്തിരുന്ന അവസരം വന്നെത്തി. അന്വേഷണങ്ങൾക്കൊടുവിലാണ്

**കൂട്ടുകാർ പരീക്ഷ എഴുതിക്കൊണ്ടിരുന്നപ്പോൾ ഞാൻ ഓപ്പറേഷൻ തിയേറ്ററിനു മുന്നിൽ തളർന്നിരുന്നു. ഓപ്പറേഷൻ കഴിഞ്ഞു, മോനെ റൂമിലേക്ക് ഷിഫ്റ്റ് ചെയ്തു. പാതിമയക്കത്തിലും അവൻ എന്റെ വിരലുകൾ മുറുകെ പിടിച്ചിരുന്നു. പിറ്റേന്ന് ഞാൻ ട്യൂട്ടറെ വിളിച്ചു. വിവരങ്ങൾ അറിയിച്ചപ്പോൾ 'നീ വിഷമിക്കാതിരിക്ക്, ഈ പരീക്ഷകളെല്ലാം നിനക്ക് ഈ വർഷം എഴുതിയെടുക്കാം' എന്ന മറുപടിയാണ് മറുതലക്കൽ കേട്ടത്. എനിക്കാശ്വാസമായി.**

കെഎംസിടി ബിസിനസ് സ്കൂളിൽ എംബിഎക്ക് ഒരു സീറ്റ് ഒഴിവുണ്ടെന്നറിഞ്ഞത്. വൈകാതെ അവിടേക്ക് വച്ചുപിടിച്ചു. ബാച്ച് തുടങ്ങിക്കഴിഞ്ഞതിനാൽ അധികം ആലോചിച്ചു നിൽക്കാൻ സമയമില്ലായിരുന്നു. അഡ്മിഷനെടുത്തു. 'ഞങ്ങൾ നിന്നിൽ നിന്ന് നല്ലൊരു റിസൾട്ട് പ്രതീക്ഷിക്കുന്നു' എന്നു പറഞ്ഞ് അധ്യാപകർ എന്നെ സ്വാഗതം ചെയ്തു.

ആദ്യദിനം ക്ലാസ്സിലേക്ക് കയറിയപ്പോൾ മനസ്സ് വർഷങ്ങൾ പിന്നോട്ടേക്കു പാഞ്ഞു. പണ്ടെങ്ങോ നഷ്ടപ്പെട്ടെന്നു കരുതിയ ക്ലാസ്മുറി, കുട്ടികൾ, യൂണിഫോം, ഐ.ഡി കാർഡ്, ലക്ച്വേഴ്സ്... എല്ലാമുണ്ട്. മുമ്പ് നഷ്ടമായത് എന്തൊക്കെയോ എനിക്കവിടെ കിട്ടി. മൃതിയടഞ്ഞുവെന്നു കരുതിയിരുന്ന എന്നിലെ റെഗുലർ വിദ്യാർത്ഥിനി ആത്മസംതൃപ്തിയോടെ പഠിക്കാൻ തുടങ്ങി. എന്നെക്കാൾ പത്തോ അതിലധികമോ വർഷം ചെറുപ്പമുള്ള കുട്ടികളായിരുന്നു അവിടെയുണ്ടായിരുന്നത്. ആദ്യമൊക്കെ ചെറിയ ബുദ്ധിമുട്ടനുഭവപ്പെട്ടു. എന്നാൽ, പ്രായത്തിന്റേതായ ഒരകൽച്ചയും എന്നോട് ആരും കാണിച്ചില്ല. ആരും എന്നെ അവഗണിച്ചില്ല. എന്താവശ്യത്തിനും എപ്പോഴും കൂടെനിന്നു. ചിലർക്ക് 'സഹീറത്ത', ചിലർക്ക് 'സഹീറ'. ക്യാമ്പസിനകത്ത് സ്വകാര്യതയും മതചിട്ടകളും കാത്തുസൂക്ഷിക്കാൻ കഴിഞ്ഞുവെന്നതു തന്നെയായിരുന്നു വലിയ നേട്ടം.

## മക്കളോടൊപ്പം പഠനം

സെമസ്റ്റർപരീക്ഷയുടെ സ്റ്റഡി ലീവ് ആരംഭിച്ചു. അവധിയുടെ ആദ്യദിനം തന്നെ മൂത്തമകന് വയറുവേദന തുടങ്ങി. ഡോക്ടറെ കാണിച്ചു, മരുന്നുകൾ കൊടുത്തു. രണ്ടു ദിവസം കഴിഞ്ഞു. വേദന കുറഞ്ഞില്ല. വീണ്ടും ഡോക്ടറെ കണ്ടു. സ്കാനിംഗ് ചെയ്തു. റിസൾട്ട് നോക്കി ഡോക്ടർ പറഞ്ഞു: 'അപ്പെൻഡിക്സാണ്, ഉടനെ സർജറി വേണം.' എല്ലാം കൈവിട്ടുപോയ പോലെ തോന്നി. എന്റെ സ്വപ്നങ്ങൾ നാളെ മുതൽ സെമസ്റ്റർ പരീക്ഷകളായി എന്നിലേക്കെത്തിച്ചേരാനുള്ളതാണ്! വേദന കൊണ്ട് പുളയുന്ന മകനെ വാരിയെടുത്തുമ്മ വെച്ച് പൊട്ടിക്കരഞ്ഞു.'

കൂട്ടുകാർ പരീക്ഷ എഴുതിക്കൊണ്ടിരുന്നപ്പോൾ ഞാൻ ഓപ്പറേഷൻ തിയേറ്ററിനു മുന്നിൽ തളർന്നിരുന്നു. ഓപ്പറേഷൻ കഴിഞ്ഞു, മോനെ റൂമിലേക്ക് ഷിഫ്റ്റ് ചെയ്തു. പാതിമയക്കത്തിലും അവൻ എന്റെ വിരലുകൾ മുറുകെ പിടിച്ചിരുന്നു. പിറ്റേന്ന് ഞാൻ ട്യൂട്ടറെ വിളിച്ചു. വിവരങ്ങൾ അറിയിച്ചപ്പോൾ 'നീ വിഷമിക്കാതിരിക്ക്, ഈ പരീക്ഷകളെല്ലാം നിനക്ക് ഈ വർഷം എഴുതിയെടുക്കാം' എന്ന മറുപടിയാണ് മറുതലക്കൽ കേട്ടത്. എനിക്കാശ്വാസമായി. അസുഖം പൂർണമായി ഭേദമായി അവൻ സ്കൂളിൽ പോയിത്തുടങ്ങി. ഞാനെന്റെ രണ്ടാം സെമസ്റ്ററിലേക്ക് പ്രവേശിച്ചു. പിന്നീടങ്ങോട്ട്, ഇന്റേൺഷിപ്, സെമസ്റ്റർ പരീക്ഷകൾ എല്ലാം പടിപടിയായി കടന്നുപോയി. ഞാനും മക്കളും സ്കെയിലും പെൻസിലും പേനയും പങ്കുവെച്ച് പഠിച്ചു. മക്കളുടെ ക്ലാസ്മീറ്റിംഗുകൾക്ക് ഞാൻ രക്ഷിതാവായി സ്കൂളിലേക്ക്! വിദ്യാർത്ഥിയായി കോളേജിലേക്ക്! ഏറെ ദൂരെയല്ലാത്ത ഈ രണ്ടു കെട്ടിടങ്ങളിൽ രണ്ടു റോളുകൾ ഒരേ ദിവസം ചെയ്യേണ്ടി വന്നതിൽ ഞാൻ അത്ഭുതപ്പെടുകയും അഭിമാനിക്കുകയും ചെയ്തു.

## സാക്ഷാത്കാരം

വീട്ടുകാര്യങ്ങളും മക്കളുടെ കാര്യങ്ങളും നോക്കാൻ വീട്ടിൽ ആരുമില്ലാത്തതിനാൽ മിക്കവാറും പാതിരാവിനെ പകലാക്കി മാറ്റി. രാത്രി മക്കളുടെ പഠനവും ഭോജനവും കഴിഞ്ഞാൽ അവരെ ഉറക്കി ഞാൻ പഠിക്കാനിരിക്കും. ഓരോ രാത്രിയും മൂന്നും നാലും കോഫികൾ കുടിച്ച് ഉറക്കത്തെ അകറ്റി. രാത്രി രണ്ടു മണിയും മൂന്നു മണിയും എനിക്ക് സുപരിചിതമായി. ഇടയ്ക്കിടെ കാലും മുഖവും നനച്ചുകൊണ്ട് ഞാൻ പഠനം തുടർന്നു. പരീക്ഷകൾ കടന്നുപോയി. അവസാനത്തെ പരീക്ഷയും കഴിഞ്ഞു ഞങ്ങൾ സെമിനാർഹാളിൽ ഒത്തുകൂടി. ചുരുങ്ങിയ കാലം കൊണ്ട് ആരൊക്കെയോ ആയി മാറിയവർ, ഞങ്ങൾ പൊട്ടിക്കരയുകയും ചേർത്തുപിടിക്കുകയും ചെയ്തു. എന്തിനും എപ്പോഴും കൂടെനിന്ന എന്റെ കൂട്ടുകാർക്ക്, അതിലുപരി എന്റെ അധ്യാപകർക്ക്, സ്ഥാപനത്തിന്, മതചിട്ടകളും സ്വകാര്യതയും പാലിച്ചുകൊണ്ടു തന്നെ പഠനരംഗത്ത് മുന്നേറണമെന്ന് എന്റെ സ്വപ്നങ്ങൾക്ക് ചിറകുകൾ തുന്നിയ പ്രിയതമന് ഞാൻ ഹൃദയത്തിന്റെ ഭാഷയിൽ നന്ദിപറഞ്ഞു. ഞങ്ങൾ പലയിടങ്ങളിലേക്ക് പിരിഞ്ഞു.

ദിവസങ്ങൾ മുന്നോട്ടുപോയി. മക്കളോടൊപ്പമായിരുന്നു ഒഴിവുകാലം. പച്ചമാങ്ങയും, ചാമ്പയ്ക്കയും ഞങ്ങൾ പങ്കുവെച്ചുകഴിച്ചു. അതിനിടയ്ക്ക് നാലാം സെമസ്റ്റർ പരീക്ഷയുടെ റിസൾട്ടും വന്നു.

അങ്ങനെ, സന്തോഷകരമെന്നു പറയാം. ഒരുപാട് വെല്ലുവിളികൾ നിറഞ്ഞ എന്റെ പഠനം വിജയകരമായി പൂർത്തീകരിക്കപ്പെട്ടു. ഞാനാണ് ലോകത്തിലെ ഏറ്റവും വലിയ സന്തോഷവതി എന്ന് എനിക്കപ്പോൾ തോന്നി.

അന്ന് മനസ്സ് ഉപ്പാന്റെ ഖബറിന്നരികിലേക്ക് ഓടിപ്പോയി. ‘ഉപ്പാ, നമ്മൾ കഷ്ടപ്പെട്ടതൊന്നും വെറുതെയായില്ല. സർവ ശക്തന്റെ അനുഗ്രഹത്താൽ ഇന്ന് ഞാനത് നേടി. ഉപ്പാ, നിങ്ങളെന്റെ കൂടെ പരീക്ഷയ്ക്കു കൂട്ടു വന്ന നാളുകളിൽ നാം പറയാറില്ലേ, എല്ലാം ഒരു ദിവസം നടക്കുമെന്ന്! പത്താം ക്ലാസ്സിൽ പഠിക്കുമ്പോൾ, ഞാൻ പറയാതെ തന്നെ എന്റെ സ്റ്റഡിടേബിളിൽ നിങ്ങൾ വെക്കാറുള്ള പത്തിന്റെയും ഇരുപത്തിന്റെയും നോട്ടുകൾ എന്നോട് പറഞ്ഞിരുന്നു, ഇത് ഉപ്പാന്റെ പ്രതീക്ഷയാണെന്ന്!’

പകുതി ഓർമ നഷ്ടപ്പെട്ട നിലയിലും ഉപ്പയെനിക്ക് കൂട്ടുവന്നു. ഞാൻ പരീക്ഷയെഴുതിക്കഴിയും വരെ ഏതെങ്കിലും ഒരു മരത്തണലിലിരുന്നു. പരീക്ഷ കഴിഞ്ഞു തിരിച്ചുവന്ന് ‘ചായ കുടിച്ചോ’ എന്നു ചോദിച്ചാൽ ‘എനിക്കൊന്നും ഓർമ വരുന്നില്ലെടീ’ എന്നു വിറയലോടെ പറഞ്ഞിരുന്നല്ലോ. ഉപ്പ അൾഷിമേഴ്സിന്റെ പിടിയിലമരുകയാണെന്നറിഞ്ഞപ്പോൾ ഒരു ഞെട്ടൽ എന്റെ തല മുതൽ പാദം വരെ കടന്നുപോയിരുന്നു.

‘ഉപ്പാ, നമ്മൾ കഷ്ടപ്പെട്ടതൊന്നും വെറുതെയായില്ല. സർവശക്തന്റെ അനുഗ്രഹത്താൽ ഇന്ന് ഞാനത് നേടി. ഉപ്പാ, നിങ്ങളെന്റെ കൂടെ പരീക്ഷയ്ക്കു കൂട്ടു വന്ന നാളുകളിൽ നാം പറയാറില്ലേ, എല്ലാം ഒരു ദിവസം നടക്കുമെന്ന്! പത്താം ക്ലാസ്സിൽ പഠിക്കുമ്പോൾ, ഞാൻ പറയാതെ തന്നെ എന്റെ സ്റ്റഡിടേബിളിൽ നിങ്ങൾ വെക്കാറുള്ള പത്തിന്റെയും ഇരുപത്തിന്റെയും നോട്ടുകൾ എന്നോട് പറഞ്ഞിരുന്നു, ഇത് ഉപ്പാന്റെ പ്രതീക്ഷയാണെന്ന്!’



## സ്വപ്നങ്ങളെ പിന്തുടരാം

ഉപ്പയും ഉമ്മയും സഹോദരങ്ങളും എന്റെ പ്രിയപ്പെട്ട ഭർത്താവും കുട്ടികളും അധ്യാപകരും കോളജിലെ കൂട്ടുകാരും പല രൂപത്തിൽ തന്ന സ്നേഹത്തിന്റെയും പരിഗണനയുടെയും ഉത്തരമാണ് ഇന്നുള്ള ഞാൻ. പ്രിയപ്പെട്ടവരേ, ജീവിതം എത്ര കഠിനമാണെങ്കിലും സ്വപ്നങ്ങളെ ഉപേക്ഷിക്കരുത്. വീട്ടിലെ തിരക്കുപിടിച്ച സാഹചര്യങ്ങൾക്കിടയിലും ഉന്നതപഠനങ്ങൾ നേടാൻ അനേകം വാതിലുകൾ നമ്മുടെ മുമ്പിൽ തുറന്നിരിപ്പുണ്ട്. അല്പം സമയം ഉപയോഗപ്പെടുത്താനും റിസ്കെടുക്കാനും തയ്യാറാണെങ്കിൽ ആ സ്വപ്നങ്ങൾ നമുക്ക് സാക്ഷാത്കരിക്കാനാവും. കോളേജിൽ ചേരാനോ ഔദ്യോഗികമായി പഠനം മുന്നോട്ടു കൊണ്ടുപോകാനോ സാഹചര്യങ്ങൾ അനുവദിച്ചില്ലെങ്കിലും ഒരുപാട് വായിക്കാനും എഴുതാനും നമുക്ക് കഴിയുമല്ലോ. സോഷ്യൽമീഡിയയിലും മറ്റും അനാവശ്യമായി ചെലവഴിക്കുന്ന സമയങ്ങൾ ഉപയോഗപ്പെടുത്തിയാൽ തന്നെ മതപരമായും ധാർമികമായും അനേകം അറിവുകൾ നമുക്ക് സമ്പാദിക്കാനാവും. കൂട്ടുകാരികൾക്കും ചുറ്റുവട്ടത്തുള്ള കുഞ്ഞുങ്ങൾക്കും ആ അറിവ് പകർന്നുകൊടുക്കാൻ കൂടി കഴിഞ്ഞാൽ എത്ര വലിയ സൗഭാഗ്യമായിരിക്കുമതെന്ന് ആലോചിച്ചുനോക്കൂ. ക്യാമ്പസിൽ പോകുമ്പോഴും അല്ലാത്തപ്പോഴുമെല്ലാം വിജ്ഞാനം നേടുക, വരുന്ന തലമുറക്ക് പകർന്നു കൊടുക്കുക എന്നതു മാത്രമാകണം നമ്മുടെ ലക്ഷ്യം. അനഭിമതമായ സൗഹൃദബന്ധങ്ങൾ കണ്ടെത്താനും സ്വകാര്യതകൾ സോഷ്യൽമീഡിയയിലൂടെ ലോകം മുഴുവൻ പ്രദർശിപ്പിക്കാനും സമ്പത്ത് വാരിക്കൂട്ടാനും അതുവഴി മതചിട്ടകൾ കാറ്റിൽ പറത്താനുമാണെങ്കിൽ നമ്മുടെ ജീവിതത്തിനെന്തു ഫലം? മതചിട്ടകളും നിയമങ്ങളും പാലിച്ചു കൊണ്ടു തന്നെ പഠനരംഗത്ത് മുന്നേറുക. ധാർമികബോധമുള്ള തലമുറയെ സൃഷ്ടിക്കാൻ പ്രതിജ്ഞയെടുക്കുക. അമൂല്യമായ അറിവുകൾ നിധിപോലെ ശേഖരിച്ച് ഉചിതമായ മാർഗത്തിൽ സമൂഹത്തിന് പകർന്നു കൊടുക്കുക.

ആത്മികം

റൈഹാൻ

# സത്യത്തിന്റെ മാധുര്യം: ജീലാനീ പ്രകാശനങ്ങൾ

സത്യസന്ധത വിശ്വാസിയുടെ മുഖമുദ്രയാണ്. വാക്കുകളിലും പ്രവർത്തനങ്ങളിലുമെല്ലാം സത്യസന്ധത കാത്തുസൂക്ഷിക്കണം. സമൂഹത്തിൽ ഒരു വ്യക്തിയുടെ അന്തസ്സും അഭിമാനവും കാത്തുസൂക്ഷിക്കുന്നതിൽ സത്യസന്ധതക്ക് ചെറുതല്ലാത്ത പങ്കുണ്ട്. സത്യസന്ധതയുടെയും വിശ്വാസത്തിന്റെയും പര്യായമായിരുന്നു തിരുനബി(സ). തിരുനബി(സ)ക്ക് നുബുവ്വത്ത് ലഭിക്കുന്നതിനു മുമ്പ്, കഅ്ബയുടെ പുനർനിർമ്മാണഘട്ടത്തിൽ ഹജറുൽഅസ്‌വദ് യഥാസ്ഥാനത്ത് പുനസ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് നടന്ന സംഭവം വിശ്രുതമാണല്ലോ. തർക്കത്തിൽ മധ്യസ്ഥം വഹിക്കാൻ കഅ്ബാശരീഫിനടുത്തേക്ക് മുത്തുനബി(സ) കടന്നുവന്നപ്പോൾ 'അസ്സ്വാദിഖുൽ അമീൻ' അഥവാ, വിശ്വസ്തനായ സത്യസന്ധൻ എന്നാണ് ഖുറൈശികൾ ഒന്നടങ്കം വിശേഷിപ്പിച്ചത്. മധ്യസ്ഥത വഹിക്കാൻ എല്ലാവർക്കും സുസമ്മതനായിരുന്നു റസൂൽ(സ).

> വാക്കുകളിലും പ്രവർത്തനങ്ങളിലുമെല്ലാം സത്യസന്ധത കാത്തുസൂക്ഷിക്കണം. വിശ്വാസിയുടെ മുഖമുദ്രയാണത്. സമൂഹത്തിൽ ഒരു വ്യക്തിയുടെ അന്തസ്സും അഭിമാനവും കാത്തുസൂക്ഷിക്കുന്നതിൽ സത്യസന്ധതക്ക് ചെറുതല്ലാത്ത പങ്കുണ്ട്. സത്യസന്ധതയുടെയും വിശ്വാസത്തിന്റെയും പര്യായമായിരുന്നു തിരുനബി(സ)

അടുത്ത കുടുംബാംഗങ്ങളെ സത്യദീനിലേക്ക് ക്ഷണിക്കാൻ ആവശ്യപ്പെട്ടുകൊണ്ട് വിശുദ്ധ ഖുർആൻ അവതരിച്ചപ്പോൾ തിരുനബി(സ) സ്വഫാ പർവതത്തിനടുത്ത് ഖുറൈശികളെ വിളിച്ചു കൂട്ടി. ശേഷം, പർവതത്തിനു മുകളിൽ കയറി നിന്ന് ഇങ്ങനെ വിളിച്ചുപറഞ്ഞു: 'ബനൂഫിഹ്ർ ഗോത്രക്കാരേ, ബനൂഅദിയ്യ് ഗോത്രക്കാരേ, ഈ താഴ്‌വരയ്ക്കപ്പുറത്തു നിന്ന് ഒരു കുതിരപ്പട നിങ്ങളെ ആക്രമിക്കാൻ കടന്നുവരുന്നുണ്ടെന്ന് പറഞ്ഞാൽ നിങ്ങളെന്നെ വിശ്വസിക്കുമോ?' അബൂലഹബടക്കം അവിടെ കൂടിയ ഖുറൈശികൾ മുഴുവൻ ഒരേ സ്വരത്തിൽ പറഞ്ഞു: 'തീർച്ചയായും ഞങ്ങൾ വിശ്വസിക്കും. നിന്നിൽനിന്ന് ഞങ്ങൾ സത്യമല്ലാതെ കേട്ടിട്ടില്ലല്ലോ.' (സ്വഹീഹുൽബുഖാരി 4770)

സത്യത്തിന്റെ സൗന്ദര്യദർശനങ്ങൾ തിരുജീവിതത്തിലുടനീളം കാണാനാകും. സത്യം പറയാൻ പ്രോത്സാഹനം നൽകുകയും കളവു പറയുന്നതിനെ നിരുത്സാഹപ്പെടുത്തുകയും ചെയ്യുന്ന നിരവധി ഹദീസുകൾ കാണാം. അവയിൽ പ്രധാനപ്പെട്ട ചിലത് വായിക്കാം:

1. സംശയമുള്ളത് വർജ്ജിച്ച് സംശയമില്ലാത്തതു മാത്രം സ്വീകരിക്കുക. കാരണം, സത്യം മനഃസമാധാനവും അസത്യം അസ്വസ്ഥതയുമാകുന്നു. (തിർമുദി 2518, അഹ്മദ് 1723, നസാഇൗ 5711)

2. സത്യം നന്മയിലേക്കും നന്മ സ്വർഗത്തിലേക്കും നയിക്കും. സത്യം പറഞ്ഞുശീലിക്കുന്നവരെ അല്ലാഹുവിങ്കൽ തികഞ്ഞ സത്യസന്ധനെന്ന് രേഖപ്പെടുത്തും. കള്ളം ദുർവൃത്തിയിലേക്കും ദുർവൃത്തി നരകത്തിലേക്കും നയിക്കും. കള്ളം പറഞ്ഞു ശീലിക്കുന്നവരെ അല്ലാഹുവിന്റെയടുക്കൽ മഹാകള്ളനെന്ന് രേഖപ്പെടുത്തും. (സ്വഹീഹുൽബുഖാരി 6094, സ്വഹീഹുമുസ്‌ലിം 2607)

3. നാലുഗുണങ്ങൾ സ്വന്തമായുള്ളവർക്ക് ദുൻയാവിൽ എന്തു നഷ്ടപ്പെട്ടാലും പ്രശ്നമില്ല: വിശ്വസ്തത, സത്യസന്ധത, സൽസ്വഭാവം, നിശിദ്ധമായത് കലരാത്ത ഭക്ഷണം. (അഹ്‌മദ് 6652)

4. മനുഷ്യഹൃദയത്തിൽ വിശ്വാസവും സത്യനിഷേധവും ഒരുമിക്കുകയില്ല, കളവും സത്യസന്ധതയും ഒരുമിക്കുകയില്ല, വഞ്ചനയും വിശ്വസ്ഥതയും ഒരുമിക്കുകയില്ല. (അഹ്‌മദ് 8593)


**അദ്ധ്യാത്മികലോകത്തെ തിളങ്ങുന്ന താരകമായിരുന്നു സുൽത്വാനുൽഔലിയാഅ് ശൈഖ് അബ്ദുൽഖാദിർ ജീലാനി(റ). ഹിജ്റ 470 ൽ (471 എന്ന അഭിപ്രായവുമുണ്ട്.) പേർഷ്യയിലെ ഗീലാൻ പ്രദേശത്താണ് മഹാനവർകളുടെ ജനനം. പിതാവ് വഴി ഹസൻ(റ)വിലേക്കും മാതാവ് വഴി ഹുസൈൻ(റ)വിലേക്കുമാണ് മഹാനവർകളുടെ പരമ്പര ചേരുന്നത്. ചെറുപ്പകാലം മുതൽ നിരവധി അത്ഭുത സംഭവങ്ങൾ മഹാനവർകളുടെ ജീവിതത്തിലുണ്ടായി.**

5. കപടവിശ്വാസിയുടെ മൂന്ന് അടയാളങ്ങൾ: മിണ്ടിയാൽ കളവ് പറയും, വാഗ്ദാനം ലംഘിക്കും, വിശ്വസിച്ചവരെ വഞ്ചിക്കും. (സ്വഹീഹുൽബുഖാരി 33, സ്വഹീഹുമുസ്‌ലിം 59)

6. അല്ലാഹുവിലും അന്ത്യനാളിലും വിശ്വസിക്കുന്നവർ നല്ലതു പറയട്ടെ, അല്ലെങ്കിൽ മിണ്ടാതിരിക്കട്ടെ. (സ്വഹീഹുൽബുഖാരി 6018, സ്വഹീഹുമുസ്‌ലിം 47)

7. സമ്പത്തും അധികാരവും മറ്റും വർദ്ധിപ്പിക്കാൻ കളവ് പറയുന്നവർക്ക് അല്ലാഹു നഷ്ടമല്ലാതെ വർദ്ധിപ്പിക്കില്ല. (സ്വഹീഹുൽബുഖാരി 6047, സ്വഹീഹുമുസ്‌ലിം 110)

8. ജനങ്ങളെ ചിരിപ്പിക്കാൻ വേണ്ടി കളവുപറയുന്നവർക്ക് സർവ്വനാശം! (അബൂദാവൂദ് 4990, തിർമുദി 2315, അഹ്‌മദ് 20046)



## ജീലാനീ പ്രകാശനങ്ങൾ

അദ്ധ്യാത്മികലോകത്തെ തിളങ്ങുന്ന താരകമായിരുന്നു സുൽത്വാനുൽഔലിയാഅ് ശൈഖ് അബ്ദുൽഖാദിർ ജീലാനി(റ). ഹിജ്റ 470 ൽ (471 എന്ന അഭിപ്രായവുമുണ്ട്.) പേർഷ്യയിലെ ഗീലാൻ പ്രദേശത്താണ് മഹാനവർകളുടെ ജനനം. പിതാവ് വഴി ഹസൻ(റ)വിലേക്കും മാതാവ് വഴി ഹുസൈൻ(റ)വിലേക്കുമാണ് മഹാനവർകളുടെ പരമ്പര ചേരുന്നത്. ചെറുപ്പകാലം മുതൽ നിരവധി അത്ഭുത സംഭവങ്ങൾ മഹാനവർകളുടെ ജീവിതത്തിലുണ്ടായി.

പത്താം വയസ്സിൽ മതപഠനം ആരംഭിച്ച ശൈഖ് ജീലാനി(റ) ഉപരിപഠനത്തിനായി വൈജ്ഞാനിക നഗരിയായ ബാഗ്ദാദിലേക്ക് പുറപ്പെട്ടു. ബാഗ്ദാദിലേക്കുള്ള യാത്രാമധ്യേ മഹാനവർകളു

**ആദ്യമായി ഖാളി അബൂസഈദിൽ മഖ്റമി(റ)യുടെ വിദ്യാപീഠത്തിൽ അധ്യാപനം നടത്തിയ ശൈഖവർകൾ പിന്നീട് ബഗ്ദാദിലെ നിളാമിയ്യ സർവ്വകലാശാലയിൽ അധ്യാപകനായി സേവനമനുഷ്ഠിച്ചു. വലിയ ജനസമ്മിതിയും പ്രശസ്തിയും നേടിയ ശൈഖ് ജീലാനി(റ)വിന്റെ വിജ്ഞാനസദസ്സിലേക്ക് വിദൂരദിക്കുകളിൽ നിന്ന് തലയെടുപ്പുള്ള പണ്ഡിതന്മാർ പോലും വിദ്യാർത്ഥികളായെത്തി.**

ടെ യാത്രാസംഘത്തെ കൊള്ളക്കാർ പിടികൂടുകയും പണവും വിലപിടിപ്പുള്ള വസ്തുക്കളും കൈക്കലാക്കുകയും ചെയ്തു. 'വല്ലതും കൈയിലുണ്ടോ' എന്ന് കൊള്ളക്കാരൻ ചോദിച്ചപ്പോൾ ശൈഖ് ജീലാനി(റ) പറഞ്ഞു: '40 സ്വർണ്ണനാണയങ്ങൾ ഉമ്മ എന്റെ കുപ്പായത്തിൽ തുന്നിച്ചേർത്തിട്ടുണ്ട്.' ആദ്യം തമാശയായി കരുതിയെങ്കിലും കൊള്ളസംഘത്തിന്റെ നേതാവ് അന്വേഷിച്ചപ്പോൾ മഹാനവർകൾ പറഞ്ഞത് സത്യമാണെന്നു മനസ്സിലായി. നുണ പറഞ്ഞ് രക്ഷപ്പെടാമായിരുന്ന സാഹചര്യത്തിൽ സത്യം പറയാൻ പ്രേരിപ്പിച്ചതെന്താണെന്ന് കൊള്ളക്കാരൻ ചോദിച്ചപ്പോൾ മഹാനവർകൾ പറഞ്ഞു: 'എപ്പോഴും സത്യം മാത്രമേ പറയാവൂ' എന്ന് എന്നെ യാത്രയാക്കുമ്പോൾ ഉമ്മ പറഞ്ഞിട്ടുണ്ട്.' ശൈഖ് ജീലാനി(റ)വിന്റെ പ്രതികരണം കേട്ട് കൊള്ളത്തലവന് മാനസാന്തരമുണ്ടാവുകയും ശിഷ്ടകാലം അക്രമപ്രവർത്തനങ്ങളിൽ നിന്നകന്ന് നന്മയുള്ള ജീവിതം നയിക്കുകയും ചെയ്തു.

ഈ സത്യസന്ധതയാണ് ജീവിതത്തിൽ വലിയ പദവികൾ നേടാൻ അടിസ്ഥാനമായി വർത്തിച്ചതെന്ന് മഹാനവർകൾ പിന്നീട് പറഞ്ഞിട്ടുണ്ട്. ബഗ്ദാദിൽ അക്കാലത്തുണ്ടായിരുന്ന പണ്ഡിതപ്രധാനികളിൽ നിന്ന് മഹാനവർകൾ ശരീഅത്തിന്റെയും അദ്ധ്യാത്മികതയുടെയും വിജ്ഞാനം കരസ്ഥമാക്കി.

## അധ്യാപനം

ആദ്യമായി ഖാളി അബൂസഈദിൽ മഖ്റമി(റ)യുടെ വിദ്യാപീഠത്തിൽ അധ്യാപനം നടത്തിയ ശൈഖവർകൾ പിന്നീട് ബഗ്ദാദിലെ നിളാമിയ്യ സർവ്വകലാശാലയിൽ അധ്യാപകനായി സേവനമനുഷ്ഠിച്ചു. വലിയ ജനസമ്മിതിയും പ്രശസ്തിയും നേടിയ ശൈഖ് ജീലാനി(റ)വിന്റെ വിജ്ഞാനസദസ്സിലേക്ക് വിദൂരദിക്കുകളിൽ നിന്ന് തലയെടുപ്പുള്ള പണ്ഡിതന്മാർ പോലും വിദ്യാർത്ഥികളായെത്തി. പക്വതയാർന്ന സ്വഭാവവും വിനയത്തോടെയുള്ള പെരുമാറ്റവും തികഞ്ഞ ഭയഭക്തിയും അചഞ്ചലമായ വിശ്വാസവും അസാമാന്യ ധൈര്യവും ശൈഖവർകളെ വ്യത്യസ്തനാക്കി. ഇസ്‌ലാമിക കർമ്മശാസ്ത്ര സരണികളിൽ ആഴത്തിൽ അവഗാഹമുണ്ടായിരുന്ന ശൈഖ് ജീലാനി(റ) ആദ്യം ശാഫിഈ മദ്ഹബ് അനുസരിച്ചും പിന്നീട് ഹമ്പലി മദ്ഹബ് അനുസരിച്ചുമാണ് കർമ്മങ്ങൾ അനുഷ്ഠിച്ചത്.

നാലു പതിറ്റാണ്ട് നീണ്ട അധ്യാപന ജീവിതത്തിനൊടുവിലാണ് മഹാനവർകൾ ത്വരീഖത്തിന്റെ വഴി തെരഞ്ഞെടുത്തത്. ശൈഖവർകളുടെ പ്രഭാഷണങ്ങളും ഉപദേശങ്ങളും കേട്ട് ആയിരക്കണക്കിനാളുകൾ ഇസ്‌ലാമിലേക്ക് കടന്നുവന്നു. ധാർമികപാതയിൽ നിന്ന് ഏറെ അകന്നുനിന്ന സമൂഹത്തെ ആത്മീയപ്രകാശം കൊണ്ട് ജീവസുറ്റതാക്കിയ മഹാനവർകൾ 'മുഹ്‌യിദ്ദീൻ' അഥവാ, ദീനിനെ ജീവിപ്പിച്ചവർ എന്നറിയപ്പെട്ടു.

ഗദ്യ-പദ്യ രൂപങ്ങളിലായി ധാരാളം രചനകൾ ശൈഖ് ജീലാനി(റ) നിർവഹിച്ചിട്ടുണ്ട്. അബ്ബാസിയ ഭരണകാലത്ത് ബാഗ്ദാദിലുണ്ടായ താർത്താരികളുടെ ആക്രമണത്തിൽ മഹാനവർകളുടെ നിരവധി അമൂല്യമായ രചനകൾ അഗ്നിക്കിരയായി. അതിനെ അതിജീവിച്ച കിതാബുൽഗുൻയ പോലുള്ള നിരവധി രചനകൾ ഇന്നും അദ്ധ്യാത്മിക ദർശനത്തിന്റെ അകക്കാമ്പു തൊട്ട രചനകളായി നിലനിൽക്കുന്നു. മഹാനവർകളുടെ പ്രഭാഷണങ്ങൾ ക്രോഡീകരിച്ച് അൽഫത്ഹുർറബ്ബാനീ വൽ ഫൈളുർറഹ്മാനീ എന്ന ഗ്രന്ഥവും ലേഖനങ്ങൾ ക്രോഡീകരിച്ച് ഫുതൂഹുൽ ഗൈബ് എന്ന ഗ്രന്ഥവും മഹാനവർകൾ പതിവാക്കിയിരുന്ന വിർദുകളും പ്രാർത്ഥനകളും ക്രോഡീകരിച്ച് അൽഫുയൂളാതുർറബ്ബാനീ എന്ന ഗ്രന്ഥവും പിൽക്കാലത്ത് പുറത്തിറങ്ങി.

മുഹ്‌യിദ്ദീൻശൈഖിന്റെ ജീവിതവും കറാമത്തുകളും വിശദീകരിക്കുന്ന രചനകൾ അറബിയിലും ഇതര ഭാഷകളിലും ധാരാളം വിരചിതമായിട്ടുണ്ട്. കായൽപട്ടണം സ്വദഖതുല്ലാഹിൽ ഖാഹിരി രചിച്ച ഖസ്വീദതുൽ ഖുതുബിയ്യയും കോഴിക്കോട് ഖാളി മുഹമ്മദ് എഴുതിയ മുഹ്‌യുദ്ദീൻമാലയും ഏറെ പ്രശസ്തമാണ്. അറബിമലയാളഭാഷയിൽ കണ്ടെടുക്കപ്പെട്ട ഏറ്റവും പഴക്കമുള്ള രചനയാണ് മുഹ്‌യുദ്ദീൻമാല.

ഹി. 561 ലായിരുന്നു മഹാനവർകളുടെ വിയോഗം. നാലു പതിറ്റാണ്ടുകാലം പ്രബോധന പ്രവർത്തനങ്ങളുടെ കേന്ദ്രമായിരുന്ന ബാബുൽഅസജ്ജിലെ മദ്റസയുടെ മുമ്പിലാണ് ശൈഖ് ജീലാനി(റ)വിന്റെ മഖ്ബറ. മഹാനവർകൾ കൈമാറിയ വിനയം, സത്യസന്ധത, സൽസ്വഭാവം, ഭയഭക്തി തുടങ്ങിയ സൽഗുണങ്ങൾ ജീവിതത്തിൽ പകർത്തി ജീവിക്കാൻ നമുക്ക് സാധിക്കണം.

? ചോദ്യോത്തരം/ ശാഫിഈ

ചെറുശ്ശോല അബ്ദുൽ ജലീൽ സഖാഫി

# വീട്ടിൽ നായയെ വളർത്താമോ?

***ചോദ്യം: ഈയിടെ സോഷ്യൽമീഡിയയിൽ പ്രചരിച്ച ഒരു നികാഹിൽ നാലു കമ്പനികളിലെ ഷെയറാണ് വരൻ വധുവിന് മഹ്റായി നൽകിയത്. ആ മഹ്ർ സ്വീകാര്യമാണോ? ശരിയാണോ? ഇസ്‌ലാമിക നിയമപ്രകാരം ആ നികാഹ് സാധുവാണോ? സ്വർണ്ണരഹിത വിവാഹത്തെ പ്രോത്സാഹിപ്പിക്കാൻ വേണ്ടിയാണത്രെ അങ്ങനെ ചെയ്തത്.***

**ഉത്തരം:** മഹ്ർ സ്വർണ്ണമാവണമെന്ന് നിർബന്ധമില്ല. ധനമായി പരിഗണിക്കപ്പെടുന്നതെന്തും മഹ്റായി നിശ്ചയിക്കാവുന്നതാണ്. മഹർ വെള്ളിയായിരിക്കൽ പ്രത്യേകം സുന്നത്തുണ്ടെന്നും റസൂൽ(സ)യുടെ പുത്രിമാരുടെയും ഭാര്യമാരുടെയും മഹ്റായ 500 ദിർഹം (1487.5 ഗ്രാം) വെള്ളിയെക്കാൾ കൂടാതിരിക്കൽ സുന്നത്തുണ്ടെന്നും കർമശാസ്ത്ര ഇമാമുകൾ വ്യക്തമാക്കിയിട്ടുണ്ട്. (ഫത്ഹുൽ മുഈൻ 374, തുഹ്ഫ 7/375, നിഹായ 6/335)

'ഇരുമ്പുമോതിരമെങ്കിലും മഹ്റായി നൽകി നികാഹ് ചെയ്യുക' എന്ന് റസൂൽ(സ) നിർദ്ദേശിച്ചത് സ്വഹീഹുൽബുഖാരിയിലും സ്വഹീഹുമുസ്‌ലിമിലും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. റസൂൽ(സ) ഭാര്യമാർക്ക് നൽകിയ മഹ്ർ 500 ദിർഹം വെള്ളിയായിരുന്നുവെന്ന് ആഇശ(റ) പറഞ്ഞതായി സ്വഹീഹുമുസ്‌ലിം റിപ്പോർട്ട് ചെയ്തിരിക്കുന്നു. എന്നാൽ, സ്വർണ്ണം മഹ്റായി നിശ്ചയിക്കുന്നതിൽ തെറ്റൊന്നുമില്ല. അബ്ദുറഹ്മാനുബ്നു ഔഫ്(റ) സ്വർണ്ണം മഹ്ർ നൽകി നികാഹ് ചെയ്തത് ഇമാം ബുഖാരി, ഇമാം മുസ്‌ലിം ഉൾപ്പെടെയുള്ളവർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സമ്പത്തായി കണക്കാക്കപ്പെടുന്നതെന്തും മഹ്റായി നൽകൽ അനുവദനീയമാണെന്നതിനാൽ ഭർത്താവിന്റെ ഉടമസ്ഥതയിലുള്ള കമ്പനി ഷെയറുകൾ മഹ്റായി നികാഹ് നടത്തിയത് തെറ്റാണെന്ന് പറഞ്ഞുകൂടാ. അക്കാരണത്താൽ നികാഹ് അസാധുവാകുന്നതുമല്ല.

***ചോദ്യം: ജുമുഅ നിസ്കാരത്തെക്കാൾ ജുമുഅ ഖുത്വുബ ചെറുതാവണമെന്ന് ഒരു പഠനവേദിയിൽ കേൾക്കാൻ കഴിഞ്ഞു. എന്നാൽ, നമ്മുടെ നാടുകളിൽ ഖുത്വുബക്കാണല്ലോ ദൈർഘ്യം. ഇത് തെറ്റാണോ? ജുമുഅയെ ബാധിക്കുമോ?***

**ഉത്തരം:** ജുമുഅ നിസ്കാരത്തെക്കാൾ ജുമുഅ ഖുത്വുബ ചെറുതാവണമെന്ന് നിങ്ങൾ കേട്ടത് ശരിയാണ്. പക്ഷേ, അത് നിർബന്ധമോ ജുമുഅനിസ്കാരത്തിന്റെ സാധുതക്ക് നിബന്ധനയോ അല്ല. ഖുത്വുബ ദീർഘമാവുകയും ജുമുഅ നിസ്കാരം ഹ്രസ്വമാവുകയും ചെയ്താലും ജുമുഅ സ്വഹീഹാണ്.

അതേസമയം, ഖുത്വുബ പൊതുവെ മിതമായതും നിസ്കാരത്തെ അപേക്ഷിച്ച് ചെറുതുമാവലാണ് സുന്നത്തെന്ന് കർമശാസ്ത്ര ഇമാമുകൾ വ്യക്തമാക്കിയിട്ടുള്ളതാണ്. തുഹ്ഫ (2/461), നിഹായ (2/326), മുഗ്നി (1/556) തുടങ്ങിയ ഗ്രന്ഥങ്ങളിലെല്ലാം ഇക്കാര്യം വിശദീകരിച്ചിട്ടുണ്ട്. അമ്മാർ(റ) പറയുന്നു: 'തിരുനബി(സ) ഇപ്രകാരം പറയുന്നത് ഞാൻ കേട്ടിട്ടുണ്ട്: 'നിസ്കാരം ദീർഘമാവുകയും ഖുത്വുബ ഹ്രസ്വമാവുകയും ചെയ്യുന്നത് വ്യക്തിയുടെ ഫിഖ്ഹിന്റെ ഭാഗമാണ്. നിങ്ങൾ നിസ്കാരം ദീർഘിപ്പിക്കുകയും ഖുത്വുബ ചുരുക്കുകയും ചെയ്യണം.' (സ്വഹീഹുമുസ്‌ലിം)

***ചോദ്യം: നായ ഒരു ഹറാമായ ജീവിയാണെന്നും അതിനെ വീട്ടിൽ വളർത്താൻ പാടില്ലെന്നും ചിലർ പറയുന്നത് കേട്ടു. ശരിയാണോ? വീട്ടിൽ നായയെ വളർത്തുന്നതിന്റെ വിധിയെന്താണ്?***

**ഉത്തരം:** നായ നജസാണ്. നായയുടെ സ്പർശം മൂലമോ മറ്റോ നജസ് ബാധിച്ചാൽ നിയമാനുസൃതം ശുദ്ധിയാക്കേണ്ടതുണ്ട്. എന്നല്ലാതെ 'നായ ഹറാമായ ജീവി' എന്നില്ല. നായക്ക് ഭക്ഷണം നൽകരുതെന്നോ നായകളെ മുഴുവനും കൊന്നൊടുക്കണമെന്നോ നിരുപാധികം ഇസ്‌ലാം പറയുന്നില്ല. ഉപദ്രവകാരികളായ നായകളെ കൊന്നുകളയാമെന്നും അല്ലാത്തവയെ കൊല്ലരുതെന്നുമാണ് ഇസ്‌ലാമിക നിയമത്തിലു

**മഹ്ർ സ്വർണ്ണമാവണമെന്ന് നിർബന്ധമില്ല. ധനമായി പരിഗണിക്കപ്പെടുന്നതെന്തും മഹ്റായി നിശ്ചയിക്കാവുന്നതാണ്. മഹർ വെള്ളിയായിരിക്കൽ പ്രത്യേകം സുന്നത്തുണ്ടെന്നും റസൂൽ(സ)യുടെ പുത്രിമാരുടെയും ഭാര്യമാരുടെയും മഹ്റായ 500 ദിർഹം (1487.5 ഗ്രാം) വെള്ളിയെക്കാൾ കൂടാതിരിക്കൽ സുന്നത്തുണ്ടെന്നും കർമശാസ്ത്ര ഇമാമുകൾ വ്യക്തമാക്കിയിട്ടുണ്ട്. (ഫത്ഹുൽ മുഈൻ 374, തുഹ്ഫ 7/375, നിഹായ 6/335)**

ള്ളത്. (തുഹ്ഫ 1/338)

വേട്ടയ്ക്കു വേണ്ടിയോ വീട്, കൃഷി മുതലായവയുടെ കാവലിനു വേണ്ടിയോ നായയെ വളർത്തൽ അനുവദനീയമാണ്. ഇതിനനൊന്നുമല്ലാതെ നായയെ വളർത്തൽ അനുവദനീയമല്ല; നിഷിദ്ധമാണ്. ഫത്ഹുൽമുഈൻ, തുഹ്ഫ (9/331), നിഹായ (3/395) തുടങ്ങിയ കർമശാസ്ത്ര ഗ്രന്ഥങ്ങളിൽ ഇക്കാര്യം വിശദീകരിച്ചിട്ടുണ്ട്.

മേൽ ആവശ്യങ്ങൾക്കു വേണ്ടിയല്ലാതെ നായ വളർത്തുന്നതു കാരണമായി ഓരോ ദിവസവും ചെയ്യുന്ന സൽകർമ്മങ്ങളുടെ പ്രതിഫലത്തിൽ കാര്യമായ നഷ്ടം സംഭവിക്കുമെന്ന് പ്രമാണയോഗ്യമായ ഹദീസുകളിലുണ്ട്. അബ്ദുല്ലാഹിബ്നു ഉമർ(റ), അബൂഹുറയ്റ(റ) എന്നിവർ റിപ്പോർട്ട് ചെയ്യുന്നു: തിരുനബി(സ) പറഞ്ഞു: 'കൃഷിയുടെയോ കാലികളുടെയോ കാവലിനോ വേട്ടയാവശ്യാർത്ഥമോ അല്ലാതെ നായയെ വളർത്തുന്നവരുടെ കർമ്മത്തിൽ നിന്ന് ഓരോ ദിനവും രണ്ടു ഖീറാത്ത് കുറയുന്നതാണ്.' (ബുഖാരി, മുസ്‌ലിം)

മേൽപ്പറഞ്ഞ ആവശ്യങ്ങൾക്കുള്ള നായകളെ തന്നെ വീട്ടിൽനിന്ന് ആവശ്യമായ അകലം പാലിച്ചു താമസിപ്പിക്കാൻ ശ്രദ്ധിക്കേണ്ടതുണ്ട്. 'നായയുള്ള വീട്ടിൽ റഹ്മത്തിന്റെ മലക്കുകൾ പ്രവേശിക്കുകയില്ല' എന്ന് തിരുനബി(സ) അറിയിച്ചിട്ടുണ്ടല്ലോ. (ബുഖാരി, മുസ്‌ലിം)

കേവലം ഹോബിക്കു വേണ്ടി നായ വളർത്തൽ മുസ്‌ലിമിന് പറ്റില്ല. അനുവദനീയമായ ആവശ്യത്തിനു വളർത്തുമ്പോൾ തന്നെ അകലം സൂക്ഷിക്കേണ്ടതുണ്ട്. അല്ലാതിരുന്നാൽ, ശുദ്ധീകരണത്തെയും ആരാധനാകർമ്മങ്ങളെയുമെല്ലാം ബാധിച്ചേക്കാം.

***ചോദ്യം: മനപ്പൂർവ്വം അപകടകരമാംവിധം വാഹനമോടിച്ച് അപകടത്തിൽ മരണപ്പെട്ടാൽ ആത്മഹത്യയുടെ കുറ്റം ഉണ്ടാകുമോ?***

**ഉത്തരം:** സാധാരണഗതിയിൽ മരണത്തിന് കാരണമാകുമെന്ന് ഉറപ്പോ മികച്ച ധാരണയോ ഉള്ള പ്രവർത്തനത്തിൽ ഏർപ്പെടൽ പൊതുവെ ഹറാമാണെന്നാണ് ഇസ്‌ലാമിക നിയമം. (അൽഹവശിൽ മദനിയ്യ: 1/23) മരണത്തിനിടയാകും എന്നറിഞ്ഞുകൊണ്ട് ബോധപൂർവ്വം അപകടകരമായ വിധത്തിൽ വാഹനമോടിക്കുന്നത് ആത്മഹത്യാപരവും കുറ്റകരവുമാണ്.

***ചോദ്യം: വിധവയായ സ്ത്രീയുടെ നികാഹ് നടത്തിക്കൊടുക്കാൻ അടുത്ത രക്ഷിതാക്കൾ ആരുമില്ല. പിതാമഹന്റെ സഹോദരപുത്രന്മാരിൽ പെട്ടവരാണ് വലിയ്യായി അവശേഷിക്കുന്നത്. ആ സ്ത്രീക്ക് പ്രായപൂർത്തിയായ ഒരു മകനുണ്ട്. ആ മകൻ ഉമ്മയെ നികാഹ് ചെയ്തു കൊടുക്കുന്നതിൽ പ്രശ്നമുണ്ടോ? മകൻ നികാഹിന്റെ വലിയ്യല്ല എന്നാണെങ്കിൽ, അകന്ന ബന്ധത്തിലുള്ള വലിയ്യിന്റെ വകാലത്തനുസരിച്ച് മകൻ നികാഹ് ചെയ്തുകൊടുത്താൽ ശരിയാകുമോ?***

**ഉത്തരം:** മകൻ മകനാണെന്ന ബന്ധം മുഖേന നികാഹിന്റെ വലിയ്യല്ല. അതേസമയം, നികാഹ് ചെയ്തുകൊടുക്കാൻ അധികാരമുള്ള വലിയ്യ് മകനെ വകാലത്താക്കിയാൽ ആ വകാലത്ത് മുഖേന മകന് ഉമ്മയുടെ നികാഹ് ചെയ്തു കൊടുക്കാവുന്നതാണ്. മകനാണെന്ന ബന്ധം മുഖേന നികാഹ് ചെയ്തുകൊടുക്കാൻ പറ്റില്ലെന്നാണ് ഇമാമുകൾ പറഞ്ഞിട്ടുള്ളത്. വകാലത്ത് മുഖേന നികാഹ് ചെയ്തു കൊടുക്കുന്നതിന് വിരോധമില്ലെന്ന് ഇതിൽനിന്ന് മനസ്സിലാക്കാവുന്നതാണ്. അല്ലാമ ഖൽയൂബി ഇക്കാര്യം വ്യക്തമാക്കിയിട്ടുണ്ട്. (തുഹ്ഫ 7/248, നിഹായ 6/232, ഖൽയൂബി 3/225)

***ചോദ്യം: ചില ദിവസങ്ങളിൽ ചില നിസ്കാരങ്ങൾ ഖളാആകുമ്പോൾ ഇന്ന നിസ്കാരങ്ങളാണെന്ന് ഓർത്തുവെക്കാറുണ്ട്. പക്ഷേ, പിന്നീട് ദിവസങ്ങൾ കഴിയുമ്പോൾ ഏതു നിസ്കാരങ്ങളാണവയെന്ന് ഓർമ്മയുണ്ടാകുമെങ്കിലും ഏതു ദിവസത്തേതാണെന്ന് ഓർമ്മയുണ്ടാവില്ല. എങ്കിൽ, ആ നിസ്കാരങ്ങൾ വീട്ടുമ്പോൾ എങ്ങനെയാണ് നിയ്യത്ത് ചെയ്യുക? ഇന്ന ദിവസത്തെ ഇന്ന നിസ്കാരം എന്നുതന്നെ നിയ്യത്ത് ചെയ്യേണ്ടതുണ്ടോ?***

**ഉത്തരം:** ഖളാആയിപ്പോയ നിസ്കാരം ഖളാഅ് വീട്ടുമ്പോൾ നിയ്യത്തിൽ ഇന്ന ദിവസത്തെ നിസ്കാരം എന്നു കരുതൽ ആവശ്യമില്ല. ഉദാഹരണമായി 'ഫർളായ ളുഹ്ർ നിസ്കാരം ഖളാആയി ഞാൻ നിസ്കരിക്കുന്നു' എന്ന് നിയ്യത്ത് ചെയ്താൽ മതിയാകുന്നതാണ്. ഒന്നിലേറെ ദിവസത്തെ ളുഹ്ർ ഉണ്ടെങ്കിലും മേൽപറഞ്ഞ വിധത്തിൽ നിയ്യത്ത് ചെയ്താൽ മതിയാകും.

ചരിത്രാഖ്യായിക **മൈമൂന ബിൻത് ഹാരിസ്(റ) –2**

**മുഹമ്മദ് പാറന്നൂർ**

# അബൂറാഫിഇനെച്ചൊല്ലി

റസൂലുല്ലാഹിക്കും കൂട്ടുകാർക്കുമെതിരെ പോരാടാൻ പോയി അബ്ബാസുബ്നു അബ്ദുൽമുത്വലിബ് മദീനയിൽ ബന്ധനസ്ഥനായെന്ന വാർത്തയറിഞ്ഞപ്പോൾ ആശ്വാസവും ഒപ്പം ആശങ്കയുമായി എല്ലാവർക്കും. യുദ്ധത്തിൽ കൊല്ലപ്പെടാതെ രക്ഷപ്പെട്ടല്ലോ എന്ന ആശ്വാസം. ഒപ്പം, ഇനിയെന്താണ് സംഭവിക്കുക എന്ന ആശങ്കയും. യുദ്ധത്തിൽ പിടിക്കപ്പെടുന്നവരെ തല വെട്ടുന്നവരുണ്ട്, അവരെ അടിമകളാക്കുന്നവരും മോചനദ്രവ്യം വാങ്ങി വിട്ടയക്കുന്നവരുമുണ്ട്. ഇതിൽ ഏതായിരിക്കും റസൂലുല്ലാഹി സ്വീകരിക്കുക? ഒരുപാട് ദ്രോഹിച്ചവരാണല്ലോ മക്കക്കാർ. അതുകൊണ്ടുതന്നെ അവർക്കെതിരെ കഠിനമായ നടപടികളുണ്ടായേക്കാം. അങ്ങനെയുണ്ടായാൽ സ്വന്തം പിതൃവ്യനായ അബ്ബാസിന്റെ തലയും വെട്ടുമോ? അതൊരിക്കലും സംഭവിക്കില്ലെന്ന് മനസ്സ് പറയുന്നു. കുടുംബത്തോടത്രയും സ്നേഹമുള്ളവരാണല്ലോ റസൂലുല്ലാഹി. പക്ഷേ, ഉമറുബ്നുഖത്വാബിനെപ്പോലെയുള്ള കർക്കശ മനോഭാവക്കാർ വാശിപിടിച്ചാൽ...! അങ്ങനെയൊന്നും സംഭവിക്കരുതേയെന്ന പ്രാർത്ഥനയിലായിരുന്നു തുടർന്നുള്ള ദിനരാത്രങ്ങൾ.

അതിനിടെയാണ് വീടിനടുത്തൊരു സംഭവമുണ്ടായത്. ബദ്റിലെ തോൽവിയും പ്രിയപ്പെട്ട കൂട്ടുകാരുടെ വിയോഗവും കാരണം സ്വസ്ഥത നഷ്ടപ്പെട്ട അബൂലഹബ് കൂടുതൽ വിവരങ്ങളറിയാൻ പുറത്തിറങ്ങിയതായിരുന്നു. ദിവസങ്ങളായി അയാൾ വീട്ടിൽ വാതിലടച്ചിരിക്കുകയാണ്. പ്രധാനികളെല്ലാം യുദ്ധത്തിനിറങ്ങിയപ്പോൾ പേടിത്തൊണ്ടനായ അയാൾ അബൂജഹ്ലിനു മുന്നിൽ പല ഉപായങ്ങളും നിരത്തി ഒരടിമയെ തനിക്കു പകരം യുദ്ധത്തിനയച്ച് ഒളിഞ്ഞിരിക്കുകയായിരുന്നു.

**തോൽവിയും പ്രിയപ്പെട്ട കൂട്ടുകാരുടെ വിയോഗവും കാരണം സ്വസ്ഥത നഷ്ടപ്പെട്ട അബൂലഹബ് കൂടുതൽ വിവരങ്ങളറിയാൻ പുറത്തിറങ്ങിയതായിരുന്നു. ദിവസങ്ങളായി അയാൾ വീട്ടിൽ വാതിലടച്ചിരിക്കുകയാണ്. പ്രധാനികളെല്ലാം യുദ്ധത്തിനിറങ്ങിയപ്പോൾ പേടിത്തൊണ്ടനായ അയാൾ അബൂജഹ്ലിനു മുന്നിൽ പല ഉപായങ്ങളും നിരത്തി ഒരടിമയെ തനിക്കു പകരം യുദ്ധത്തിനയച്ച് ഒളിഞ്ഞിരിക്കുകയായിരുന്നു.**

യുദ്ധം കഴിഞ്ഞ് തിരിച്ചെത്തിയവരോട് കാര്യങ്ങളെല്ലാം ചോദിച്ചറിയാൻ സംസം കിണറിനടുത്ത് കാത്തിരിക്കുകയായിരുന്നു അയാൾ. അപ്പോഴാണ്

മരുമകനായ അബൂസുഫ്‌യാൻ മ്ലാനവദനനായി തളർന്ന മട്ടിൽ വരുന്നതുകണ്ടത്. അദ്ദേഹത്തെ കണ്ടപാടെ അബൂലഹബ് ചോദിച്ചു: 'മോനേ, എന്താണ് നമുക്കു പറ്റിയത്? നമ്മുടെ വലിയ സൈന്യം അവർക്കു മുമ്പിൽ അടിപതറിയപ്പോയതെങ്ങനെ? നടന്ന കാര്യങ്ങളൊക്കെ ഒന്ന് വ്യക്തമായി പറഞ്ഞു താ മോനേ.'

അപ്പോൾ അബൂസുഫ്‌യാൻ പറഞ്ഞുതുടങ്ങി: 'എന്തു പറയാനാണമ്മാവാ, ഏറ്റുമുട്ടൽ തുടങ്ങിയപ്പോൾ തന്നെ നമ്മിൽ പലരും പിന്തിരിഞ്ഞോടി. അവർ നമ്മുടെ പിന്നാലെയോടി പലരെയും വെട്ടിക്കൊന്നു. ചിലരെ പിടിച്ചു തടവുകാരാക്കുകയും ചെയ്തു.'

'നമ്മുടെയാൾക്കാർ അത്രയും ഭീരുക്കളായിപ്പോയോ?'

'അങ്ങനെ ഞാനൊരിക്കലും പറയില്ലമ്മാവാ. നമ്മുടെയാൾക്കാരെ ഞാനൊരിക്കലും കുറ്റപ്പെടുത്തില്ല. അമ്മാവൻ യുദ്ധക്കളത്തിൽ വന്നാൽ കാണാമായിരുന്നു ആ ഭീകരരംഗം! ഞങ്ങൾ നേരിട്ടത് മുഹമ്മദിന്റെ സൈന്യത്തെ മാത്രമല്ല, അവരോടൊപ്പം കുറെ വെള്ളക്കുപ്പായക്കാരുമുണ്ടായിരുന്നു. ആകാശത്തിനും ഭൂമിക്കുമിടയിൽ കുതിരകളെ പറത്തുന്ന വെള്ളക്കുപ്പായക്കാർ! ഞാനവരെ ശരിക്കും കണ്ടതാണ്. മുന്നിൽപെട്ട ഒരാളെയും അവർ വെറുതെ വിടുന്നുണ്ടായിരുന്നില്ല. അവരുടെ മുമ്പിൽ നിന്ന് രക്ഷപ്പെട്ട് ജീവനും കൊണ്ടോടിപ്പോരാൻ കഴിഞ്ഞതു തന്നെ മഹാഭാഗ്യമായാണ് ഞാൻ കാണുന്നത്.'

അബൂസൂഫ്‌യാന്റെ വിവരണം പരിസരത്തുള്ളവരൊക്കെ കേൾക്കുന്നുണ്ടായിരുന്നു. അധികം ദൂരെയല്ലാതെയിരിക്കുന്നുണ്ട് ഉമ്മുൽഫള്‌ലും ഭൃത്യനായ അബൂറാഫിഉം. അവർ അമ്പു നിർമ്മിക്കുന്ന പണിയിലായിരുന്നു. അവർ രണ്ടുപേരും നേരത്തെ തന്നെ റസൂലുല്ലാഹിയിൽ വിശ്വസിച്ചിരുന്നുവല്ലോ. ആകാശത്തിനും ഭൂമിക്കുമിടയിൽ കുതിരകളെ പറത്തുന്ന വെള്ളക്കുപ്പായക്കാരെക്കുറിച്ച് കേട്ടപ്പോൾ അബൂറാഫിഅ് ആഹ്ലാദത്തോടെ പറഞ്ഞുപോയല്ലോ: 'നിങ്ങൾക്കു മനസ്സിലായില്ലേ, മലക്കുകളാണത്. അൽഅമീനിനെ സഹായിക്കാൻ അല്ലാഹു അയച്ച മലക്കുകളാണ്!'

ഇതു കേട്ടപ്പോൾ അബൂലഹബിന് കലിയിളകിയല്ലോ. 'ഒരടിമക്ക് യജമാനന്മാരുടെ മുമ്പിൽ ഇങ്ങനെ ആഹ്ലാദം പ്രകടിപ്പിക്കാൻ ധൈര്യമോ' എന്നു പറഞ്ഞ് അയാൾ എഴുന്നേറ്റു ചെന്ന് അബൂറാഫിഇന്റെ മുഖത്ത് ഒറ്റയടി! മറിഞ്ഞുവീണ അബൂറാഫിഅ് ചാടിയെണീറ്റ് അബൂലഹബിനു നേരെ കുതിച്ചു. അങ്ങനെ അടിപിടിയായി. തടിയനായ അബൂലഹബും മെലിഞ്ഞൊട്ടിയ അബൂറാഫിഉമാണ് മൽപ്പിടുത്തത്തിലേർപ്പെട്ടത്. നിമിഷങ്ങൾക്കകം അബൂലഹബ് ആ അടിമയെ തറയിലേക്കു തള്ളിയിട്ട് ശരീരത്തിൽ കയറിയിരുന്ന് ഇടിക്കാൻ തുടങ്ങി.

**'ഒരടിമക്ക് യജമാനന്മാരുടെ മുമ്പിൽ ഇങ്ങനെ ആഹ്ലാദം പ്രകടിപ്പിക്കാൻ ധൈര്യമോ' എന്നു പറഞ്ഞ് അയാൾ എഴുന്നേറ്റു ചെന്ന് അബൂറാഫിഇന്റെ മുഖത്ത് ഒറ്റയടി! മറിഞ്ഞുവീണ അബുറാഫിഅ് ചാടിയെണീറ്റ് അബുലഹബിനു നേരെ കുതിച്ചു.**

മർദ്ദിക്കുന്നത് ഒരടിമയെയായതുകൊണ്ട് തടയാൻ മറ്റാരും പോകുന്നുണ്ടായിരുന്നില്ല. പക്ഷേ, ഞങ്ങൾ പെണ്ണുങ്ങളുടെ മനസ്സ് അങ്ങനെയല്ലല്ലോ. വേദനയനുഭവിക്കുന്നവർക്കു നേരെ ഞങ്ങളുടെ മനസ്സ് പെട്ടെന്ന് ആർദ്രമാകും. സഹായിക്കാനും പ്രതിരോധിക്കാനും ചാടി വീണേക്കും.

ഉമ്മുൽഫള്‌ൽ ആവേശത്തോടെ ചാടിവീണ് അലറി: 'എന്താണ് നിങ്ങൾ ചെയ്യുന്നത്? ഒരു പാവം അടിമയെ ഇങ്ങനെ മർദ്ദിക്കുകയോ? അതും അവന്റെ യജമാനൻ സ്ഥലത്തില്ലാത്ത സമയത്ത്? അദ്ദേഹം ഇവിടെയുണ്ടായിരുന്നെങ്കിൽ നിനക്ക് കാണാമായിരുന്നു!'

അബൂലഹബ് പക്ഷേ, അതൊന്നും ശ്രദ്ധിച്ചതേയില്ല. അയാൾ പുച്ഛത്തോടെ ഉമ്മുൽഫള്‌ലിനെ



ഒന്നു നോക്കി വീണ്ടും അബൂറാഫിഇനെ ഇടിക്കാൻ തുടങ്ങി. ഉമ്മുൽഫള്‌ലിനു സഹിച്ചില്ല. അവൾ അടുത്തു കണ്ട വലിയൊരു മരത്തടി വലിച്ചുനീക്കി അബൂലഹബിന്റെ തലക്കു നേരെ ഒറ്റത്തള്ള്! അത് ലക്ഷ്യസ്ഥാനത്തു തന്നെ കൊണ്ടു. തലക്കടിയേറ്റ പോലെ അയാൾ ഒരലർച്ചയോടെ പിന്മാറി. അയാളുടെ മൂർധാവിൽ നിന്നപ്പോൾ ചോരയൊലിക്കുന്നുണ്ടായിരുന്നു.

സഹോദരിയായ ഉമ്മുൽഫള്‌ലിനെ എങ്ങനെ അഭിനന്ദിക്കാതിരിക്കും! അടിയേറ്റു ജീവൻ പോകാറായ പാവം അബൂറാഫിഇനെ രക്ഷപ്പെടുത്തിയത് അവളാണല്ലോ.

അബൂലഹബ് തളർന്നവശനായാണ് വീട്ടിലേക്കു പോയത്. പിന്നെ അയാൾ പുറത്തിറങ്ങിയതു കണ്ടിട്ടില്ല. പിന്നീട് കേട്ടു; തലയിലേറ്റ മുറിവ് മാരകമാണത്രേ. അത് പഴുത്ത് ചലമൊലിക്കുന്നുവത്രേ. ഏതാനും ദിവസങ്ങൾ കഴിഞ്ഞപ്പോൾ ആ മുറിവിൽ പുഴുവരിച്ച് വേദന സഹിക്കാനാവാതെ പിടഞ്ഞുപിടഞ്ഞ് അയാൾ അതിദാരുണമായി മരണപ്പെട്ടുവെന്ന വാർത്തയും കേട്ടു.

അതിന്റെ പേരിൽ ഇനി വല്ല പ്രശ്നവുമുണ്ടാകുമോ എന്നു പേടിച്ചതാണ് ഞങ്ങൾ. പക്ഷേ, ഒന്നുമുണ്ടായില്ല. മനപ്പൂർവ്വമല്ലല്ലോ ജ്യേഷ്ഠത്തി ഉമ്മുൽഫള്‌ൽ അയാളുടെ നേരെ മരത്തടിയുരുട്ടിയത്. പാവം അടിമയെ രക്ഷിക്കാനുള്ള ശ്രമത്തിൽ അങ്ങനെ സംഭവിച്ചതാണല്ലോ. അല്ലെങ്കിൽ അയാളപ്പോൾ അബൂറാഫിഇനെ കൊന്നുകളഞ്ഞേനെ. ഏതായാലും, ജ്യേഷ്ഠത്തിയോട് വളരെയധികം ആദരവും അഭിമാനവും തോന്നിയ സന്ദർഭമായിരുന്നു അത്.

ജ്യേഷ്ഠത്തിയുടെ ഭർത്താവായ അബ്ബാസിന്റെ കഥയിലേക്കു തന്നെ വരാം. യുദ്ധാനന്തരം മദീനയിൽ നിന്നു വന്ന വാർത്തകൾ പേടിപ്പിക്കുന്നതൊന്നുമായിരുന്നില്ല. അതിക്രൂരരായ ചിലർ വധശിക്ഷക്കു വിധേയമായെന്നല്ലാതെ മറ്റുള്ളവരെയാരെയും വധിക്കാനുള്ള പദ്ധതിയൊന്നും റസൂലുല്ലാഹിക്ക് ഉണ്ടായിരുന്നില്ലല്ലോ. മോചനദ്രവ്യം വാങ്ങി വിട്ടയക്കാനായിരുന്നു പരിപാടിയെന്നു കേട്ടപ്പോൾ അതിനുള്ള നടപടികളിലായി ശ്രദ്ധ. അങ്ങനെ ആവശ്യപ്പെട്ട മോചനദ്രവ്യം കൊടുത്ത് അബ്ബാസ് മോചിതനായി വീട്ടിലെത്തി. അദ്ദേഹം മാത്രമല്ല; ബന്ദികളാക്കപ്പെട്ട സഹോദരപുത്രൻ അഖീലും നൗഫലുമൊക്കെ മോചിതരായി. അവരുടെ മോചനദ്രവ്യം അബ്ബാസാണത്രേ കൊടുത്തത്.

തലകുനിച്ചുകൊണ്ടാണ് അബ്ബാസ് വീട്ടിൽ വന്നുകയറിയത്, ആരുടെയും മുഖത്തു നോക്കാൻപോലും കഴിയാതെ! യുദ്ധത്തിൽ വിജയവും തോൽവിയുമൊക്കെ സാധാരണമാണെങ്കിലും ഇത് വല്ലാത്തൊരു നാണക്കേടുണ്ടാക്കിയ സംഭവമാണല്ലോ. ഞങ്ങളൊക്കെ കഴിവതും പറഞ്ഞതാണല്ലോ, സഹോദരപുത്രനാണ് മുഹമ്മദ് റസൂലുല്ലാഹിയെന്നും അവർക്കെതിരെ പടവെട്ടാൻ പോകരുതെന്നും. അപ്പോഴൊക്കെ അദ്ദേഹം പറഞ്ഞത്, പോയില്ലെങ്കിൽ കൂട്ടുകാരുടെയിടയിൽ നാണക്കേടാണെന്നും അഭിമാനക്ഷതം ഉണ്ടാകുമെന്നുമാണ്. എന്നിട്ടിപ്പോഴോ! അതിനെക്കുറിച്ചൊന്നും പിന്നെ ആരും ചോദിക്കാനോ പറയാനോ പോയില്ല. വെറുതെ വ്രണത്തിൽ കുത്തി നോവിക്കരുതല്ലോ.

ഏതായാലും രണ്ടുമൂന്നു ദിവസത്തിനുള്ളിൽ അദ്ദേഹം ശാന്തനായി സാധാരണ നിലയിലേക്ക് തിരിച്ചുവന്നു. അപ്പോഴാണ് മദീനയിലെ അനുഭവങ്ങൾ വിവരിക്കാൻ തുടങ്ങിയത്. രസകരവും അത്ഭുതകരവും ആത്മഹർഷം വിതയ്ക്കുന്നതുമായ അനുഭവങ്ങൾ! (തുടരും)

**യുദ്ധാനന്തരം മദീനയിൽ നിന്നു വന്ന വാർത്തകൾ പേടിപ്പിക്കുന്നതൊന്നുമായിരുന്നില്ല. അതിക്രൂരരായ ചിലർ വധശിക്ഷക്കു വിധേയമായെന്നല്ലാതെ മറ്റുള്ളവരെയാരെയും വധിക്കാനുള്ള പദ്ധതിയൊന്നും റസൂലുല്ലാഹിക്ക് ഉണ്ടായിരുന്നില്ലല്ലോ. മോചനദ്രവ്യം വാങ്ങി വിട്ടയക്കാനായിരുന്നു പരിപാടിയെന്നു കേട്ടപ്പോൾ അതിനുള്ള നടപടികളിലായി ശ്രദ്ധ.**



*(ഈ ചരിത്രാഖ്യായികയുടെ പേര് സൈനബ് ബിൻത് ഹാരിസ് എന്ന് പ്രസിദ്ധീകരിച്ചു വന്നത് തെറ്റാണ്. മൈമൂന ബിൻത് ഹാരിസ് എന്ന് തിരുത്തി വായിക്കുക. അബദ്ധം സംഭവിച്ചതിൽ ഖേദിക്കുന്നു.)*

നോവൽ

മുജ്തബ നസ്വീഹ്

# അസർമുല്ലപ്പൂക്കൾ

11

# പ്രേമത്തിനു കണ്ണില്ലെന്നോ?

അസുഖകരമായ വികാരവിചാരങ്ങൾ മനസ്സിനെ മഥിക്കുമ്പോൾ ഉറക്കം വരുന്നതെങ്ങനെ? അന്നുരാത്രി ഉറക്കം വന്നതേയില്ല; ഇക്കയും ഉറങ്ങിയില്ല; സുബ്ഹി ബാങ്ക് കേൾക്കുവോളം തിരിഞ്ഞും മറിഞ്ഞും കിടന്നുകൊണ്ടിരിക്കുകയായിരുന്നു.

രാവിലെ അടുക്കളയിൽ ചെന്നപ്പോൾ ഉറക്കച്ചടവോടെ എഴുന്നേറ്റു വന്ന ഉമ്മയുടെ മുഖവും പ്രസന്നമല്ലായിരുന്നു. എങ്കിൽ ഉപ്പയും ഉറങ്ങിയിട്ടുണ്ടാവില്ല. ജമീലയുടെ ആ രാത്രിയിലെ സമീപനം എല്ലാവരുടെയും ഉറക്കം കെടുത്തിക്കളഞ്ഞല്ലോ.

വീട്ടിൽ ഒരാളുടെ കറുത്ത മുഖം മതി, എല്ലാവരുടെയും മുഖം കറുപ്പിക്കാൻ. അരുതാത്തതോ അസുഖകരമോ ആയ ഒരു വാക്കു മതി എല്ലാവരെയും മനോവിഷമത്തിലാഴ്ത്താൻ. പഠിപ്പും വിവരവുമുള്ള ജമീലക്കിതു മനസ്സിലാക്കാൻ കഴിഞ്ഞില്ലെന്നോ? എന്താണവൾക്കു പറ്റിയത്? അവസരം കിട്ടുമ്പോൾ ചോദിച്ചറിയുക തന്നെ വേണം.

രാവിലെയും അവൾ ആരുമായും സംസാരിക്കുന്നില്ല. വീർപ്പിച്ച മുഖവുമായാണ് എഴുന്നേറ്റുവരുന്നത്. ആരും അവളോടൊന്നും സംസാരിക്കാൻ തുനിഞ്ഞതുമില്ല. അവൾക്കും മറ്റുള്ളവർക്കുമിടയിൽ വലിയൊരു അകൽച്ച വന്നപോലെ! അല്ലായിരുന്നെങ്കിൽ ഉമ്മാക്കെന്തെല്ലാം ചോദിക്കാനുണ്ടാകുമായിരുന്നു അവളോട്. ഉമ്മയും അവളോടൊരക്ഷരം മിണ്ടുന്നില്ലല്ലോ.

പുസ്തകങ്ങൾ നിറച്ച ബാഗും തോളിൽ തൂക്കിയിറങ്ങുമ്പോൾ അവൾ പറയാറുണ്ടായിരുന്നല്ലോ: 'റസിയക്കുട്ട്യേ, ഞാൻ പോയി വരാം ട്ടോ.' ഇന്ന് അതുമുണ്ടായില്ലല്ലോ.

അവൾ ഇറങ്ങിയാൽ പിന്നെ പിടിപ്പതു പണിയുണ്ടാവും. അടിച്ചു വാരണം, അകം തുടയ്ക്കണം, അലക്കണം, ഉച്ച ഭക്ഷണം തയ്യാറാ



ക്കണം... എല്ലാം കഴിയുമ്പോഴേക്കും ഉച്ചയായിട്ടുണ്ടാവും. കുളിച്ച് ളുഹ്ർ നിസ്കരിച്ചു ഭക്ഷണം കഴിച്ചാൽ പിന്നെ ഫ്രീയാണ്. അന്ന് ഒന്നും ചെയ്യാൻ ഉത്സാഹമുണ്ടായിരുന്നില്ല. അസ്ർ നിസ്കരിച്ചു മുറ്റത്തേക്കിറങ്ങിയപ്പോൾ കണ്ടു, അസർമുല്ലച്ചെടികൾ നിറയെ പൂക്കൾ പുഞ്ചിരികുന്നു. എന്തൊരു ഭംഗിയാണെന്നോ ആ പൂക്കൾക്ക്! അവയിലേക്കു തന്നെ നോക്കിനിന്നപ്പോൾ മനസ്സിൽ ആനന്ദം നിറയുന്നതുപോലെ. വിഷമങ്ങൾ ഇറങ്ങിപ്പോയ പോലെ.

ബക്കറ്റിൽ വെള്ളമെടുത്തു കൊണ്ടുവന്നു അവയ്ക്ക് കൊടുക്കാൻ തുടങ്ങി. അവ തലയാട്ടിക്കൊണ്ട് സന്തോഷം പ്രകടിപ്പിക്കുന്നതു കാണാൻ എന്തു രസം! ഈ ചെടികൾക്കും പൂക്കൾക്കും സംസാരിക്കാൻ കഴിവുണ്ടായിരുന്നെങ്കിൽ അവ എന്തെല്ലാം കഥകൾ പറയുമായിരുന്നു! ചെടികൾക്ക് വെള്ളം കൊടുത്തു പിന്തിരിഞ്ഞപ്പോഴാണ് കണ്ടത്, ജമീല തൊട്ടടുത്തു നിൽക്കുന്നു! ഇവൾ എപ്പോൾ വന്നു? വിസ്മയത്തോടെ നോക്കിയപ്പോൾ അവൾ ചിരിച്ചുകൊണ്ടുവന്നു തോളിൽ കൈയിട്ട് ചോദിച്ചു: 'റസിയക്കുട്ടി ചെടി നനച്ചു കുഴങ്ങിയോ?'

**അസർ നിസ്കരിച്ചു മുറ്റത്തേക്കിറങ്ങിയപ്പോൾ കണ്ടു, അസർമുല്ലച്ചെടികൾ നിറയെ പൂക്കൾ പുഞ്ചിരികുന്നു. എന്തൊരു ഭംഗിയാണെന്നോ ആ പൂക്കൾക്ക്! അവയിലേക്കു തന്നെ നോക്കിനിന്നപ്പോൾ മനസ്സിൽ ആനന്ദം നിറയുന്നതുപോലെ. വിഷമങ്ങൾ ഇറങ്ങിപ്പോയ പോലെ.**



അപ്പോൾ അവൾ പഴയ ജമീല തന്നെയായിരുന്നു. കൺപോളകളിൽ കുസൃതി നിറച്ച, കവിളിൽ നുണക്കുഴി തെളിഞ്ഞ, കളിക്കൂട്ടുകാരിയായ ജമീല! നിറഞ്ഞ ചിരിയോടെ അവളെ സ്വീകരിച്ചപ്പോൾ കഴിഞ്ഞ ദിവസത്തെ കരിമേഘങ്ങളെല്ലാം മനസ്സിൽ നിന്ന കന്നുപോയി. തോളിൽ നിന്നു കയ്യെടുക്കാതെ അവൾ മുറ്റത്തിന്റെ അറ്റം കടന്നു പറമ്പിലേക്കു നയിച്ചപ്പോൾ മനസ്സിലായി, അവൾക്കെന്തോ സ്വകാര്യം പറയാനുണ്ടെന്ന്. അതിനിടെ അവൾ മെല്ലെ പറഞ്ഞു:

'റസിയക്കുട്ട്യേ, എല്ലാർക്കും ഇപ്പോ എന്നോട് ദേഷ്യാണല്ലോ.'

'എന്തു ദേഷ്യം? നിന്നോട് ആർക്കും ദേഷ്യമില്ലല്ലോ.'

'ഇല്ലേ, ആരും എന്നോട് മിണ്ടുന്നില്ലല്ലോ. എന്റെ മുഖത്ത് നോക്കുന്നില്ലല്ലോ.'

'ജമീലാ, അതൊക്കെ നിനക്ക് വെറുതെ തോന്നുകയാണ്. നീയല്ലേ ആരുടെയും മുഖത്തേക്ക് നോക്കാതെ മുഖം വീർപ്പിച്ചുനടന്നത്.'

അവൾ പിന്നെ ഒന്നും പ്രതികരിക്കാതായപ്പോൾ ചോദിച്ചു: 'ജമീലാ, നെനക്കെന്താണ് പറ്റിയത്? നീയിന്നലെ രാത്രി ഇക്കായോടും ഉമ്മയോടുമൊന്നും നല്ല നിലയ്ക്കല്ലല്ലോ പെരുമാറിയത്?'

'എന്തോ, എനിക്കറിയില്ല റസിയക്കുട്ടീ. കല്യാണത്തെക്കുറിച്ച് പറഞ്ഞപ്പോൾ എനിക്കാകെ കലികയറിപ്പോയി.'

'അതെന്താ നിനക്ക് കല്യാണം വേണ്ടേ?'

'നിങ്ങൾ കണ്ടെത്തുന്ന പുതിയാപ്ലാനെ എനിക്ക് വേണ്ട.'

'പിന്നെ?'

അവൾ ദൂരേക്കു നോക്കി മൗനത്തിലാണ്ടപ്പോൾ ചോദിച്ചു: 'നീ ആരെയെങ്കിലും കണ്ടുവെച്ചിട്ടുണ്ടോ?'

അവൾ മൗനത്തിൽ തന്നെയാണ്. അവളെ ഒന്ന് പിടിച്ചുകു

ലുക്കിക്കൊണ്ട് വീണ്ടും ചോദിച്ചു: 'അമ്പടി കള്ളീ, നീ ആരെയോ കണ്ടുവെച്ചിട്ടുണ്ടല്ലോ.'

അവൾ നിലത്തു നോക്കിക്കൊണ്ട് മെല്ലെ പറഞ്ഞു: 'ഞാൻ ഒരാളെ സ്നേഹിക്കുന്നുണ്ട്.'

'ആരെയാ? ഇവിടെയുള്ളയാളാണോ? നിന്റെ കൂടെ പഠിക്കുന്നവനാണോ? വേഗം പറയെടീ.' ഒറ്റശ്വാസത്തിലാണ് കുറെ ചോദ്യങ്ങൾ അടർന്നുവീണത്. അറിയാനുള്ള തിടുക്കം കൊണ്ടുതന്നെ.

അവൾ നാണത്തോടെ തലകുനിച്ചുകൊണ്ടു തന്നെ സംസാരിക്കാൻ തുടങ്ങി: 'റസിയക്കുട്ട്യേ, നിന്നോടൊക്കെ തുറന്നുപറയാം, കോളേജിൽ എന്റെ സീനിയറാ. കോളേജിലെത്തിയതു മുതൽ ഞങ്ങൾ ഫ്രണ്ട്സാ. ആദ്യമൊക്കെ തമാശയായാണ് കണ്ടത്. പിന്നെ വല്ലാണ്ട് അടുത്തുപോയി. ഇനി പിരിയാൻ വയ്യെടീ.'

ജമീലയുടെ വാക്കുകൾ കേട്ട് എങ്ങനെ പ്രതികരിക്കണമെന്നറിയാതെ അവളുടെ മുഖത്തേക്കു തന്നെ നോക്കി നിന്നുപോയി, ഏറെ നേരം.

ചിന്തയുണർന്നപ്പോൾ അവളുടെ കവിളിൽ ഒന്നു നുള്ളിക്കൊണ്ട് ചോദിച്ചു: 'അപ്പോ ന്റെ ജമീല പ്രേമത്തിലാണല്ലേ? നെന്റെ കാമുകൻ നല്ല സുന്ദരനായിരിക്കും ല്ലേ? നല്ല കുടുംബത്തിൽ പെട്ടവനാണോ?'

'കുടുംബമൊന്നും എനിക്കറിയില്ലെടീ. ഞങ്ങള് കോളേജീന്നുള്ള ബന്ധല്ലേ?'

'എന്നാലും, പിരിയാൻ വയ്യാത്ത വിധം പ്രേമിക്കുമ്പോൾ അതൊക്കെ അന്വേഷിക്കണ്ടേ? ജീവിതകാലം മുഴുവൻ ഒന്നിച്ചു കഴിയേണ്ടതല്ലേ.' ഒരു ജ്യേഷ്ഠത്തിയെപ്പോലെ ഗൗരവത്തിലായിരുന്നു ചോദ്യം. അവൾക്ക് ഞാനൊരു ജ്യേഷ്ഠത്തി തന്നെയാണല്ലോ.

'പ്രേമത്തിന് കണ്ണും മൂക്കുമൊന്നുമില്ലെന്ന് കേട്ടിട്ടില്ലേ റസിയാ? കുടുംബോം ചേലും കോലോം ഒന്നും നോക്കീട്ടല്ലല്ലോ ആരും പ്രേമത്തിലാവുന്നത്.'

'എന്നാലും, നമ്മെപ്പോലുള്ളവർ അങ്ങനെയായിക്കൂടാ ജമീലാ. കല്യാണം കഴിക്കുമ്പോൾ നല്ല തറവാടുള്ള നല്ല കുടുംബോം നല്ല നടപടിയുമുള്ളവരെ നോക്കണമെന്നല്ലേ നമ്മൾ പഠിച്ചത്? മുമ്പ് ജമീല തന്നെ ഇതൊക്കെ എന്നോട് പറഞ്ഞതല്ലേ? ഇപ്പോ ഒക്കെ മറന്നുപോയോ?'

അവൾ ഒന്നും മിണ്ടാതെ നിശ്ചലയായി നിന്നപ്പോൾ ഗൗരവത്തോടെ പറഞ്ഞു: 'ഏതായാലും ജമീലാ, ഓന്റെ പേരും അഡ്രസ്സുമൊക്കെ എഴുതിത്താ. ഞാൻ ഇക്കയോട് അന്വേഷിക്കാൻ പറയാട്ടോ. പറ്റുമെങ്കിൽ വേഗം കല്യാണം നടത്താലോ. ഇങ്ങനെ പൂതിയും വെച്ച് കഴിയേണ്ടല്ലോ.'

'ഇക്കാക്കാക്കും ഉമ്മയ്ക്കും പറ്റിക്കൊള്ളണമെന്നില്ല. ഓർക്ക് പറ്റീല്ലേലും ജമീലക്ക് ഓനെ തന്നെ മതിട്ടോ. ഞാൻ തീരുമാനിച്ചു കഴിഞ്ഞതാ.'

തീർച്ചപ്പെടുത്തിയ മട്ടിലുള്ള അവളുടെ വാക്കുകൾ കേട്ടപ്പോൾ ഞെട്ടി. ജമീല തന്നെയാണോ ഈ പറയുന്നത്? ഉമ്മയെയും ഇക്കയെയുമൊക്കെ ഏറെ സ്നേഹിക്കുന്ന, പലകാര്യത്തിലും അവരെപ്പോലും ശാസിക്കുന്ന ജമീല! ഇവൾക്കെന്തുപറ്റിപ്പോയി? പ്രേമം മൂത്താൽ ഇങ്ങനെയൊക്കെയായിരിക്കുമല്ലേ?


**'ഏതായാലും ജമീലാ, ഓന്റെ പേരും അഡ്രസ്സുമൊക്കെ എഴുതിത്താ. ഞാൻ ഇക്കയോട് അന്വേഷിക്കാൻ പറയാട്ടോ. പറ്റുമെങ്കിൽ വേഗം കല്യാണം നടത്താലോ. ഇങ്ങനെ പൂതിയും വെച്ച് കഴിയേണ്ടല്ലോ.' 'ഇക്കാക്കാക്കും ഉമ്മയ്ക്കും പറ്റിക്കൊള്ളണമെന്നില്ല. ഓർക്ക് പറ്റീല്ലേലും ജമീലക്ക് ഓനെ തന്നെ മതിട്ടോ. ഞാൻ തീരുമാനിച്ചു കഴിഞ്ഞതാ.' തീർച്ചപ്പെടുത്തിയ മട്ടിലുള്ള അവളുടെ വാക്കുകൾ കേട്ടപ്പോൾ ഞെട്ടി.**


അപ്പോൾ പിന്നെ കൂടുതലൊന്നും പറയാൻ തോന്നിയില്ല. 'ജമീല വന്നിട്ട് നേരമിത്തിരിയായല്ലോ. ചായ കുടിച്ചിട്ടില്ലല്ലോ.'

അവളുടെ കൈ പിടിച്ചുവലിച്ച് അടുക്കളയിലേക്ക് നീങ്ങുമ്പോൾ മനസ്സിൽ വിചാരങ്ങളുടെ ഇരമ്പലായിരുന്നു; ഇനി എന്തൊക്കെയാണാവോ ഈ വീട്ടിൽ നടക്കുക! കുടുംബത്തിലെ സ്വസ്ഥതയും സമാധാനവും ചോർന്നുപോവുകയാണ്.

അടുക്കളയിൽ ചെന്നപ്പോൾ ഉമ്മയുണ്ട് രണ്ടുപേർക്കും ചായ തയ്യാറാക്കിവച്ചിരിക്കുന്നു. ജമീലാക്കിഷ്ടപ്പെട്ട ചൂടു പറക്കുന്ന ഉണ്ണിയപ്പവുമുണ്ട്. പ്ലേറ്റിൽ അത് കണ്ടപ്പോൾ ജമീല ഉമ്മയുടെ മുഖത്തേക്കു നോക്കി. അവരുടെ കണ്ണുകളിടഞ്ഞു. ഇരുമുഖത്തും പുഞ്ചിരി വിടർന്നു. ഹാവൂ, ആശ്വാസം! ഉമ്മ ചോദിക്കുന്നു: 'മോളേ ജമീലാ, പനിക്ക്ണ്ണ്ടോ?'

'ഇല്ലുമ്മാ, വല്ലാത്ത തലവേദന.'

ഉമ്മ വന്ന് തലയിലും മുഖത്തും തൊട്ടുനോക്കി പറഞ്ഞു: 'വെയില് കൊണ്ടിട്ടാവും. എന്തൊരു വെയിലാണിപ്പോൾ! അതൊക്കെ തലയിൽ കൊണ്ടല്ലേ ന്റെ മോള് കോളേജില് പോകുന്നതും വരുന്നതും!'

ഉമ്മ വിക്സെടുത്തു വന്ന് ജമീലയുടെ നെറ്റിയിൽ പുരട്ടിക്കൊടുത്തു എന്തൊരു സ്നേഹപ്രകടനം! കഴിഞ്ഞ രാത്രിയിലെ സംഭവങ്ങളെല്ലാം മറന്നുപോയപോലെ. (തുടരും)

ലൈഫ്സ്റ്റൈൽ

മനാസിർ പട്‌ല

# കുട്ടികൾ വിശ്രമിക്കട്ടെ

തിരക്കുപിടിച്ച ലോകത്ത്, കുട്ടികളുടെ കാര്യത്തിൽ പോലും വിശ്രമത്തിന് പ്രധാന്യം കുറഞ്ഞുകൊണ്ടിരിക്കുന്നുവെന്നതാണ് വസ്തുത. സ്കൂളിനുശേഷമുള്ള കാര്യങ്ങൾ, പഠനം, കളിസമയം, പാഠ്യേതര വിഷയങ്ങൾ, സ്ക്രീൻടൈം എന്നിങ്ങനെ കുട്ടികളുടെ ദിവസം മുഴുവൻ പല കാര്യങ്ങളാൽ നിറഞ്ഞിരിക്കുന്നു. എപ്പോഴും ഊർജ്ജസ്വലരായിരിക്കുന്നത് നല്ലതാണെങ്കിലും, ജീവിതത്തിൽ വിശ്രമത്തിനും കാര്യമായ പ്രാധാന്യമുണ്ടെന്ന് കുട്ടികളെ ബോധ്യപ്പെടുത്തേണ്ടതുണ്ട്.

വിശ്രമം കേവലമൊരു ഉറക്കമല്ല. മനസ്സിനും ശരീരത്തിനും ശാന്തതയും ഉന്മേഷവും നൽകുന്ന ഒരു സമയമണത്. കുട്ടികളെ സംബന്ധിച്ചിടത്തോളം, വിശ്രമം അവരുടെ എല്ലാ വികാസങ്ങൾക്കും ആവശ്യമാണ്. വിശ്രമവേളകൾ ശരീരത്തിന്റെ കേടുപാടുകൾ ഇല്ലായ്മ ചെയ്യാനും ഊർജ്ജം സംഭരിക്കാനും അവസരം നൽകുന്നു. കുട്ടികൾക്ക് തങ്ങളുടെ വികാരങ്ങൾ മനസ്സിലാക്കാനും തിരിച്ചറിയാനും വിശ്രമം സഹായിക്കുന്നു. പഠിച്ച കാര്യങ്ങൾ ഉറപ്പിക്കാനും ഓർമശക്തി വർദ്ധിപ്പിക്കാനും വിശ്രമം അത്യാവശ്യമാണ്.

നിരന്തരമായി പല കാര്യങ്ങളിൽ മുഴുകുന്ന കുട്ടിയെ സംബന്ധിച്ചിടത്തോളം, പഠിച്ച കാര്യങ്ങൾ മനസ്സിലാക്കാനും അനുഭവങ്ങൾ വിശകലനം ചെയ്യാനും തലച്ചോറിന് പ്രയാസമുണ്ടാകും. കുട്ടികൾക്ക് സ്വസ്ഥമായിരിക്കാൻ സമയം ലഭിക്കുമ്പോൾ അവർ കൂടുതൽ ഊർജ്ജസ്വലരാകും. വിശ്രമമില്ലാതിരിക്കുമ്പോഴാണ് അതിന്റെ അനന്തരഫലങ്ങൾ ദൃശ്യമാവുക. അമിതമായ ദേഷ്യം, ഉറക്കമില്ലായ്മ, ശ്രദ്ധ കേന്ദ്രീകരിക്കാനുള്ള ബുദ്ധിമുട്ട്, ചെറിയ കാര്യങ്ങൾക്കുപോലും ദേഷ്യപ്പെടൽ, കൂടെക്കൂടെയുള്ള അസുഖങ്ങൾ എന്നിവയെല്ലാം പ്രകടമാകും. കുട്ടിയുടെ ശരീരത്തിനും മനസ്സിനും വിശ്രമം അനിവാര്യമാണെന്നതിന്റെ സൂചനകളാണിവയെല്ലാം.

## വിശ്രമിക്കാനുള്ള കഴിവ്

വിശ്രമം ഒരു സ്വാഭാവികപ്രക്രിയയാണെന്നു തോന്നുമെങ്കിലും, കൂടുതൽ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന കുട്ടികൾക്കത് എളുപ്പമുള്ള കാര്യമല്ല. തുടർച്ചയായി കളികളിലും വിനോദങ്ങളിലും പഠനത്തിലുമേർപ്പെടുമ്പോൾ വിശ്രമിക്കാനുള്ള കഴിവ് അവർക്ക് നഷ്ടപ്പെട്ടേക്കാം. അതിനാൽ, വിശ്രമം പരിശീലിച്ചു നേടിയെടുക്കേണ്ട ഒരു കഴിവാണ്. ഇതുവഴി കുട്ടികൾക്ക് സ്വന്തം ശരീരത്തെ ശ്രദ്ധിക്കാനും ക്ഷീണത്തിന്റെയോ അമിതമായ ഉത്തേജനത്തിന്റെയോ സൂചനകൾ തിരിച്ചറിയാനും സാധിക്കും. ശബ്ദകോലാഹലങ്ങളിൽ നിന്നു മാറി ശാന്തമായി വിശ്രമിക്കാൻ പഠിക്കുന്നതിലൂടെ സ്വയം നിയന്ത്രിക്കാനുള്ള കഴിവ് അവർക്ക് ലഭിക്കുന്നു.

വിശ്രമിക്കുന്നത് തെറ്റായ കാര്യമല്ലെന്നും ഇടവേളയെടുക്കുന്നതിൽ കുറ്റബോധം തോന്നേണ്ടതില്ലെന്നും കുട്ടികൾക്ക് മനസ്സിലാക്കിക്കൊടുക്കേണ്ടത് അത്യാവശ്യമാണ്. ഒന്നും ചെയ്യാതി

വിശ്രമം ഒരു സ്വാഭാവികപ്രക്രിയയാണെന്നു തോന്നുമെങ്കിലും, കൂടുതൽ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന കുട്ടികൾക്കത് എളുപ്പമുള്ള കാര്യമല്ല. തുടർച്ചയായി കളികളിലും വിനോദങ്ങളിലും പഠനത്തിലുമേർപ്പെടുമ്പോൾ വിശ്രമിക്കാനുള്ള കഴിവ് അവർക്ക് നഷ്ടപ്പെട്ടേക്കാം. അതിനാൽ, വിശ്രമം പരിശീലിച്ചു നേടിയെടുക്കേണ്ട ഒരു കഴിവാണ്.

കുട്ടികളെ ദിനചര്യകൾ കാര്യമായി സ്വാധീനിക്കും. അതിനാൽ, ദിനചര്യകളിൽ വിശ്രമസമയം പ്രത്യേകം ഉൾപ്പെടുത്തുന്നത് ഈ ശീലം കുട്ടികളിൽ സ്വാഭാവികമാക്കാൻ സഹായിക്കും. സ്കൂൾ വിട്ടുവന്ന ഉടൻ തന്നെ ഹോംവർക്ക് ചെയ്യുന്നതിനു പകരം, കുറച്ചുനേരം വിശ്രമിക്കാൻ സമയം നൽകാം. ഉറങ്ങുന്നതിനു മുമ്പ് പുസ്തകം വായിക്കുക്കുന്നതും ചെറുചൂടുവെള്ളത്തിൽ കുളിക്കുന്നതും മുറിയിൽ മങ്ങിയ വെളിച്ചം നൽകുന്നതുമെല്ലാം ശാന്തമായ വിശ്രമത്തിനു സഹായിക്കും.



രിക്കുന്നത് ചിലപ്പോൾ ചെയ്യാൻ കഴിയുന്ന ഏറ്റവും പ്രധാനപ്പെട്ട കാര്യമാണെന്ന് അവരെ പഠിപ്പിക്കാം. വിശ്രമം എന്നത് മടിയല്ല, വിവേകമാണെന്നു തിരിച്ചറിയുമ്പോൾ, എല്ലാമുൾക്കൊള്ളുന്ന നല്ലൊരു ജീവിതം നയിക്കാൻ അവർ പഠിക്കും.

## മാതൃകയാകാം

എല്ലാ കാര്യങ്ങളിലും മുതിർന്നവരെ അനുകരിക്കാൻ കുട്ടികൾ മിടുക്കരാണ്. അതിനാൽ, മാതാപിതാക്കൾ വിശ്രമമില്ലാതെ കാര്യങ്ങൾ ചെയ്യുന്നതു കണ്ടാൽ, അതാണ് ശരിയായ ജീവിതരീതിയെന്ന് അവർ വിശ്വസിക്കാനിടയുണ്ട്. രക്ഷിതാക്കൾ കൃത്യമായ വിശ്രമവേളകൾ എടുക്കുകയും, നിഷ്ഠയുള്ള ഉറക്കത്തിന് പ്രാധാന്യം നൽകുകയും ചെയ്യുമ്പോൾ, വിശ്രമം സന്തുലിതമായ ജീവിതക്രമത്തിന്റെ ഭാഗമാണെന്ന് അവർ മനസ്സിലാക്കും. 'ഇന്നെനിക്ക് വളരെ തിരക്കുള്ള ദിവസമായിരുന്നു. അതുകൊണ്ട് കുറച്ചു സമയം ശാന്തമായിരുന്ന് ഒരു ചായ കുടിക്കാൻ പോയി' എന്നോ അല്ലെങ്കിൽ 'എനിക്ക് നല്ല ക്ഷീണമുണ്ട്, ഞാനൊരു പുസ്തകം വായിക്കട്ടെ' എന്നോ പറഞ്ഞ് വിശ്രമവേളകളുടെ പ്രാധാന്യം അവരെ ബോധ്യപ്പെടുത്താം. ഇത്തരം ചെറിയ കാര്യങ്ങൾ പോലും കുട്ടികളിൽ വലിയ സ്വാധീനമുണ്ടാക്കും.

## ദിനചര്യയുടെ ഭാഗമാക്കാം

കുട്ടികളെ ദിനചര്യകൾ കാര്യമായി സ്വാധീനിക്കും. അതിനാൽ, ദിനചര്യകളിൽ വിശ്രമസമയം പ്രത്യേകം ഉൾപ്പെടുത്തുന്നത് ഈ ശീലം കുട്ടികളിൽ സ്വാഭാവികമാക്കാൻ സഹായിക്കും. സ്കൂൾ വിട്ടുവന്ന ഉടൻ തന്നെ ഹോംവർക്ക് ചെയ്യുന്നതിനു പകരം, കുറച്ചുനേരം വിശ്രമിക്കാൻ സമയം നൽകാം. ഉറങ്ങുന്നതിനു മുമ്പ് പുസ്തകം വായിക്കുക്കുന്നതും ചെറുചൂടുവെള്ളത്തിൽ കുളിക്കുന്നതും മുറിയിൽ മങ്ങിയ വെളിച്ചം നൽകുന്നതുമെല്ലാം ശാന്തമായ വിശ്രമത്തിനു സഹായിക്കും. ആഴ്ച്ചയിൽ നിശ്ചിത സമയം കുട്ടികളോടൊപ്പം ചെലവഴിക്കാനും വിശ്രമിക്കാനും സമയം മാറ്റിവെക്കുന്നത് നല്ലതാണ്. ഇതുപോലെയുള്ള കാര്യങ്ങൾ ദിനചര്യയുടെ ഭാഗമാക്കുന്നത് വിശ്രമം ജീവിതത്തിൽ അനിവാര്യമാണെന്ന് തിരിച്ചറിയാൻ കുട്ടികളെ സഹായിക്കും.

ഒരു പണിയുമെടുക്കാതെ സമയം ചെലവഴിക്കുന്നത് തെറ്റാണെന്നാണ് പലരും കരുതുന്നത്. എന്നാൽ ഒഴിവുസമയങ്ങൾ കുട്ടികളെ സംബന്ധിച്ചിടത്തോളം വളരെ പ്രധാനമാണ്. അവരുടെ സർഗാത്മക കഴിവുകളും കാര്യങ്ങൾ സ്വയം ചെയ്യാനുള്ള ശേഷികളും

ഇത് വർദ്ധിപ്പിക്കുന്നു. ദിവസത്തിലെ ഒഴിവുസമയമെല്ലാം പലതരം വിനോദങ്ങളിൽ ചെലവഴിക്കുന്നതിനു പകരം, കുട്ടികൾക്ക് അല്പസമയം വെറുതെയിരിക്കാനും സ്വതന്ത്രമായി കാര്യങ്ങൾ ചെയ്യാനും അവസരം നൽകാം.

### ഊർജ്ജസ്വലത

കുട്ടികളുടെ മാനസിക, ശാരീരികാവസ്ഥകളെക്കുറിച്ച് ചോദിച്ചറിയാൻ രക്ഷിതാക്കൾ തയ്യാറാകണം. 'ക്ഷീണമുണ്ടോ', 'വിശ്രമം ആവശ്യമാണെന്ന് തോന്നുന്നുണ്ടോ' തുടങ്ങിയ ചോദ്യങ്ങളിലൂടെ അവരെ മനസ്സിലാക്കാൻ രക്ഷിതാക്കൾ ശ്രമിക്കണം. വിശ്രമം ഒരു ചാർജിംഗ് പോലെ അവതരിപ്പിക്കുന്നത് നല്ലതാണ്; പ്രത്യേകിച്ച് മുതിർന്ന കുട്ടികൾക്ക്. ഒരു ഫോൺ ചാർജ്ജ് ചെയ്യേണ്ടതുപോലെ നമ്മെയും ചാർജ് ചെയ്യേണ്ടതുണ്ടെന്ന് അവർക്കു പറഞ്ഞുകൊടുക്കാം.

അനങ്ങാതെ കിടക്കുക എന്നല്ല വിശ്രമത്തിനർത്ഥം. ശാന്തമായ ഒരു നടത്തമാകാം, ശ്രദ്ധയോടെയുള്ള കളറിംഗാവാം, പുസ്തകം വായിക്കുന്നതാകാം, പാട്ടുകൾ കേൾക്കുന്നതാകാം. ഇങ്ങനെ പലരീതിയിലും വിശ്രമം സാധ്യമാണ്. ചില കുട്ടികൾക്ക് കളികളിലൂടെയും മറ്റുചിലർക്ക് വ്യായാമം, സ്ട്രെച്ചിംഗ് എന്നിവയിലൂടെയുമായിരിക്കും വിശ്രമം ലഭിക്കുന്നത്. കുട്ടികൾക്ക് ശാന്തതയും സുരക്ഷിതത്വവും ഉന്മേഷവും നൽകുന്ന കാര്യങ്ങൾ ചെയ്യാൻ സഹായിക്കുക എന്നതാണ് പ്രധാനം.

### ഉറക്കം മറക്കല്ലേ

വിശ്രമവും ഉറക്കവും ഒരുമിച്ചു പോകുന്ന കാര്യങ്ങളാണ്. നല്ല ഉറക്കം കുട്ടികളുടെ ആരോഗ്യത്തിനും ദൈനംദിന പ്രവർത്തനങ്ങൾക്കുള്ള ഊർജ്ജം ലഭിക്കാനും അത്യാവശ്യമാണ്. പ്രായത്തിനനുസരിച്ച് ഉറക്കസമയം ക്രമീകരിക്കുക, ഉറങ്ങുന്നതിന് ഒരു മണിക്കൂർ മുമ്പെങ്കിലും സ്ക്രീനുകൾ ഒഴിവാക്കുക, ശാന്തമായ അന്തരീക്ഷം സൃഷ്ടിക്കുക തുടങ്ങിയ ലളിതമായ രീതികൾ വലിയ ഗുണം ചെയ്യും. സ്ഥിരമായി ചെയ്യുന്ന ഇത്തരം കാര്യങ്ങൾ കുട്ടികളുടെ നല്ല ഉറക്കത്തിനും മൊത്തത്തിലുള്ള വിശ്രമത്തിനും വളരെയധികം സഹായകമാകും.

മാനസികാരോഗ്യം

# അമിതമായാൽ, റീൽസും വിഷം!

മാനസികസമ്മർദ്ദം കുറയ്ക്കാൻ സമൂഹമാധ്യമങ്ങളിന്ന് പലരുടെയും ആശ്രയം. ഇൻസ്റ്റഗ്രാം റീലുകൾ, യൂട്യൂബ് ഷോർട്ട്സ് എന്നിവ നമ്മുടെ തലച്ചോറിൽ ഭയാനകവും ആശങ്കാജനകവുമായ ഫലങ്ങളുണ്ടാക്കുമെന്ന് വിദഗ്ധർ മുന്നറിയിപ്പ് നൽകുന്നു. ഇത്തരത്തിലുള്ള ഹ്രസ്വവീഡിയോകൾ മദ്യാസക്തി പോലെയാണ് തലച്ചോറിനെ ബാധിക്കുന്നത്. ഷോർട്ട് വീഡിയോ ആസക്തി ആഗോളതലത്തിൽ പൊതുജനാരോഗ്യത്തിനു തന്നെ ഭീഷണിയായിരിക്കുന്നു. ശ്രദ്ധ, ഉറക്കം, ഓർമ്മശക്തി, മാനസികാരോഗ്യം എന്നിവയെ ഇത് പ്രതികൂലമായി ബാധിക്കുകയും വിഷാദരോഗ സാധ്യത വർദ്ധിപ്പിക്കുകയും ചെയ്യുന്നുവെന്ന് ടിയാൻജിൻ നോർമൽ യൂണിവേഴ്സിറ്റി പ്രൊഫസർ ക്വിയാങ്‌വാങ് പറയുന്നു. മാനസികാവസ്ഥ നിയന്ത്രിക്കുന്നതിൽ പ്രധാനപങ്കു വഹിക്കുന്ന നിർണായക ന്യൂറോട്രാൻസ്മിറ്ററാണ് ഡോപാമൈൻ. അംഗീകാരങ്ങൾ നേടുമ്പോഴും ആസ്വദിച്ചു ഭക്ഷണം കഴിക്കുമ്പോഴും പ്രിയപ്പെട്ടവരോടൊപ്പം സമയം ചെലവഴിക്കുമ്പോഴുമെല്ലാം നമുക്ക് ആനന്ദം പകരുന്ന ഹോർമോണാണിത്.

ഗെയിമിംഗ്, റീൽസ് പോലുള്ളവ ഉപയോഗിക്കുമ്പോഴെല്ലാം ഡോപാമൈൻ അളവ് ഉയരുകയും ഉന്മേഷബോധത്തിലേക്ക് നയിക്കുകയും ചെയ്യുന്നുവെന്ന് മെഡിക്കൽ വിദഗ്ധർ വിശദീകരിക്കുന്നു. ഡോപാമൈൻ ഉൽപാദനം കൂടുന്നതിനനുസരിച്ച് തലച്ചോറിൽ കൂടുതൽ ന്യൂറോകണക്ഷനുകൾ രൂപപ്പെടുകയും വീണ്ടും വീണ്ടും റീലുകൾ കാണാനുള്ള ആസക്തി സൃഷ്ടിക്കുകയും ചെയ്യുന്നു. ഈ പ്രവണത തലച്ചോറിനേൽപ്പിക്കുന്ന ക്ഷതവും വലുതാണ്.

ശ്രദ്ധ, ആത്മനിയന്ത്രണം, തീരുമാനമെടുക്കൽ എന്നിവയെ നിയന്ത്രിക്കുന്ന തലച്ചോറിലെ പ്രീഫ്രോണ്ടൽ കോർട്ടെക്സ് 27 വയസ്സു വരെ വികസനഘട്ടത്തിലായിരിക്കും. എന്നാൽ, റീലുകൾ കാണുമ്പോൾ നിരന്തരം ഉള്ളടക്ക മാറ്റം സംഭവിക്കുന്നതിലൂടെ നാം ഇതിനെ അമിതമായി പ്രവർത്തിപ്പിക്കുന്നു. കാലക്രമേണ, പ്രിഫ്രോണ്ടൽ കോർട്ടെക്സ് ചുരുങ്ങുകയും ദൈനംദിന പ്രവർത്തനത്തെ ബാധിക്കുകയും ചെയ്യും.

രാത്രിയിലെ സ്ക്രീൻസ്ക്രോളിംഗ് ഉറക്കത്തിന്റെ ഗുണനിലവാരത്തെയും ഓർമ്മശക്തിയുടെ ഏകീകരണത്തെയും തടസ്സപ്പെടുത്തുന്നു. ഇത് തലച്ചോറിലെ ഹിപ്പോകാമ്പസ് ഭാഗത്തെ അസ്വസ്ഥമാക്കുകയും പഠനശേഷി ദുർബലമാക്കുകയും ചെയ്യും. റീലുകൾ അമിതമായി കാണുന്നവരിൽ പലപ്പോഴും ശ്രദ്ധക്കുറവും ഓർമ്മക്കുറവുമുണ്ടാകാൻ കാരണം ഇതു തന്നെയാണ്.

ലഹരിയായാലും ഗെയിമിഗായാലും സോഷ്യൽമീഡിയയായാലും അമിതമാകുന്നതെന്തും ആസക്തിയായി മാറും. ഇൻസ്റ്റഗ്രാമിലെയും യൂട്യൂബിലെയും ഹ്രസ്വവീഡിയോകൾക്കും ഇത് ബാധകമാണ്. അതുകൊണ്ട് റീൽസുകൾക്ക് അതിരുകൾ നിശ്ചയിക്കേണ്ടത് അത്യാവശ്യമാണ്. സ്ക്രീൻസമയം ഒരു ദിവസം 2-3 മണിക്കൂറിൽ കൂടരുത്. അതിനപ്പുറമാകുമ്പോൾ അത് തലച്ചോറിൽ വിഷമായി മാറുന്നു. നിയന്ത്രിച്ചില്ലെങ്കിൽ അമിതോത്തേജനം, ഉറക്കക്കുറവ്, ഓർമ്മക്കുറവ് എന്നിങ്ങനെ തലച്ചോറിന്റെ പ്രവർത്തനങ്ങൾ താളം തെറ്റിക്കുന്ന ഡിജിറ്റഡിമെൻഷ്യയിലെത്തിച്ചേരും.

ചോദ്യോത്തരം/ ഹനഫീ

ഡോ. അബ്ദുൽ ഹകീമിൽ കനാഫലി

# അറവിന് രണ്ടുപേർ വേണോ?

***ചോദ്യം:** വിത്റ് നിസ്കാരം ഇശാഇനു ശേഷമുള്ള സുന്നത്ത് നിസ്കരിച്ച ശേഷം നിർവ്വഹിക്കുന്നതാണോ തഹജ്ജുദിനു മുമ്പ് നിർവഹിക്കുന്നതാണോ ഉത്തമം? മുബശ്ശിറ, ദുബൈ*

**ഉത്തരം:** സാധാരണ തഹജ്ജുദ് നിസ്കരിക്കുന്നവർക്കും രാത്രി ഉണരുമെന്ന് ഉറപ്പുമുള്ളവർക്കും വിത്റ് നിസ്കാരം രാത്രിയുടെ അവസാനം തഹജ്ജുദ് നിസ്കാരത്തിനു ശേഷം നിസ്കരിക്കൽ മുസ്തഹബ്ബാണ്. രാത്രി ഉണരുമെന്ന് ഉറപ്പില്ലാത്തവർ ഉറങ്ങുന്നതിനു മുമ്പായി വിത്റ് നിസ്കരിക്കണം. (അല്ലുബാബ് പേ: 30)

***ചോദ്യം:** ശാഫിഈ മദ്ഹബുകാരനായ ഇമാമാമിനോടൊപ്പം നിസ്കരിക്കുന്ന ഹനഫീ മദ്ഹബുകാരൻ ഇമാം സഹ്വിന്റെ സുജൂദ് ചെയ്യേണ്ടതുണ്ടോ കൂടെ സുജൂദ് ചെയ്യുകയാണോ വേണ്ടത്? ജബ്ബാർ അഹമ്മദ്, അൽഐൻ*



**ഉത്തരം:** അതേ. നിസ്കാരത്തിലെ രണ്ട് സലാമുകളിൽ ഒന്ന് വീട്ടിയതിനു ശേഷമാണ് ഹനഫീമദ്ഹബ് പ്രകാരം സഹ്വിന്റെ (മറവിയുടെ) സുജൂദ് ചെയ്യേണ്ടത്. എന്നാൽ, സലാം വീട്ടുന്നതിനു മുമ്പ് സഹ്വിന്റെ സുജൂദ് ചെയ്യണമെന്ന മദ്ഹബുകാരനാണ് ഇമാമെങ്കിൽ (ഉദാഹരണത്തിന് ശാഫിഈ മദ്ഹബുകാരൻ) ഹനഫീ മദ്ഹബുകാരനായ മഅ്മൂം അദ്ദേഹത്തെ തുടർന്ന് സലാമിനു മുമ്പ് സുജൂദ് ചെയ്യേണ്ടതാണ്. റമളാൻമാസത്തിലെ വിത്റിലുള്ള ഖുനൂത്ത് റുകൂഇനു ശേഷം ഓതണമെന്ന മദ്ഹബുകാരനാണ് ഇമാമെങ്കിൽ അദ്ദേഹത്തെ തുടർന്ന് റുകൂഇനു ശേഷം ഹനഫീമദ്ഹബ്കാരനായ മഅ്മൂം ഖുനൂത്ത് ഓതണമെന്നതു പോലെയാണിത്. (ഹാശിയതുത്വഹ്ത്വാവീ, പേ: 463)

***ചോദ്യം:** കടകളിൽ നിന്ന് വാങ്ങുന്ന ചിക്കൻ ഒരാൾ സ്വന്തമായി അറുക്കുന്നതായി കാണുന്നു. അറവിന് രണ്ടുപേർ വേണമെന്ന് നിബന്ധനയുണ്ടോ? സാജിത സത്താർ, മാളിയേക്കൽ*

**ഉത്തരം:** രണ്ടാൾ വേണമെന്നില്ല. കാരണം, അറവിന്റെ നിയമങ്ങൾ താഴെ പറയുംവിധമാണ്. അറുക്കുന്നയാൾ മുസ്‌ലിമായിരിക്കണം. ബിസ്മി ചൊല്ലൽ ശർത്വാണ്. മനപ്പൂർവ്വം ബിസ്മി ചൊല്ലാതെ അറുത്തത് ഭക്ഷിക്കൽ അനുവദനീയല്ല. എന്നാൽ, ബിസ്മി ചൊല്ലാൻ മറന്നതാണെങ്കിൽ കുഴപ്പമില്ല. അറവിനുപയോഗിക്കുന്ന കത്തിക്ക് നല്ല മൂർച്ചയുണ്ടായിരിക്കണം. കത്തിയുടെ ഭാരം കൊണ്ടോ അറവുകാരന്റെ ബലം കൊണ്ടോ ആണ് മുറിയുന്നതെങ്കിൽ അത് ഭക്ഷിക്കാൻ പാടില്ല. തൊണ്ടയിലെ കെട്ടിന്റെയും നെഞ്ചിന്റെ മുകളിലായി കഴുത്ത് അവസാനിക്കുന്ന ഭാഗത്തിന്റെയും ഇടയിലാണ് അറുക്കേണ്ടത്. ശ്വാസനാളം, അന്നനാളം, പിരടിയുടെ ഇരുവശങ്ങളിലുമുള്ള രണ്ട് രക്തക്കുഴലുകൾ എന്നിവ മുറിച്ചാണ് അറവ് നടത്തേണ്ടത്. ഇവയിൽ മൂന്നെണ്ണമെങ്കിലും പൂർണ്ണമാ

യും മുറിഞ്ഞാൽ മാത്രമേ അറവ് ശരിയാവുകയുള്ളൂ എന്നാണ് ഇമാം അബൂഹനീഫ(റ)യുടെ അഭിപ്രായം. കഴുത്ത് പൂർണ്ണമായും മുറിച്ച് മാറ്റുന്നതും പിരടിയെല്ലിന്റെ ഉള്ളിലെ വെളുത്ത നാര് വരെ മുറിക്കുന്നതും കറാഹത്താണ്. (അല്ലുബാബ് ഫീ ശർഹിൽകിതാബ് - പേ: 610,611,613,614,621)

***ചോദ്യം: ഇമാം സൂറത്ത് ഓതുന്നതിനിടെ മറവി സംഭവിച്ചാൽ തുടർന്നു നിസ്കരിക്കുന്നയാൾ ഉണർത്തിക്കൊടുക്കുകയും അതു കേട്ട് ഇമാം ഓതുകയും ചെയ്യണമല്ലോ. എന്നാൽ, ഇമാം മൂന്ന് ആയത്ത് കഴിഞ്ഞാണ് മറന്നതെങ്കിൽ ഉണർത്തിക്കൊടുക്കുന്നയാളുടെയും ഇമാമിന്റെയും നിസ്കാരം ബാത്വിലാകും എന്ന് കേൾക്കുന്നു. ഇത് ശരിയാണോ? ജമാലുദ്ദീൻ, കറുപ്പ് പാലാം.***

**ഉത്തരം:** ബാത്വിലാകില്ലെന്നാണ് പ്രബലാഭിപ്രായം. ഇമാം അലിയ്യുൽ ഹനഫി(റ) പറയുന്നു: 'ഓതൽ നിർബന്ധമായത്ര ഓതിയതിനു ശേഷമോ അല്ലെങ്കിൽ ഇമാം മറന്നതിനുശേഷം മറ്റൊരായത്ത് ഓതാൻ ആരംഭിച്ചതിനു ശേഷമോ മറന്നത് മഅ്മൂം ഉണർത്തിക്കൊടുത്താൽ നിസ്കാരം ബാത്വിലാകുമെന്ന് മുൻയതുൽമുസ്വല്ലി എന്ന ഗ്രന്ഥത്തിൽ പറഞ്ഞിട്ടുണ്ട്. എന്നാൽ, നിസ്കാരം ബാത്വിലാകുന്നതല്ലെന്നതാണ് ശരിയായ അഭിപ്രായം. ഇങ്ങനെ ഉണർത്തിക്കൊടുത്തയാളുടെ ഓതൽ കേട്ടുകൊണ്ട് ഇമാം ഓതിയാൽ ഇമാമിന്റെ നിസ്കാരം ബാത്വിലാകുമെന്ന് ഒരഭിപ്രായമുണ്ട്. നിസ്കാരം ബാത്വിലാകുന്നതല്ലെന്നതാണ് ശരിയായ അഭിപ്രായം.' (ശറഹുൽ വിഖായഃ 1/355)

ഇമാം നിർബന്ധമായത്ര ഓതിയതിനു ശേഷമായാലും അല്ലെങ്കിൽ ഇമാം മറന്നു കഴിഞ്ഞ് മറ്റൊരായത്ത് ഓതിത്തുടങ്ങിയതിനുശേഷമായാലും ശരിയായ അഭിപ്രായമനുസരിച്ച് ഉണർത്തിക്കൊടുക്കൽ മഅ്മൂമിന് അനുവദനീയമാണ്. കാരണം, അത് അവർ രണ്ടുപേരുടെയും നിസ്കാരത്തിനെ നന്നാക്കാൻ വേണ്ടിയാണല്ലോ. (ഹാശിയതു ത്വഹ്ത്വാവീ, പേ334)

ആരോഗ്യം

# എല്ലുകളുടെ ആരോഗ്യത്തിന് കാത്സ്യമടങ്ങിയ ഭക്ഷണങ്ങൾ

എല്ലുകളുടെ ബലം ആരോഗ്യകരമായ ജീവിതത്തിന് അനിവാര്യമാണ്. ഇന്ന് പലരും അനുഭവിക്കുന്ന ആരോഗ്യപ്രശ്നമാണ് ഓസ്റ്റിയോപൊറോസിസ്. അസ്ഥികൾക്ക് ബലക്ഷയം സംഭവിക്കുന്ന അവസ്ഥയാണിത്. എല്ലുകളുടെയും പേശികളുടെയും ആരോഗ്യക്ഷമതയ്ക്ക് ജീവിതശൈലിയിൽ ചില മാറ്റങ്ങൾ വരുത്താം. വിറ്റാമിനുകളും മിനറലുകളും ധാരാളമടങ്ങിയ ഭക്ഷണം ശീലമാക്കുകയാണ് ആദ്യപടി. എല്ലുകളുടെയും പല്ലുകളുടെയും ആരോഗ്യത്തിന് ഏറ്റവും അനിവാര്യമായ ധാതുവാണ് കാത്സ്യം. കാത്സ്യം കുറയുമ്പോൾ സന്ധിവേദന, നാഡീസംബന്ധമായ രോഗങ്ങൾ, കൈകാലുകളിൽ തളർച്ച, നടുവേദന തുടങ്ങിയ പല ആരോഗ്യ പ്രശ്നങ്ങളുമുണ്ടായേക്കാം.

**എല്ലുകളുടെ ആരോഗ്യത്തിന് ഡയറ്റിൽ ഉൾപ്പെടുത്താവുന്ന കാത്സ്യം അടങ്ങിയ ചില ഭക്ഷണങ്ങൾ പരിചയപ്പെടാം:**

1. പാൽ, ചീസ്, യോഗർട്ട് തുടങ്ങിയ പാലുൽപ്പന്നങ്ങളിൽ കാത്സ്യം ധാരാളം അടങ്ങിയിട്ടുണ്ട്. കൂടാതെ വിറ്റാമിൻ ഡിയും പ്രോട്ടീനും ഇവയിൽ സമൃദ്ധമാണ്. ഫാറ്റ് കുറവായതിനാൽ ഇവ ഡയറ്റിൽ ഉൾപ്പെടുത്തുന്നത് എല്ലുകളുടെ ആരോഗ്യത്തിന് ഉത്തമമാണ്.

2. പോഷകങ്ങൾ ധാരാളം അടങ്ങിയ ഇലക്കറികളിൽ നിന്നും ശരീരത്തിനാവശ്യമായ കാത്സ്യം ലഭിക്കും. എല്ലുകളുടെ ആരോഗ്യത്തിനു വേണ്ട വിറ്റാമിൻ കെയും ഇവയിൽ ധാരാളം അടങ്ങിയിട്ടുണ്ട്. അതിനാൽ ചീര, ബ്രോക്കോളി, മുരിങ്ങയില തുടങ്ങിയവ ഡയറ്റിൽ പതിവാക്കാം.

3. മത്സ്യം പൊതുവിലും സാൽമൺ പ്രത്യേകിച്ചും കാത്സ്യത്താൽ സമൃദ്ധമാണ്. കൂടാതെ, വിറ്റാമിൻ ഡിയും ഒമേഗ 3 ഫാറ്റി ആസിഡും മത്സ്യത്തിലുണ്ട്. ഇവ എല്ലുകളുടെ ആരോഗ്യത്തിന് ഗുണകരമാണ്.

4. കാത്സ്യത്തിനു പുറമെ മാംഗനീസ്, വിറ്റാമിൻ ഇ തുടങ്ങിയവ ധാരാളമടങ്ങിയ ബദാം എല്ലുകളുടെ ആരോഗ്യത്തിന് നല്ലതാണ്.

5. കാത്സ്യം ധാരാളം അടങ്ങിയ എള്ള്, ചിയ പോലുള്ള വിത്തിനങ്ങളും എല്ലുകളുടെ ആരോഗ്യത്തിനായി കഴിക്കാവുന്നതാണ്.

6. വിറ്റാമിൻ സിക്ക് പുറമെ കാത്സ്യവും അടങ്ങിയ ഓറഞ്ച് പതിവായി കഴിക്കുന്നതും എല്ലുകളുടെ ആരോഗ്യത്തിന് ഗുണം ചെയ്യും.


7. ഫൈബറും പ്രോട്ടീനും മറ്റു മിനറലുകളും ധാരാളമായി അടങ്ങിയ സോയബീൻസ്, ഗ്രീൻബീൻസ് തുടങ്ങിയവ ഡയറ്റിൽ ഉൾപ്പെടുത്തുന്നത് എല്ലുകളുടെ ആരോഗ്യത്തിന് നല്ലതാണ്.

(ആരോഗ്യവിദഗ്ധരുടെ ഉപദേശം തേടിയ ശേഷം മാത്രം ആഹാരക്രമത്തിൽ മാറ്റം വരുത്തുക.)

നബിചരിതം

സ്വലാഹുദ്ദീൻ അയ്യൂബി പുറത്തൂർ

# കഅ്ബയുടെ ചാരത്ത്



ഒരു ഹജ്ജ് വേള. കഅ്ബയുടെ പരിസരം ജനനിബിഡമാണ്. അമവീഖലീഫ ഹിശാമുബ്നുഅബ്ദിൽമലിക് തവാഫ് ചെയ്യുന്നു. ആരും അദ്ദേഹത്തെ ശ്രദ്ധിക്കുന്നില്ല. അദ്ദേഹം ഹജറുൽഅസ്വദ് ചുംബിക്കാൻ ശ്രമിച്ചെങ്കിലും ജനത്തിരക്കുകാരണം സാധിച്ചില്ല. പെട്ടെന്ന് ജനം ഇരുവശങ്ങളിലേക്കു നീങ്ങി മറ്റാർക്കോ ഹജറുൽ അസ്വദ് മുത്താൻ സൗകര്യം ചെയ്തുകൊടുക്കുന്നത് ഖലീഫ ശ്രദ്ധിച്ചു. ഈ സ്വീകാര്യത കണ്ട് അവിടെയുണ്ടായിരുന്ന ശാമുകാരനായ ഒരാൾ ഖലീഫയോടു ചോദിച്ചു:

'ഇദ്ദേഹം ആരാണ്?'

'എനിക്കറിയില്ല.' ഖലീഫ മറുപടി പറഞ്ഞു. അദ്ദേഹത്തെ അറിയാമായിരുന്നിട്ടും അത് പറയാൻ ഖലീഫയുടെ നാവ് വഴങ്ങിയില്ല. അപ്പോൾ തടിച്ചുകൂടിയ ജനങ്ങൾക്കിടയിൽ നിന്ന് മനോഹരമായൊരു കവിതയുയർന്നു. ഖലീഫയുടെ മറുപടിയിൽ അതൃപ്തനായ പ്രവാചകപ്രേമിയും വിശ്രുതകവിയുമായ ഫറസ്ദഖായിരുന്നു അത്. ആ കവിതാശകലം കഅ്ബയുടെ പരിസരത്താകെ അലയടിച്ചു:

'ബത്ഹാഅ് താഴ്‌വരക്കു തിരിച്ചറിയാനാകും, ആ മഹാമനീഷിയുടെ പാദസ്പർശം. ഹറമിന്നകവും പുറവും വിശുദ്ധകഅ്ബയുമറിയും, ഈ മാന്യദേഹത്തെ. സകല സൃഷ്ടികളിലും അത്യുത്തമരായ പുണ്യപ്രവാചകരുടെ പേരമകനാണിദ്ദേഹം. ഭക്തനും വിശുദ്ധനും പ്രശസ്തനുമാണിദ്ദേഹം. വിശിഷ്ടസമൂഹത്തിൽ പിറന്നവർ! ഇദ്ദേഹത്തെ സ്നേഹിക്കൽ മതവും വെറുക്കൽ മതനിഷേധവും ഇദ്ദേഹത്തിന്റെ സാമീപ്യം കാവലുമാണ്. ഇത് ഫാത്വിമ(റ)യുടെ സന്തതിയാണ്. താങ്കളിദ്ദേഹത്തെക്കുറിച്ച് അജ്ഞനാണെ

ങ്കിൽ, അറിയുക, ഇദ്ദേഹത്തിന്റെ വന്ദ്യപിതാമഹനെക്കൊണ്ടാണ് പ്രവാചകപരമ്പര പൂർത്തീകരിക്കപ്പെട്ടത്.'

അതുകേട്ട് ജനം ഖലീഫയെ നോക്കി. ഖലീഫ തലതാഴ്ത്തി.

*** *** ***

മറ്റൊരു ദിവസം. കഅ്ബയുടെ ഓരത്തെ ഒരു പാതിരാത്രി. മക്ക ഉറക്കത്തിലാണ്. ഇരുൾ നിറഞ്ഞ ശാന്തതയിൽ കഅ്ബയെ ത്വവാഫ് ചെയ്യാൻ വരികയാണ് ശ്രേഷ്ഠകവിയായ അസ്മഈ. കുളിർക്കാറ്റിന്റെ അലകളിലൂടെ എങ്ങുനിന്നോ ഒരു കവിതാശകലം കാതുകളിൽ വന്നു പതിച്ചു. ആരാണീ പാതിരാവിൽ കഅ്ബയുടെ ചാരത്തു വന്നു പാടുന്നത്? അദ്ദേഹം ചുറ്റും നോക്കി. ഒരു യുവാവിന്റെ വിലാപമായിരുന്നു അത്. ലോകം നിദ്രയിലാണ്ട വേളയിൽ തന്റെ വേദനകൾ നാഥനിലേക്കു സമർപ്പിക്കുന്ന ഒരു ഭക്തൻ. അദ്ദേഹത്തിന്റെ വിലാപസ്വരം അസ്മഈ കാതോർത്തു.

'ഈ ഇരുളിലും കഷ്ടപ്പെടുന്നവന്റെ വിളിക്കുത്തരം നൽകുന്നവനേ, ആധിയും വ്യാധിയുമകറ്റുന്നവനേ, നിന്നെ തേടിയെത്തിയ നിവേദകസംഘം കഅ്ബാലയത്തിനു ചുറ്റും ഉറങ്ങുകയും ഉണരുകയും ചെയ്തുകൊണ്ടിരിക്കുന്നു. അതേസമയം, നിത്യജീവനേ, നീ ഉറങ്ങിയിട്ടില്ല. എന്റെ നാഥാ, ദുഃഖിതനും അലഞ്ഞുതിരിയുന്നവനും ഉത്കണ്ഠാകുലനുമായ ഞാൻ നിന്നെ വിളിച്ചപേക്ഷിക്കുന്നു. വിശുദ്ധഹറമിന്റെയും കഅ്ബാലയത്തിന്റെയും മഹത്വം കൊണ്ട് എന്നോട് അലിവു കാണിക്കണേ. നിന്റെ ഔദാര്യം വിഡ്ഢികൾക്ക് പ്രതീക്ഷിക്കാവതല്ലെങ്കിൽ പിന്നെ മറ്റാരാണ് പാപികളോട് ഔദാര്യം കാണിക്കുക?'

അദ്ദേഹം ഹൃദയവേദനയുടെ കെട്ടുകൾ ഒന്നൊന്നായി അഴിക്കാൻ തുടങ്ങി. കരച്ചിലിന് ശക്തിയേറി. ആ ശബ്ദം കഅ്ബാലയത്തിന്റെ പരിസരത്താകെ മുഴങ്ങി:

'എന്റെ സകല ആവശ്യങ്ങളുടെയും അവലംബമേ, ഈ ദുരിതമൊന്നകറ്റി എന്നോടു കരുണ ചെയ്താലും! എന്റെ പ്രതീക്ഷയായ നാഥാ, എന്റെ സങ്കടമകറ്റുന്നവൻ നീ മാത്രമാണ്. അതിനാൽ എന്റെ പാപങ്ങളഖിലവും പൊറുക്കുകയും എന്റെ ആവശ്യങ്ങൾ നിറവേറ്റുകയും ചെയ്യേണമേ. വൃത്തിഹീനമായ കർമ്മങ്ങളുമായി ഞാൻ നിന്റെയരികിൽ വന്നിരിക്കുന്നു. എന്നോളം അക്രമം ചെയ്തവർ സൃഷ്ടികളിലില്ല. എന്റെ പ്രത്യാശയുടെ പാരമ്യമായ നാഥാ, നീ എന്നെ തീ കൊണ്ടു കരിക്കുമോ? എങ്കിൽ പിന്നെ നിന്റെ ശിക്ഷയെക്കുറിച്ചുള്ള എന്റെ ഭയവും നിന്നിലുള്ള പ്രതീക്ഷയുമെവിടെ?'

ദുഃഖഭാരത്താൽ അദ്ദേഹം തളർന്നുവീണു. തന്റെ നിസ്സാരത മനസ്സിനെ അലട്ടുമ്പോഴും നാഥന്റെ കാരുണ്യത്തിൽ പ്രതീക്ഷയർപ്പിക്കുന്ന ഒരടിമ. ഈ രംഗം അസ്മഈയുടെ മനസ്സിനെ പിടിച്ചുലച്ചു. ആരാണിദ്ദേഹം? ഇങ്ങനെ എരിഞ്ഞുതീരാൻ മാത്രം വലിയ പാപം ചെയ്തവൻ? അദ്ദേഹത്തിന്റെ മനസ്സിൽ ആകാംക്ഷയേറി.

അസ്മഈയുടെ വാക്കുകൾ: ഹൃദയനൊമ്പരം അണപൊട്ടിയൊഴുകുന്നതിനിടെ അദ്ദേഹം ബോധരഹിതനായി നിലത്തു വീണു. ഞാൻ അദ്ദേഹത്തിന്റെ അടുത്തുചെന്നിരുന്ന് തലയെടുത്ത് എന്റെ മടിയിലേക്കുവെച്ചു. നബികുടുംബത്തിലെ പ്രധാനിയും അലി(റ) – ഫാത്വിമ(റ) ദമ്പതികളുടെ പൊന്നുമോനും സർവാംഗീകൃതനുമായ സൈനുൽആബിദീൻ(റ) ആയിരുന്നു ആ യുവാവ്. ഞാൻ ചോദിച്ചു: ''സയ്യിദീ, ഇതെന്തൊരു കരച്ചിലാണ്! ഇതെന്തൊരു സങ്കടമാണ്! അങ്ങ് രിസാലത്തിന്റെ ഉറവിടത്തിൽ നിന്നും നുബുവ്വത്തിന്റെ ഭവനത്തിൽ നിന്നും പിറന്നവരല്ലേ? 'വീട്ടുകാരേ! നിങ്ങളിൽ നിന്ന് മാലിന്യം നീക്കിക്കളയുവാനും, നിങ്ങളെ ശരിയായി ശുദ്ധീകരിക്കുവാനും മാത്രമാണ് അല്ലാഹു ഉദ്ദേശിക്കുന്നത്' എന്ന് അല്ലാഹു പറഞ്ഞിട്ടില്ലേ?''

അദ്ദേഹം പറഞ്ഞു: 'അസ്മഈ, അല്ലാഹു സ്വർഗം സൃഷ്ടിച്ചത് അവനു വഴിപ്പെട്ടവർക്കു വേണ്ടിയാണ്; അത് ആഫ്രിക്കൻ അടിമയായാലും! നരകം സൃഷ്ടിച്ചത് പാപികൾക്കു വേണ്ടിയാണ്; അത് ഖുറൈശീ തറവാട്ടുകാരനായ സ്വതന്ത്രനായാലും!' അല്ലാഹു പറയുന്നില്ലേ? 'കാഹളത്തിൽ ഊതപ്പെട്ടാൽ അന്ന് അവർക്കിടയിൽ കുടുംബബന്ധങ്ങളൊന്നുമുണ്ടായിരിക്കുകയില്ല. അവർ അന്യോന്യം അന്വേഷിക്കുകയുമില്ല. അപ്പോൾ ആരുടെ സൽകർമ്മങ്ങൾ കനമുള്ളതാകുന്നുവോ അവർ തന്നെയാണ് വിജയികൾ. ആരുടെ സൽകർമ്മങ്ങൾ ലഘുവാകുന്നുവോ അവരാണ് ആത്മനഷ്ടം പറ്റിയവർ. നരകത്തിൽ നിത്യവാസികളാണവർ.'

മഹാന്റെ വാക്കുകൾ അസ്മഈയുടെ ഹൃദയത്തിന്റെ ആഴങ്ങളിൽ പതിഞ്ഞു.

**'കാഹളത്തിൽ ഊതപ്പെട്ടാൽ അന്ന് അവർക്കിടയിൽ കുടുംബബന്ധങ്ങളൊന്നുമുണ്ടായിരിക്കുകയില്ല. അവർ അന്യോന്യം അന്വേഷിക്കുകയുമില്ല. അപ്പോൾ ആരുടെ സൽകർമ്മങ്ങൾ കനമുള്ളതാകുന്നുവോ അവർ തന്നെയാണ് വിജയികൾ. ആരുടെ സൽകർമ്മങ്ങൾ ലഘുവാകുന്നുവോ അവരാണ് ആത്മനഷ്ടം പറ്റിയവർ. നരകത്തിൽ നിത്യവാസികളാണവർ.' മഹാന്റെ വാക്കുകൾ അസ്മഈയുടെ ഹൃദയത്തിന്റെ ആഴങ്ങളിൽ പതിഞ്ഞു.**

ആത്മയാനം - 10

അലി സഖാഫി പുൽപ്പറ്റ

# കപടസൂഫികളെ തിരിച്ചറിയാം

സൂഫികളുടെ വേഷം കെട്ടി ഉമ്മത്തിന്റെ ഈമാൻ കവർന്നെടുക്കുന്ന ധാരാളം കപടന്മാരുണ്ട്. അവരുടെ കെണിയിൽ അകപ്പെടാതിരിക്കണമെങ്കിൽ യഥാർത്ഥ സൂഫികളുടെ ഗുണവും സ്വഭാവവും പഠിക്കേണ്ടതുണ്ട്.

സൂഫികളെയും മുതസ്വവ്വിഫുകളെയും സംബന്ധിച്ച് മുമ്പ് വിവരിച്ചു. അവരുടെ പദവിയിലെത്താത്ത സംശുദ്ധരും സന്മനസ്കരും ശരീഅത്തനുസരിച്ച് ജീവിക്കുന്നവരുമായ രണ്ടു വിഭാഗങ്ങളുണ്ട്; മലാമത്തികൾ, ഖലൻദരികൾ. ഇവരുടെ പേരിലാണ് ഭൂരിഭാഗം കപടന്മാരും പ്രത്യക്ഷപ്പെടാറുള്ളത്.

സ്വയം കുറ്റപ്പെടുത്തുന്ന ആത്മവിമർശകരാണ് മലാമത്തികൾ. അവർ ജനങ്ങൾക്കു മുമ്പിൽ തങ്ങളുടെ നന്മകൾ വെളിപ്പെടുത്തുകയോ തിന്മകൾ ഒളിപ്പിക്കുകയോ ഇല്ല. വളരെ രഹസ്യമായി ആരാധനകൾ നിർവഹിക്കും. തങ്ങളുടെ സൽകർമ്മങ്ങളും ആത്മീയസ്ഥിതികളും ജനങ്ങൾ അറിയുന്നത് അവർക്കിഷ്ടമല്ല. സുകൃതങ്ങൾ മറച്ചുപിടിക്കുന്നതിൽ അവർ ആനന്ദിക്കുന്നു. വല്ല നന്മയും ജനം അറിഞ്ഞാൽ കുറ്റകൃത്യം വെളിപ്പെട്ടാലെന്നപോലെ അവർ ലജ്ജിക്കും. ലോകമാന്യം കലർന്ന് ഇഖ്ലാസ് (ആത്മാർത്ഥത) കളങ്കപ്പെടാതിരിക്കാനാണ് അവരിങ്ങനെ ചെയ്യുന്നത്.

സൂഫികളാകട്ടെ, ഇഖ്ലാസിൽ സ്വയം അലിഞ്ഞുചേരും. ഇഖ്ലാസിന്റെ അടയാളമായി മൂന്നു കാര്യങ്ങളാണ് ദുന്നൂനിൽ മിസ്രി(റ) പറയുന്നത്: ഒന്ന്, ചുറ്റുമുള്ളവരെ വിസ്മരിക്കുന്നവർ. ജനസാന്നിധ്യമുണ്ടായാലും ഇല്ലെങ്കിലും അവർ ഒരുപോലെ സുകൃതങ്ങളനുഷ്ഠിക്കും. സഹജീവികളുടെ പ്രശംസയും പരിഹാസവും അവർക്കു തുല്യമാണ്. രണ്ട്, കർമ്മങ്ങളിൽ ലയിച്ച് കർമ്മങ്ങളെ വിസ്മരിക്കുന്നവർ. മൂന്ന്, പ്രതിഫലേച്ഛയില്ലാതെ സ്രഷ്ടാവിനെ ആരാധിക്കുന്നവർ.

പൊതുജനങ്ങളുടെയും പുണ്യാത്മാക്കളുടെയും ഇഖ്ലാസിൽ ഏറ്റക്കുറച്ചിലുകളുണ്ട്. ഇമാം അബൂഉസ്മാനുൽ മഗ്രിബി(റ) പറയുന്നു: 'വല്ല ഗുണവും ലഭിക്കണമെന്നു മോഹിക്കാതെ കർമ്മങ്ങളനുഷ്ഠിക്കലാണ് സാധാരണക്കാരുടെ ഇഖ്ലാസ്. പ്രത്യാഘാതങ്ങൾ ഭയക്കാതെ സൽകർമ്മങ്ങളിൽ ലയിച്ച് സ്വയം മറക്കലാണ് വിശിഷ്ടാത്മാക്കളുടെ ഇഖ്ലാസ്. സ്വന്തം അസ്തിത്വം പോലും വിസ്മരിക്കുന്ന അവർ ജനം കാണുന്നതോ വിമർശിക്കുന്നതോ അക്രമിക്കുന്നതോ ഗൗനിക്കുകയില്ല.'

അദ്ദേഹത്തിന്റെ വിവരണത്തിൽ നിന്ന് മലാമത്തികളും സൂഫികളും തമ്മിലുള്ള അന്തരം ഗ്രഹിക്കാം. തങ്ങളുടെ സുകൃതങ്ങളും ആത്മീയ ഔന്നത്യങ്ങളും മറ്റുള്ളവരുടെ ദൃഷ്ടിയിൽ പെടാതിരിക്കാൻ ശ്രമിക്കുമെങ്കിലും സ്വന്തം അസ്ഥിത്വം മനസ്സിൽ നിലനിർത്തുന്നവരാണ് മലാമത്തികൾ. പൂർണ്ണതയിലെത്തിയ സൂഫികളുടെ ചിന്തകളിൽ നിറയെ അല്ലാഹുവായിരിക്കും. അവിടെ ജനങ്ങൾക്കോ തങ്ങൾക്കു തന്നെയോ അസ്തിത്വമില്ല. കർമ്മങ്ങളിൽ മുഴുകിയിരിക്കയാൽ തങ്ങൾ എന്തെങ്കിലും ചെയ്യുന്നതായി പോലും അവർക്ക് തോന്നുകയില്ല. ഒരാൾ തനിക്ക് ആത്മാർത്ഥതയുണ്ടെന്നു ചിന്തിക്കുന്നതു പോലും അയാളുടെ ആത്മാർത്ഥതയുടെ പോരായ്മയായിട്ടാണ് ഇമാം അബൂബക്കർ അർറസ്സാഖ്(റ) പറയുന്നത്.

'ആത്മീയസരണിയിൽ പ്രവേശിച്ച മുരീദുകളുടെ ഇഖ്ലാസിനെക്കാൾ മഹത്തരമാണ് ആധ്യാത്മിക ജ്ഞാനികളുടെ (ആരിഫുകൾ) ലോകമാന്യം (രിയാഅ്)' എന്ന് അബൂസഈദിൽ ഖർറാസ്(റ) പ്രസ്താവിച്ചതു കാണാം. സ്വന്തം ആത്മാർത്ഥതയെ ദർശിക്കുന്ന മുരീദുകളെയും കർമ്മങ്ങളെ നിഷ്ഫലമാക്കും വിധമുള്ള പ്രകടനപരതയിൽ നിന്ന് മോചിതരായ ആരിഫുകളെയുമാണ് അദ്ദേഹം അതുകൊണ്ടുദ്ദേശിച്ചത്. അത്തരം ആത്മീയഗുരുക്കന്മാർ തങ്ങളുടെ സൽകർമ്മങ്ങൾ പ്രദർശിപ്പിക്കുന്നത് ശിഷ്യന്മാരെ കർമ്മങ്ങളിലേക്ക് ആകർഷിക്കാനായിരിക്കും. അല്ലെങ്കിൽ സുശീലങ്ങൾ പരിശീലിപ്പിച്ച് സ്വശരീരത്തെ പരിപോഷിപ്പിക്കാനായിരിക്കും. അതു സംബന്ധിച്ചുള്ള സൂക്ഷ്മജ്ഞാനം അവർക്കുണ്ട്. അന്യർക്കത് അജ്ഞാതമായിരിക്കും. ജനം കാണാനാണ് അവർ സുകൃതങ്ങൾ ചെയ്യുന്നതെന്ന് അല്പജ്ഞാനികൾ തെറ്റിദ്ധരിക്കും. വാസ്തവത്തിൽ അത് ലോകമാന്യമല്ല. അല്ലാഹുവിനെക്കുറിച്ച് യഥാവിധി ഗ്രഹിച്ചും തന്റെ അസ്തിത്വത്തെ വിസ്മരിച്ചും അവർ ചെയ്യുന്ന കർമ്മങ്ങളാണ്.

മലാമത്തികൾ തങ്ങളുടെ നന്മകൾ മറച്ചുവെക്കുന്നത് രണ്ടുലക്ഷ്യങ്ങളാലായിരിക്കും. സത്യസന്ധതയും നിസ്വാർത്ഥ



‘മലാമത്തി’കൾ സൽകർമ്മങ്ങൾ മറച്ചുപിടിക്കാൻ ശ്രമിക്കുന്നവരാണെങ്കിൽ ഖലൻദറുകൾ ദിനചര്യകളും ചിട്ടകളും തെറ്റിക്കുന്നവരാണെന്നതാണ് ഇവർ തമ്മിലുള്ള അന്തരം. മലാമത്തികൾ സകലവിധ സൽകർമ്മങ്ങളും അതിരഹസ്യമായി അനുഷ്ഠിക്കുകയും എന്നാൽ ഒന്നുമറിയാത്ത മട്ടിൽ രൂപത്തിലും ഭാവത്തിലും പൊതുവ്യവഹാരങ്ങളിലും സാധാരണക്കാരെപ്പോലെ കഴിഞ്ഞുകൂടുകയും ചെയ്യുന്നു. സൂഫികളാകട്ടെ, സർവ്വകാര്യങ്ങളും യഥാസ്ഥാനത്ത് വെക്കും.

തയും സുദൃഢമാക്കുകയാണ് ഒന്നാമത്തെ ലക്ഷ്യം. തങ്ങളുടെ ആത്മീയപദവി മറ്റുള്ളവരിൽ നിന്ന് മറച്ചുവെക്കലാണ് രണ്ടാമത്തെ ലക്ഷ്യം. ഇതിൽ ഏറ്റവും സമ്പൂർണ്ണവും വിശിഷ്ടവുമായത് രണ്ടാമത്തേതാണ്. തന്റെ പ്രണയിനിയുടെ കൂടെ ഒഴിഞ്ഞിരിക്കുന്ന ഒരാൾ മറ്റുള്ളവരതു കാണുന്നത് ഇഷ്ടപ്പെടുകയില്ലല്ലോ.

രണ്ടാം വിഭാഗമായ ഖലൻദറുകൾ സൂഫികളിൽ നിന്നും മലാമത്തികളിൽ നിന്നും ഭിന്നരാണ്. ഇവർ ജീവിതചിട്ടകളും സമ്പർക്കമര്യാദകളും പാലിക്കാതെ ഹൃദയവിശുദ്ധിയുടെ വിശാല മൈതാനിയിൽ വിഹരിക്കുന്നവരാണ്. നിർബന്ധകർമ്മങ്ങൾ കൃത്യമായി നിർവഹിക്കുമെങ്കിലും ഐച്ഛിക കർമ്മങ്ങൾ വിരളമായിരിക്കും. അനുവദനീയ സുഖാസ്വാദനങ്ങൾ വർജിക്കുകയില്ല. ശരീഅത്തിലെ ഇളവുകളും ആനുകൂല്യങ്ങളും അനുഭവിക്കും.

എന്നുവെച്ച് ഭൗതികവിഭവങ്ങൾ ശേഖരിക്കുകയോ സമ്പത്ത് സൂക്ഷിച്ചുവെക്കുകയോ ഇല്ല. അതവർ തെറ്റായി കാണുന്നു. പരിവ്രാജകരുടെ വേഷമോ ഫകീറുമാരുടെ അടയാളമോ അവരിൽ കാണില്ല. അല്ലാഹുവിനോടുള്ള നിഷ്കളങ്ക ഭക്തിയും കർമ്മശുദ്ധിയും നിർമ്മല മനസ്സും മാത്രമാണ് അവരുടെ കൈമുതൽ. ആ പരിമിതവട്ടത്തിൽ അവർ നിർവൃതിയടയുന്നു. അതിനപ്പുറത്തേക്ക് അവരുടെ മനസ്സ് നീങ്ങുകയില്ല. അകശുദ്ധിയിൽ കാണിക്കുന്ന ശ്രദ്ധയും കണിശതയും അവരുടെ ബാഹ്യശുദ്ധിയിൽ പ്രകടമാകില്ല.

‘മലാമത്തി’കൾ സൽകർമ്മങ്ങൾ മറച്ചുപിടിക്കാൻ ശ്രമിക്കുന്നവരാണെങ്കിൽ ഖലൻദറുകൾ ദിനചര്യകളും ചിട്ടകളും തെറ്റിക്കുന്നവരാണെന്നതാണ് ഇവർ തമ്മിലുള്ള അന്തരം. മലാമത്തികൾ സകലവിധ സൽകർമ്മങ്ങളും അതിരഹസ്യമായി അനുഷ്ഠിക്കുകയും എന്നാൽ ഒന്നുമറിയാത്ത മട്ടിൽ രൂപത്തിലും ഭാവത്തിലും പൊതുവ്യവഹാരങ്ങളിലും സാധാരണക്കാരെപ്പോലെ കഴിഞ്ഞുകൂടുകയും ചെയ്യുന്നു.

സൂഫികളാകട്ടെ, സർവ്വകാര്യങ്ങളും യഥാസ്ഥാനത്ത് വെക്കും. സമയങ്ങളും സന്ദർഭങ്ങളും വിജ്ഞാനം കൊണ്ട് നിയന്ത്രിക്കും. സൃഷ്ടികളെ അവരുടെ സ്ഥാനത്തും സ്രഷ്ടാവിനെ അവനോട് യോജിച്ച സ്ഥാനത്തും പ്രതിഷ്ഠിക്കും. മറച്ചുവെക്കേണ്ടത് മറച്ചുവെക്കും. വെളിപ്പെടുത്തേണ്ടത് വെളിപ്പെടുത്തും. സത്യസന്ധതയും നിസ്വാർത്ഥതയും സൂക്ഷ്മതയും പുലർത്തി സകല കാര്യങ്ങളും സുചിന്തിതമായി നിർവഹിക്കും.

കപടസൂഫികളിലേക്ക് വരാം. പ്രത്യക്ഷത്തിൽ സൂഫികളുടെ രൂപവും ഭാവവും വേഷവും സ്വീകരിച്ച് സൗകര്യം പോലെ പല പേരുകളും വിശേഷണങ്ങളും ചാർത്തി അവർ ജനങ്ങളെ കബളിപ്പിക്കും. ദുഷ്ചെയ്തികൾ വേഷംകൊണ്ട് മറച്ചുപിടിക്കും. തങ്ങൾ ധർമ്മങ്ങൾ നിർവഹിക്കാത്തതും അധർമ്മങ്ങൾ പ്രവർത്തിക്കുന്നതും അല്ലാഹുവിന്റെ ഹിതമനുസരിച്ചാണെന്നു ന്യായീകരിക്കും. നിഷിദ്ധങ്ങൾ അനുവദനീയമാക്കും. ശരീഅത്തു നിയമങ്ങളും ചട്ടങ്ങളും ചിഹ്നങ്ങളും സാധാരണക്കാർക്കും ബൗദ്ധിക

ശരീഅത്ത് നിയമങ്ങൾക്ക് വില കൽപ്പി ക്കാത്ത ഏത് ആത്മീയധാരയും കാപട്യവും മതനിഷേധവുമാണ്. തിരുദൂതർ പോലും ശരീ അത്ത് ലംഘിച്ചിട്ടില്ല. ഉബൂദിയ്യതിന്റെ (സമ്പൂർ ണ്ണമായ അടിമത്തം) ദേഹം ശരീഅത്തും ദേഹി ഹഖീഖത്തുമാണ്. ഈ പൊരുളറിയുന്ന യഥാർത്ഥ ആത്മജ്ഞാനികൾ സുകൃതങ്ങൾ വർദ്ധിപ്പിക്കുകയല്ലാതെ മതശാസനയുടെ (തക്‌ലീഫ്) നുകം ഒരിക്കലും അഴിച്ചുവെക്കുക യില്ല. അടിമത്തത്തിന്റെ മധുരവും ആരാധന യുടെ മർമ്മവും അറിയുകയും അനുഭവിക്കു കയും ചെയ്തവരാണവർ.



പരിമിതിയുള്ളവർക്കും മാത്രമു ള്ളതാണെന്നും പരമജ്ഞാനം ലഭിച്ചവർക്ക് അതിന്റെ ആവശ്യമി ല്ലെന്നും വാദിക്കും. ഉറച്ച നിരീശ്വ രവാദമാണ് ഇവരുടേത്.

ശരീഅത്ത് നിയമങ്ങൾക്ക് വില കൽപ്പിക്കാത്ത ഏത് ആത്മീ യധാരയും കാപട്യവും മതനിഷേ ധവുമാണ്. തിരുദൂതർ പോലും ശരീഅത്ത് ലംഘിച്ചിട്ടില്ല. ഉബൂദി യ്യതിന്റെ (സമ്പൂർണ്ണമായ അടിമ ത്തം) ദേഹം ശരീഅത്തും ദേഹി ഹഖീഖത്തുമാണ്. ഈ പൊരുള റിയുന്ന യഥാർത്ഥ ആത്മജ്ഞാ നികൾ സുകൃതങ്ങൾ വർദ്ധിപ്പി ക്കുകയല്ലാതെ മതശാസനയുടെ (തക്‌ലീഫ്) നുകം ഒരിക്കലും അഴിച്ചുവെക്കുകയില്ല. അടിമത്ത ത്തിന്റെ മധുരവും ആരാധനയു ടെ മർമ്മവും അറിയുകയും അനു ഭവിക്കുകയും ചെയ്തവരാണവർ. ഉള്ളിൽ അള്ളിപ്പിടിച്ച ദൈവനി ഷേധവും മതവിരോധവുമാണ് നിയമങ്ങളിൽ ഭേദഗതി വരുത്തി തന്നിഷ്ടം ജീവിക്കാൻ കപടസൂ ഫികളെ പ്രേരിപ്പിക്കുന്നത്.

ഉമറുബ്നുൽഖത്വാബ്(റ) ഒരി ക്കൽ പറഞ്ഞു: ‘തിരുദൂതരുടെ കാലത്ത് ദിവ്യജ്ഞാനത്തിന്റെ (വഹ്‌യ്) വെളിച്ചത്തിൽ ജനങ്ങൾ ശിക്ഷിക്കപ്പെട്ടിരുന്നു. ദിവ്യജ്ഞാ നം നിലച്ചിരിക്കുന്നു. നിങ്ങളുടെ ബാഹ്യകർമ്മങ്ങളുടെ അടിസ്ഥാ നത്തിലാണ് ഇന്നു നാം നിങ്ങളെ ശിക്ഷിക്കുക. നമുക്കൊരാളുടെ നന്മ വെളിപ്പെട്ടാൽ അവന് അഭയ വും ആദരവും നൽകും. അവന്റെ ഉള്ള് ചൂഴ്ന്നന്വേഷിക്കാനുള്ള ബാധ്യത നമുക്കില്ല. ഉള്ളിലിരിപ്പു നോക്കി അല്ലാഹു വിചാരണ ചെ യ്തുകൊള്ളും. നമുക്കൊരാളുടെ തിന്മ വെളിപ്പെടുന്ന പക്ഷം താൻ സംശുദ്ധനാണെന്നവൻ പറഞ്ഞാ ലും നാം അവന് അഭയം നൽകു കയില്ല.’ (ബുഖാരി 2641)

മറ്റൊരിക്കൽ അദ്ദേഹം പറഞ്ഞു: ‘തന്നെ തെറ്റിദ്ധരിക്കാൻ തക്ക സാഹചര്യമുണ്ടാക്കിയ ഒരാൾ തനിക്കെതിരെ ആരോപ ണമുന്നയിക്കുന്നവരെ കുറ്റപ്പെടു ത്തരുത്.’ (മകാരിമുൽ അഖ്‌ലാ ഖ്) സംശയിക്കാനിടവരുത്തുന്ന പരിസരങ്ങളിൽ നിന്നു പോലും വിട്ടുനിൽക്കണമെന്നാണ് പ്രമാ ണഭാഷ്യമെന്നിരിക്കെ ശരീഅ ത്തിന്റെ വലയം ഭേദിക്കുന്നത് ഒരിക്കലും മതം അംഗീകരിക്കുക യില്ലല്ലോ.

ഒരാൾ മതനിയമങ്ങളെ നിസ്സാ രപ്പെടുത്തുകയും നിർബന്ധ നിസ്കാരങ്ങൾ ഉപേക്ഷിക്കുക യും ഖുർആൻ പാരായണത്തിലും നോമ്പിലും നിസ്കാരത്തിലും താൽപര്യം കാണിക്കാതിരിക്കുക യും നീചസ്ഥലങ്ങളിൽ പ്രവേ ശിക്കുകയും നിഷിദ്ധ പ്രവർ ത്തനങ്ങളിൽ വ്യാപരിക്കുകയും ചെയ്യുന്നതു കണ്ടാൽ മതദൃഷ്ട്യാ അവനെ അംഗീകരിക്കാനൻ പറ്റില്ല. ദൃഢവിശ്വാസവും മനഃ

ശുദ്ധിയും തനിക്കുണ്ടെന്ന് എത്ര വീറോടെ വാദിച്ചാലും സ്വീകരിക്കപ്പെടുകയില്ല.

സൂഫികളുടെ നേതാവായ ജുനൈദുൽ ബഗ്ദാദി(റ)യോട് ഒരാൾ ചോദിച്ചു: 'മഅ്രിഫത്തിലേക്കെത്തിച്ചേർന്നാൽ തഖ്‌വയും മറ്റെല്ലാ സൽകർമ്മങ്ങളും അവസാനിക്കുകയില്ലേ?'

ജുനൈദിൽ ബാഗ്ദാദി(റ) പറഞ്ഞു: 'ആത്മജ്ഞാനം ലഭിച്ചാൽ കർമ്മങ്ങൾ ഉപേക്ഷിക്കാമെന്ന് ചിലർ വാദിക്കാറുണ്ട്. അതീവ ഗുരുതരമാണിത്. ഇവരെക്കാൾ മെച്ചം മോഷ്ടാക്കളും വ്യഭിചാരികളുമാണ്. ആരിഫുകൾ സർവ്വദാ കർമ്മനിരതരായിരിക്കും. ആയിരം വർഷം ജീവിക്കുകയാണെങ്കിൽ പോലും എന്റെ സൽകർമ്മങ്ങളിൽ ഒരു അണുത്തൂക്കം ഞാൻ കുറവ് വരുത്തുകയില്ല; ബലഹീനനായാലൊഴികെ. ഞാൻ കൈവരിച്ച അദ്ധ്യാത്മിക ജ്ഞാനത്തിൽ ഏറ്റവും ബലപ്പെട്ടതും എന്റെ പദവിയെ ശക്തിപ്പെടുത്തുന്നതും അതാണ്.'

പ്രത്യേകം തിരഞ്ഞെടുക്കപ്പെട്ട മനുഷ്യരിൽ അല്ലാഹു അവതരിക്കുമെന്നും ഞങ്ങളിൽ അപ്രകാരം അവതരിച്ചിട്ടുണ്ടെന്നും ചില വ്യാജസൂഫികൾ ജൽപ്പിക്കുന്നു. ക്രിസ്ത്യാനികൾ അവതരിപ്പിക്കുന്ന ത്രിയേകത്വസങ്കൽപ്പത്തിൽനിന്നു കടം കൊണ്ടതാണ് ഈ അവതാരവാദം. ദൈവത്തിന്റെ അവതാരങ്ങളാണെന്നതിനാൽ പരസ്ത്രീദർശനം തങ്ങൾക്ക് നിഷിദ്ധമല്ലെന്നു പോലും വാദിക്കുന്നവരുണ്ട്. പ്രസിദ്ധ സൂഫിവര്യന്മാരുടെ ചില നിഗൂഢാർത്ഥ പ്രയോഗങ്ങളാണ് ഇവർക്കുള്ള തെളിവ്. 'ഞാനാണ് പരമസത്യം' (അനൽഹഖ്) എന്ന ഹല്ലാജിന്റെ വാക്കും 'എന്റെ പരിശുദ്ധിയെ ഞാൻ പ്രകീർത്തിക്കുന്നു' (സുബഹാനീ) എന്ന അബൂയസീദിന്റെ വാക്കും ഉദാഹരണം. പ്രസ്തുത റിപ്പോർട്ടുകൾ ശരിയാണെങ്കിൽ തന്നെ അബൂയസീദ് അല്ലാഹുവിന്റെ വാക്കുകൾ ഉദ്ധരിച്ചു പറഞ്ഞതാകാനേ തരമുള്ളൂ. അല്ലാതെ സ്വബോധത്തോടെ അദ്ദേഹം അങ്ങനെ പറയില്ല. ഹല്ലാജിന്റെ പ്രയോഗവും ഇവ്വിധമാണ്. അതല്ല, ഒരു

**ജുനൈദുൽ ബാഗ്ദാദി(റ) പറഞ്ഞു: 'ആത്മജ്ഞാനം ലഭിച്ചാൽ കർമ്മങ്ങൾ ഉപേക്ഷിക്കാമെന്ന് ചിലർ വാദിക്കാറുണ്ട്. അതീവ ഗുരുതരമാണിത്. ഇവരെക്കാൾ മെച്ചം മോഷ്ടാക്കളും വ്യഭിചാരികളുമാണ്. ആരിഫുകൾ സർവ്വദാ കർമ്മനിരതരായിരിക്കും. ആയിരം വർഷം ജീവിക്കുകയാണെങ്കിൽ പോലും എന്റെ സൽകർമ്മങ്ങളിൽ ഒരു അണുത്തൂക്കം ഞാൻ കുറവ് വരുത്തുകയില്ല; ബലഹീനനായാലൊഴികെ. ഞാൻ കൈവരിച്ച അദ്ധ്യാത്മികജ്ഞാനത്തിൽ ഏറ്റവും ബലപ്പെട്ടതും എന്റെ പദവിയെ ശക്തിപ്പെടുത്തുന്നതും അതാണ്.'**

വ്യാഖ്യാനത്തിനും പഴുതില്ലാത്ത വിധം ബാഹ്യാർത്ഥം ഉദ്ദേശിച്ചുതന്നെയാണ് അവരങ്ങനെ പറഞ്ഞതെന്ന് ഉറപ്പുണ്ടെങ്കിൽ അവരും പടിക്കു പുറത്താണ്.

സംശുദ്ധവും സുതാര്യവുമായ മതനിയമങ്ങളാണ് തിരുദൂതർ അവതരിപ്പിച്ചത്. വക്രതയോ അവ്യക്തതയോ ഇല്ലാത്ത നേർപഥം. അല്ലാഹുവിന് ഇണങ്ങുന്നതും അല്ലാത്തതുമായ വിശേഷണങ്ങൾ അവിടുന്ന് തെളിവുകൾ നിരത്തി നമ്മെ ബോധ്യപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. അതിനപ്പുറത്തുള്ള ഒന്നും ദീനിൽ സ്വീകാര്യമല്ല. അല്ലാഹു ഒരു വസ്തുവിലോ ഒരു വസ്തു അവനിലോ അവതരിക്കുന്നത് അവന്റെ വിശുദ്ധിക്ക് ചേർന്നതല്ല. അവിവേകികളായ ചില ദുർബലബുദ്ധികൾ തങ്ങളുടെ മനസ്സിലുദിക്കുന്ന ദുർമന്ത്രണങ്ങൾ അല്ലാഹുവിലേക്കു ചേർത്ത് അവൻ തന്നോട് സംസാരിച്ചു, ഇന്നതെല്ലാം പറഞ്ഞു എന്നെല്ലാം പ്രചരിപ്പിക്കുന്നു. ഇവർ ഒന്നുകിൽ സ്വന്തം മനസ്സിനെക്കുറിച്ചും ആത്മഭാഷണത്തെക്കുറിച്ചും വിവരമില്ലാത്ത വിഡ്ഢികളാണ്; സ്രഷ്ടാവായ റബ്ബിനെയും അവന്റെ സംഭാഷണരീതിയെയും കുറിച്ചു പഠിച്ചിട്ടില്ലാത്ത വിവരദോഷികൾ! അല്ലെങ്കിൽ അവാസ്തവ കാര്യങ്ങളാണെന്ന ഉറച്ച ബോധ്യത്തോടെ തന്നെ സ്വാർത്ഥതാല്പര്യങ്ങൾക്കും ഭൗതികനേട്ടങ്ങൾക്കും വേണ്ടി ശുദ്ധകള്ളങ്ങൾ പറയുന്നവരാണിവർ.

ദീർഘകാലം ആരാധനകളിലും പുണ്യകർമ്മങ്ങളിലും മുഴുകുകയും പൂർണ്ണമായ സത്യസന്ധതയും സൂക്ഷ്മതയും ലൗകിക വിരക്തിയും പുലർത്തി ജീവിക്കുകയും ചെയ്ത പുണ്യാത്മാക്കൾക്ക് അല്ലാഹുവിന്റെ ഭാഗത്തുനിന്ന് പ്രമാണയുക്തമായി ലഭിക്കുന്ന വെളിപാടുകളോട് ഭൗതിക പ്രമത്തരായ കപടസൂഫികൾ തങ്ങളുടെ വ്യാജജല്പനങ്ങളെ സമീകരിക്കുന്നത് ശുദ്ധഭോഷത്വമാണ്.

കപടസൂഫികളെ തിരിച്ചറിയാനുള്ള മുഖ്യഅടയാളമാണ് അവരുടെ ഭൗതികാസക്തി. സ്ഥാനമോഹവും ധനാർത്തിയും പ്രശസ്തിഭ്രമവുമുള്ളവരുടെ ത്വരീഖത്ത് യഥാർത്ഥ സൂഫികളുടേതല്ല. അവർക്കുണ്ടാകുന്ന പ്രമാണവിരുദ്ധ വെളിപാടുകൾ പൈശാചികബോധനങ്ങളാണ്. ശരിയായ മാർഗം അവലംബിക്കുന്ന നിസ്വാർത്ഥരായ ആത്മജ്ഞാനികൾ ഇത്തരം ദുർമന്ത്രണങ്ങളിൽ നിന്നു രക്ഷ തേടി അല്ലാഹുവിൽ അഭയം പ്രാപിക്കുകയാണ് ചെയ്യുക. മഹാത്മാക്കളുടെ സംശുദ്ധ ഹൃദയദർപ്പണത്തിൽ രഹസ്യജ്ഞാനങ്ങൾ വെളിപ്പെടുമെന്നതു സത്യമാണ്. അത് വിശുദ്ധഖുർആനിനും തിരുസുന്നത്തിനും അനുയോജ്യമായിരിക്കും. അവ അല്ലാഹുവിന്റെ വചനങ്ങളാണെന്ന് അവർ അവ

കാശപ്പെടുകയുമില്ല. പ്രത്യുത, അവൻ തങ്ങൾക്കു വെളിപ്പെടുത്തിത്തരുന്ന ജ്ഞാനങ്ങളാണ് ഇതെന്ന പൂർണ്ണബോധ്യം അവർക്കുണ്ടാകും.

തൗഹീദിന്റെ അനന്തസാഗരത്തിൽ ആഴ്ന്നിറങ്ങിയവരാണെന്നും ശരീഅത്തിന്റെ നിയമപരിധികളിൽനിന്നു തങ്ങൾ മോചിതരാണെന്നും അവകാശപ്പെടുന്ന ചില വ്യാജന്മാരുണ്ട്. തങ്ങൾ സ്വയം ഒന്നും ചെയ്യുന്നില്ല, എല്ലാം അല്ലാഹു ചെയ്യിക്കുകയാണെന്നു തട്ടിവിട്ട് അവർ തിന്മകളിൽ വിഹരിക്കുകയും തന്നിഷ്ടപ്രകാരം തിമർത്തു ജീവിക്കുകയും ചെയ്യുന്നു. അശ്രദ്ധരും നിഷ്ക്രിയരുമായി കഴിയുന്ന ഇവർ അല്ലാഹുവിന്റെ കാര്യത്തിൽ വഞ്ചിതരും മതവൃത്തത്തിൽ നിന്ന് ബഹിർഗമിച്ചവരുമാണ്. നിയമപരിധികൾ ലംഘിക്കുകയും നിഷിദ്ധാനുവദനീയങ്ങൾ കുഴച്ചുമറിക്കുകയുമാണ് ഇവരുടെ രീതി.

'ഞാനൊരു വാതിൽപ്പൊളിക്കു സമാനമാണ്. ഒരാൾ ചലിപ്പിച്ചാലല്ലാതെ ഞാൻ സ്വയം ചലിക്കുകയില്ല' എന്നവകാശപ്പെടുന്ന ഒരാളെപ്പറ്റി സഹൽ(റ)വിനോട് ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞു: 'ഇങ്ങനെ പറയുന്നവൻ ഒന്നുകിൽ സ്വിദ്ദീഖാണ് (പുണ്യാത്മാവ്), അല്ലെങ്കിൽ സിൻദീഖാണ് (കപടവിശ്വാസി). കാരണം സമസ്തവസ്തുക്കളുടെയും ആത്യന്തിക നിലനിൽപ്പും ചലനനിശ്ചലനങ്ങളും അല്ലാഹുവിന്റെ ഇച്ഛാനുസൃതമാണ് നടക്കുന്നതെന്നു വിശ്വസിക്കുകയും അതോടൊപ്പം സ്വന്തം അടിമത്തം അംഗീകരിച്ച് ഉത്തരവാദിത്തങ്ങൾ അക്ഷരാർത്ഥത്തിൽ നിറവേറ്റുകയും ചെയ്യുന്നവനാണ് അവനെങ്കിൽ അവൻ സിദ്ദീഖാണ്. മതത്തിന്റെ വേലി പൊളിച്ച് സ്രഷ്ടാവിനോടും സൃഷ്ടികളോടുമുള്ള കടമകളും കടപ്പാടുകളും വിസ്മരിച്ച് തോന്നിയപോലെ ജീവിക്കുകയും അല്ലാഹുവാണ് അതെല്ലാം തന്നെക്കൊണ്ട് ചെയ്യിക്കുന്നതെന്ന് ന്യായം പറഞ്ഞ് രക്ഷപ്പെടുകയും ചെയ്യുന്നവനാണെങ്കിൽ അവൻ സിൻദീഖാണ്.'

ലൈഫ്സ്റ്റൈൽ

ജാശിർ കുന്നളം

# കൗമാരക്കാരെ മനസ്സിലാക്കാം

കൗമാരം ജീവിതത്തിലെ ഒരു നിർണ്ണായകഘട്ടമാണ്. ബാല്യത്തിൽ നിന്ന് യൗവനത്തിലേക്കുള്ള പരിവർത്തന കാലം. ശാരീരികവും മാനസികവും വൈകാരികവുമായ വലിയ പരിവർത്തനങ്ങളുടെ കാലമാണത്. കൗമാരക്കാർ അനുഭവിക്കുന്ന വെല്ലുവിളികളും അവരുടെ കാഴ്ചപ്പാടുകളും മനസ്സിലാക്കുക എന്നത് രക്ഷിതാക്കളനുഭവിക്കുന്ന വലിയ വെല്ലുവിളി തന്നെയാണ്. 'AD-OLESCENCE' (കൗമാരപ്രായം) എന്ന ഇംഗ്ലീഷ്പദത്തിലെ ഓരോ അക്ഷരവും ഈ പ്രായത്തിലെ പ്രധാന സവിശേഷതകളെ അടയാളപ്പെടുത്തുന്നതായി കാണാം. രക്ഷിതാവെന്ന നിലയിൽ ആ സവിശേഷതകൾ തിരിച്ചറിയുന്നത് കൗമാരക്കാരുമായുള്ള ബന്ധം ദൃഢമാക്കാൻ സഹായകമാകും.

## A - Adventure (സാഹസികത)

കൗമാരക്കാർക്ക് സാഹസികതയോട് വലിയ താൽപ്പര്യം കാണാറുണ്ട്. ശരീരത്തിലെ അമിതമായ ഊർജ്ജവും മറ്റുള്ളവരുടെ ശ്രദ്ധ പിടിച്ചുപറ്റാനുള്ള ആഗ്രഹവും ഇതിന് കാരണമാകും. പുതിയ അനുഭവങ്ങൾ തേടിയുള്ള യാത്രകളും വെല്ലുവിളികളും അവർക്ക് പ്രിയപ്പെട്ടതായിരിക്കും. ഈ സാഹസിക മനസ്സ് അവരുടെ വളർച്ചയുടെ ഘട്ടങ്ങളിൽ പ്രധാനമാണ്.

## D - Disorder (അടുക്കും ചിട്ടയുമില്ലായ്മ)

കൗമാരക്കാർക്ക് അടുക്കും ചിട്ടയും കുറവായിരിക്കും. ശാരീരികവും മാനസികവുമായ പെട്ടെന്നുള്ള മാറ്റങ്ങൾ കാരണം അവരിൽ ഒരുതരം ആശയക്കുഴപ്പമുണ്ടാകാം. മുറി വൃത്തിയാക്കാതിരിക്കുന്നതും സാധനങ്ങൾ അലക്ഷ്യമായി വലിച്ചെറിയുന്നതും ഇതിന്റെ ഭാഗമായിട്ടാണ്.

## O - Oppose (എതിർപ്പ്)

എന്തിനെയും എതിർക്കുകയെന്നത് ഈ പ്രായത്തിന്റെ ഒരു പ്രത്യേകതയാണ്. വീട്ടിലോ സ്കൂളിലോ ഒരു നിയമം പറയുമ്പോൾ അവർ ഉടൻ പ്രതികരിക്കും. അവരുടേതായ വ്യക്തിത്വം

സ്ഥാപിക്കണമെന്ന ആഗ്രഹമുണ്ടാവും. മുതിർന്നവർ പറയുന്നത് അതേപടി അംഗീകരിക്കാൻ പൊതുവെ അവർക്ക് മടിയായിരിക്കും.

### L - Logical (യുക്തിസഹമായ ചിന്ത)

കൗമാരത്തിൽ കാര്യങ്ങളെല്ലാം യുക്തിപരമായി വിലയിരുത്താനുള്ള പ്രവണത കാണാം. 'എന്തിനാണ് ഞാൻ ഇങ്ങനെ ചെയ്യേണ്ടത്' എന്നൊക്കെ അവർ ചോദിക്കും. അതിനവർക്ക് വ്യക്തമായ കാരണങ്ങൾ ആവശ്യമാണ്. മുതിർന്നവർ പറയുന്നതൊന്നും അതേപടി അവർ വിശ്വസിക്കില്ല. എന്തിനും ഒരു കാരണം/ന്യായം കണ്ടെത്താൻ അവർ ശ്രമിച്ചുകൊണ്ടിരിക്കും.

### E - Exhibitive (ശ്രദ്ധ നേടാനുള്ള ആഗ്രഹം)

മറ്റുള്ളവരുടെ ശ്രദ്ധ പിടിച്ചുപറ്റാൻ കൗമാരക്കാർക്ക് വലിയ ആഗ്രഹമുണ്ടാവും. പുതിയ ഫാഷനിലുള്ള വസ്ത്രങ്ങൾ ധരിക്കുകയോ മുടിക്ക് പുതിയ സ്റ്റൈലുകൾ പരീക്ഷിക്കുകയോ ഒക്കെ ചെയ്യും. ശ്രദ്ധ നേടാനായി അവർ എന്തും ചെയ്യാൻ തയ്യാറാകും. തങ്ങളെ മറ്റുള്ളവർ ശ്രദ്ധിക്കണമെന്നുള്ളത് അവരുടെ ആത്മവിശ്വാസത്തിന് പ്രധാനമാണ്.

### S - Sexiness (ലൈംഗികതയോടുള്ള താൽപ്പര്യം)

ഈ പ്രായത്തിൽ ലൈംഗികതയോട് താൽപ്പര്യം വർദ്ധിക്കും. എതിർലിംഗക്കാരുമായി കൂടുതൽ സംസാരിക്കാനും അടുത്തിടപഴകാനും ആഗ്രഹിക്കും. പ്രണയത്തെക്കുറിച്ച് കൂടുതൽ ചിന്തിക്കും. ഇത് സ്വാഭാവികവും ശാരീരികവും മാനസികവുമായ വലിയ മാറ്റമാണ്.

> കൗമാരം ജീവിതത്തിലെ ഒരു നിർണ്ണായക ഘട്ടമാണ്. ബാല്യത്തിൽനിന്ന് യൗവനത്തിലേക്കുള്ള പരിവർത്തന കാലം. ശാരീരികവും മാനസികവും വൈകാരികവുമായ വലിയ പരിവർത്തനങ്ങളുടെ കാലമാണത്. കൗമാരക്കാർ അനുഭവിക്കുന്ന വെല്ലുവിളികളും അവരുടെ കാഴ്ചപ്പാടുകളും മനസ്സിലാക്കുക എന്നത് രക്ഷിതാക്കളനുഭവിക്കുന്ന വലിയ വെല്ലുവിളി തന്നെയാണ്.

### C - Congregate (കൂട്ടുകൂടാനുള്ള പ്രവണത)

കൗമാരക്കാർക്ക് സമപ്രായക്കാരുമായി കൂട്ടുകൂടാനും അവരോടൊപ്പം സമയം ചെലവഴിക്കാനും കൂടുതൽ താത്പര്യമുണ്ടാവും. സ്കൂൾ വിട്ടാൽ കൂട്ടുകാരുമായി കറങ്ങാൻ ആഗ്രഹിക്കും. കൂട്ടുകാർ പറയുന്നത് അന്ധമായി വിശ്വസിക്കുന്ന പ്രവണതയും കാണാം. കൂട്ടായ്മയിലൂടെ തങ്ങളുടെ ഇടം കണ്ടെത്താൻ അവർ ശ്രമിക്കുന്നു.

### E - Enthusiasm (ഉത്സാഹം)

ഏതു കാര്യത്തിലും വലിയ ഉത്സാഹം കാണിക്കുന്ന പ്രായമാണിത്. പുതിയ കാര്യങ്ങൾ പഠിക്കാനും താൽപ്പര്യമുള്ള വിഷയങ്ങളിൽ ആത്മാർത്ഥമായി പ്രവർത്തിക്കാനും അവർ മുന്നിട്ടിറങ്ങും. ശരീരത്തിലെയും മനസ്സിലെയും ഊർജ്ജം ഇതിന് കാരണമാണ്.

### N - Novelty (പുതുമ)

ചെയ്യുന്ന കാര്യങ്ങളിലെല്ലാം ഒരു തരം പുതുമ കൗമാരക്കാർ ആഗ്രഹിക്കും. ഉപയോഗിക്കുന്ന മുറി പുതിയ രീതിയിൽ അലങ്കരിക്കുകയോ വ്യത്യസ്തമായ കാര്യങ്ങൾ ചെയ്യാൻ ശ്രമിക്കുകയോ ചെയ്യാറുണ്ട്. പുതിയ ആശയങ്ങൾക്കും രീതികൾക്കും അവർ അംഗീകാരം നൽകും. സ്വന്തം കഴിവുകളുമായി ബന്ധപ്പെട്ട പുതിയ അവസരങ്ങൾ ലഭിക്കാതെ വരുമ്പോൾ അവർ മറ്റുള്ളവരെ അനുകരിക്കാനും സാധ്യതയുണ്ട്.

### C - Confusion (ആശയക്കുഴപ്പം)

പല കാര്യങ്ങളിലും ആശയക്കുഴപ്പം കാണിക്കുന്ന ഘട്ടവുമാണിത്. എന്ത് പഠിക്കണം, ഏതു വസ്ത്രം ധരിക്കണം എന്നതിലൊക്കെ അവർക്ക് ആശയക്കുഴപ്പം വരാം. തീരുമാനമെടുക്കാനും തിരഞ്ഞെടുക്കാനുമുള്ള കഴിവ് കുറവായിരിക്കും. 'വേണ്ട' എന്ന് പറയാൻ കഴിയാതെ വരുന്നത് ഈ ആശയക്കുഴപ്പം കാരണമാണ്.

### E - Explosive (സ്ഫോടനാത്മകമായ സ്വഭാവം)

കൗമാരം ഒരു സ്ഫോടനാത്മകമായ പ്രായമാണ്. ചെറിയ കാര്യങ്ങൾക്ക് പോലും പെട്ടെന്ന് ദേഷ്യം വരുക, കരയുക, അല്ലെങ്കിൽ അമിതമായി സന്തോഷിക്കുക എന്നിങ്ങനെയുള്ള വികാര വിക്ഷോഭങ്ങൾ സാധാരണമാണ്. ഈ പ്രായത്തിലുള്ളവരുമായി ഇടപെഴകാൻ കൂടുതൽ ശ്രദ്ധയും കരുതലുമെല്ലാം ആവശ്യമാണ്.

തിരുവസന്തം 1500

# മദ്റസകളിൽ തിരുപ്പിറവി സമുചിതമായി ആഘോഷിക്കണം - എസ് ജെ എം

കോഴിക്കോട്: റബീഉൽഅവ്വൽ വിശ്വാസികളുടെ തേജസ്സാർന്ന പ്രതീക്ഷയാണ്. വിശ്വപ്രവാചകർ മുഹമ്മദ് നബി(സ)യുടെ 1500-ാം തിരുപ്പിറവി ഈ വർഷം 'തിരുവസന്തം 1500' എന്ന പ്രമേയത്തിലാണ് ആഘോഷിക്കുന്നത്. തിരുനബിസന്ദേശങ്ങൾ കൂടുതൽ അടുത്തറിയാൻ റെയ്ഞ്ച്, മദ്റസ തലങ്ങളിൽ വിദ്യാഭ്യാസബോർഡിന്റെ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് സമുചിതമായി ആചരിക്കണമെന്ന് സുന്നി ജംഇയ്യത്തുൽ മുഅല്ലിമീൻ സെൻട്രൽ സെക്രട്ടറിയേറ്റ് ആഹ്വാനം ചെയ്തു.

സമസ്തസെന്ററിൽ ചേർന്ന സെക്രട്ടറിയേറ്റ് യോഗം ഒകടോബർ 7ന് നടക്കുന്ന സെൻട്രൽ കൗൺസിലിന് രൂപം നൽകി. ഡിസംബറിൽ സുന്നത്ത് - കുസുമം കാമ്പയിൻ സംഘടിപ്പിക്കാൻ തീരുമാനിച്ചു. കുസുമം ക്വിസ്മത്സര ജേതാക്കൾക്ക് കാമ്പയിൻ ഉദ്ഘാടനത്തോടനുബന്ധിച്ച് ക്യാഷ് അവാർഡ് നൽകും.

യോഗത്തിൽ പ്രസിഡന്റ് സയ്യിദ് അലി ബാഫഖി അധ്യക്ഷത വഹിച്ചു. വി.പി.എം. വില്ല്യാപ്പള്ളി, അബൂഹനീഫൽ ഫൈസി, പ്രൊഫ. എ കെ അബ്ദുൽഹമീദ്, കെ പി എച്ച് തങ്ങൾ, കെ ഉമർ മദനി, സുലൈമാൻ സഖാഫി കുഞ്ഞുകുളം, വി വി അബൂബകർ സഖാഫി, ബശീർ മുസ്‌ലിയാർ ചെറൂപ്പ ചർച്ചകൾക്ക് നേതൃത്വം നൽകി.

## 16 മദ്റസകൾക്ക് കൂടി അംഗീകാരം

കോഴിക്കോട്: സമസ്ത കേരള സുന്നി വിദ്യാഭ്യാസബോർഡ് പുതുതായി 16 മദ്റസകൾക്കു കൂടി അംഗീകാരം നൽകി. മലപ്പുറം, പാലക്കാട്, എറണാകുളം, തിരുവനന്തപുരം ജില്ലകളിൽ നിന്നും കർണാടക, തമിഴ്നാട് എന്നിവിടങ്ങളിൽ നിന്നുമുള്ള മദ്റസകൾക്കാണ് പുതുതായി അംഗീകാരം ലഭിച്ചത്. സമസ്തസെന്ററിൽ ചേർന്ന സെക്രട്ടറിയേറ്റ് യോഗത്തിൽ വി പി എം വില്യാപ്പള്ളി അധ്യക്ഷത വഹിച്ചു. അബൂഹനീഫൽ ഫൈസി, പ്രൊഫ. എ കെ അബ്ദുൽഹമീദ്, വണ്ടൂർ അബ്ദുറഹ്മാൻ ഫൈസി, സി പി സൈതലവി മാസ്റ്റർ, ഡോ. അബ്ദുൽഅസീസ് ഫൈസി തുടങ്ങിയവർ ചർച്ചകൾക്ക് നേതൃത്വം നൽകി.

## കുസുമം ക്വിസ് മത്സരം: വിജയികളെ പ്രഖ്യാപിച്ചു

കോഴിക്കോട്: സ്വാതന്ത്ര്യദിനത്തോടനുബന്ധിച്ച് എസ് ജെ എം സെൻട്രൽ കമ്മിറ്റി സംഘടിപ്പിച്ച ഓൺലൈൻ ക്വിസ് മത്സരത്തിലെ വിജയികളെ പ്രഖ്യാപിച്ചു. ഫാത്വിമ ലുബാബ കെ.പി, മഅ്ദിനുൽ ഉലൂം മദ്റസ, മേലേപറമ്പ്, കൊണ്ടോട്ടി റെയ്ഞ്ച്, മുഹമ്മദ് അമാൻ, മദ്സതുൽ അഹ്ദലിയ്യ അജികുമാർ, പെർമുദെ റെയ്ഞ്ച്, ഫിദ ഫാത്വിമ കെ, മർകസുൽഉലൂം മദ്റസ, ചെന്നാലംകുണ്ട് പുതുക്കോട് റെയ്ഞ്ച് യഥാക്രമം ഒന്ന്, രണ്ട്, മൂന്ന് സ്ഥാനങ്ങൾ നേടി ജേതാക്കളായി. നാലായിരത്തോളം വിദ്യാർത്ഥികൾ മത്സരത്തിൽ പങ്കെടുത്തു. ശരിയുത്തരം എഴുതിയ നിരവധി പേരിൽനിന്ന് നറുക്കെടുപ്പിലൂടെയാണ് വിജയികളെ തെരഞ്ഞെടുത്തത്. വിജയികൾക്ക് ഡിസംബറിൽ നടക്കുന്ന സുന്നത്ത്-കുസുമം ക്യാമ്പയിൻ ഉദ്ഘാടനവേളയിൽ ക്യാഷ് അവാർഡ് സമ്മാനിക്കും.

## നബിദിനാഘോഷ പരിപാടികൾ ഭക്തിസാന്ദ്രമാവണം: സമസ്ത

കോഴിക്കോട്: ഈ മാസം സംഘടിപ്പിക്കുന്ന നബിദിനാഘോഷ പരിപാടികൾ ഭക്തിസാന്ദ്രവും അനുകരണീയവുമായിരിക്കണമെന്ന് സമസ്ത കേരള ജംഇയ്യത്തുൽ ഉലമ കോഴിക്കോട് ജില്ല മുശാവറ. എല്ലാ മഹല്ലുകളിലും വീടുവീടാന്തരമുള്ള മൗലിദുകളടക്കം പ്രവാചകസ്നേഹം പ്രകടിപ്പിക്കുന്ന വിവിധ പരിപാടികൾ സംഘടിപ്പിക്കണമെന്ന് മുശാവറ ആഹ്വാനം ചെയ്തു. ഇതു സംബന്ധമായി കേരള മുസ്‌ലിം ജമാഅത്ത് ആവിഷ്കരിക്കുന്ന എല്ലാ പരിപാടികളിലും പണ്ഡിതർ സഹകരിക്കണമെന്ന് നിർദ്ദേശിച്ചു.

സമസ്തസെന്ററിൽ നടന്ന മുശാവറ യോഗത്തിൽ പ്രസിഡന്റ് കോടമ്പുഴ ബാവ മുസ്‌ലിയാർ അധ്യക്ഷത വഹിച്ചു. ജന. സെക്രട്ടറി വി പി എം വില്യാപ്പള്ളി ഉദ്ഘാടനം ചെയ്തു. ടി കെ അബ്ദുറഹ്മാൻ ബാഖവി സ്വാഗതം പറഞ്ഞു. കെ എം ബശീർ സഖാഫി റിപ്പോർട്ട് അവതരിപ്പിച്ചു. വിവിധ മേഖലകളിൽ നടന്ന ഉലമാ സംഗമങ്ങൾ വിലയിരുത്തുകയും ശാക്തീകരണത്തിന് പദ്ധതികൾ ആവിഷ്കരിക്കുകയും ചെയ്തു. ഇതിന്റെ ഭാഗമായി താഴെ പറയുന്നവരെ മേഖലാതല നിരീക്ഷകരായി തെരഞ്ഞെടുത്തു. സയ്യിദ് ത്വാഹാ സഖാഫി(കൊയിലാണ്ടി) സയ്യിദ് മുഹമ്മദ് തുറാബ് സഖാഫി(താമരശ്ശേരി) സയ്യിദ് ഹബീബുൽ ബുഖാരി(കൊടുവള്ളി) ടി കെ അബ്ദുറഹ്മാൻ ബാഖവി(കോഴിക്കോട്) മുഹമ്മദ് അബ്ദുറഹ്മാൻ മദനി(വടകര) എ പി അൻവർ സഖാഫി(കുന്ദമംഗലം)

ഇതു സംബന്ധമായ ചർച്ചകൾക്ക് കേന്ദ്ര മുശാവറ പ്രതിനിധി സയ്യിദ് ഇബ്റാഹീം ഖലീലുൽബുഖാരി നേതൃത്വം നൽകി. എം അബ്ദുല്ലത്വീഫ് മുസ്‌ലിയാർ, കെ പി ഹുസൈൻ മുസ്‌ലിയാർ, ഇസ്മാഈൽ സഖാഫി പെരുമണ്ണ, എം പി ഹസൈനാർ മുസ്‌ലിയാർ, എൻ ടി കെ ആവിലോറ, ഹംസക്കോയ ബാഖവി, അബ്ദുൽഖാദിർ ദാരിമി, ടി കെ മുഹമ്മദ് ദാരിമി, കോച്ചേരി കുഞ്ഞബ്ദുല്ല സഖാഫി, എൻ കെ അബ്ദുറഹ്മാൻ ദാരിമി, എ കെ മുഹമ്മദ് സഖാഫി, അബ്ദുൽഹകീം ദാരിമി, സി എം യൂസുഫ് സഖാഫി, ഇ കെ മുഹമ്മദ് അഹ്സനി, ടി എ റശീദ് മുസ്‌ലിയാർ, കുറ്റിക്കാട്ടൂർ സുബൈർ സഖാഫി, സഊദ് സഖാഫി, അബ്ദുറഹ്മാൻ സഖാഫി ചർച്ചയിൽ പങ്കെടുത്തു സംസാരിച്ചു.

## ഘോഷയാത്രകളിൽ ഗ്രീൻ പ്രോട്ടോകോൾ പാലിക്കണം – ബോർഡ്

കോഴിക്കോട്: 'തിരുവസന്തം 1500' എന്ന പ്രമേയത്തിൽ ഈ വർഷത്തെ നബിദിനാഘോഷങ്ങൾ വിപുലമായി നടത്താൻ സുന്നി വിദ്യാഭ്യാസ ബോർഡ് അംഗീകൃത സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകി. പതിനായിരത്തിലേറെ വരുന്ന മദ്റസകൾ കേന്ദ്രീകരിച്ചു നടക്കുന്ന റാലികളിലും ഘോഷയാത്രകളിലും ഗ്രീൻ പ്രോട്ടോകോൾ നിർബന്ധമായും പാലിച്ചിരിക്കണം. റോഡുകളിലും വഴിയോരങ്ങളിലും ഗതാഗതതടസ്സം വരാത്ത വിധം യാത്രകൾ സജ്ജീകരിക്കണം.

ഘോഷയാത്രകളിലെ സ്വീകരണവേദികളിലും അന്നദാന സമയത്തും ആരോഗ്യത്തിന് ഹാനികരമല്ലാത്ത ഭക്ഷണപാനീയങ്ങൾ മാത്രമേ വിതരണം ചെയ്യുന്നുള്ളൂ എന്ന് ഉറപ്പുവരുത്തണം. മദ്റസയിലെ വിവിധ മേഖലകളിൽ കഴിവു തെളിയിച്ച കുട്ടികൾക്ക് സമ്മാനദാനം നടത്തുന്നതോടൊപ്പം തന്നെ എൽ എസ് എസ്, യു എസ് എസ് അടക്കമുള്ള എല്ലാ പരീക്ഷകളിലും വിജയിച്ചവർക്കും സ്കോളർഷിപ്പ് അർഹത നേടിയവർക്കും അനുമോദനങ്ങൾ നൽകേണ്ടതാണെന്നും വിദ്യാഭ്യാസ ബോർഡ് നിർദ്ദേശം നൽകിയിട്ടുണ്ട്.

ഇതു സംബന്ധമായി കോഴിക്കോട് സമസ്തസെന്ററിൽ ചേർന്ന യോഗത്തിൽ വി.പി.എം വില്യാപള്ളി അധ്യക്ഷത വഹിച്ചു. അബൂഹനീഫൽ ഫൈസി തെന്നല, പ്രൊഫ. എ കെ അബ്ദുൽ ഹമീദ്, വണ്ടൂർ അബ്ദുറഹ്മാൻ ഫൈസി, ഡോ. അബ്ദുൽഅസീസ് ഫൈസി പ്രസംഗിച്ചു. സി.പി സൈതലവി മാസ്റ്റർ സ്വാഗതം പറഞ്ഞു.

## സമസ്ത ജില്ലാ പണ്ഡിതക്യാമ്പ് സംഘടിപ്പിക്കും

കോഴിക്കോട്: സമസ്ത കേരള ജംഇയ്യത്തുൽ ഉലമ ജില്ലാ പണ്ഡിതസംഗമം ഈ മാസാവസാനം കോഴിക്കോട് സംഘടിപ്പിക്കുവാൻ ജില്ലാ മുശാവറ സെക്രട്ടറിയേറ്റ് തീരുമാനിച്ചു. ജില്ലാമുശാവറ മെമ്പർമാരും വിവിധ മേഖലമുശാവറ മെമ്പർമാരും ക്യാമ്പ് അംഗങ്ങളായിരിക്കും. കേന്ദ്രമുശാവറ പ്രതിനിധികൾ ക്യാമ്പിന് നേതൃത്വം നൽകും. ഇതിന്റെ മുന്നോടിയായി എല്ലാ മേഖലകളിലും ജില്ലാ നിരീക്ഷകരുടെ സാന്നിധ്യത്തിൽ മുശാവറകൾ വിളിച്ചുചേർത്ത് ക്യാമ്പിന്റെ വിജയത്തിനും സംഘടനാ ശാക്തീകരണത്തിനും പദ്ധതികൾ ആവിഷ്കരിക്കാൻ സെക്രട്ടറിയേറ്റ് യോഗം നിർദ്ദേശം നൽകി. മർകസിൽ ചേർന്ന യോഗത്തിൽ ജനറൽ സെക്രട്ടറി വി പി എം വില്യാപ്പള്ളി അധ്യക്ഷത വഹിച്ചു. പെരുമണ്ണ ഇസ്മാഈൽ സഖാഫി ഉദ്ഘാടനം ചെയ്തു. വെണ്ണക്കോട് ശുകൂർ സഖാഫി സ്വാഗതവും കെ എം ബശീർ സഖാഫി നന്ദിയും പറഞ്ഞു.

## നബിദിനാഘോഷം: വിദ്യാഭ്യാസബോർഡ് നിർദ്ദേശങ്ങൾ

ആഘോഷപരിപാടികളിൽ പ്രദേശത്തെ പൗരപ്രമുഖരെയും സംഘടനാ പ്രതിനിധികളെയും രക്ഷിതാക്കളെയും പങ്കെടുപ്പിക്കാൻ ശ്രമിക്കണം. നബിദിനത്തിന്റെ ഭാഗമായി മദ്റസയിൽ നടക്കുന്ന കലാമത്സരങ്ങൾക്ക് കുട്ടികളെ സജ്ജരാക്കുന്നതിന് പഠനസമയം കൂടുതൽ നഷ്ടമാവാതെ ശ്രദ്ധിക്കണം. പ്രസംഗം, പാട്ട്, സംഭാഷണം തുടങ്ങിയവ തികച്ചും നബിജീവിതത്തിലെ സന്ദേശങ്ങൾ ഉൾക്കൊള്ളുന്നതാണെന്ന് ഉറപ്പുവരുത്തണം. കുട്ടികളുടെ പ്രായത്തിന് യോജ്യമായി എൽ.പി, യു.പി, സെക്കൻഡറി, ഹയർസെക്കൻഡറി വേർതിരിച്ച് വിഷയങ്ങൾ നൽകണം.

നബി(സ)യുടെ സൽസ്വഭാവം, സത്യസന്ധത, വിനയം, ക്ഷമ, സ്നേഹം, വ്യക്തിപ്രഭാവം, ബഹുസ്വരസമൂഹത്തിലെ ജീവിതം, മതസൗഹാർദ്ദം, കുടുംബജീവിതം, അയൽപക്കബന്ധം, ഇടപെടലുകൾ മുതലായ വിഷയങ്ങൾ ആസ്പദമാക്കിയാണ് പരിപാടികൾ തയ്യാറാക്കേണ്ടത്. ആഘോഷത്തിന്റെ ഭാഗമായി നബിചരിത്ര വിവരണം, നബി പ്രകീർത്തനം, മൗലിദ് എന്നിവ നടത്തണം. ഘോഷയാത്ര നടത്തുമ്പോൾ ഗ്രീൻപ്രോട്ടോകോൾ പാലിച്ചുകൊണ്ടായിരിക്കണം. പ്ലാസ്റ്റിക് ഉൽപ്പന്നങ്ങളും മറ്റും അലക്ഷ്യമായി വലിച്ചെറിയാതെ അവയുടെ സംസ്ക്കരണം ഉറപ്പുവരുത്തണം.

നബിദിനറാലിയിൽ സ്വലാത്തുകളും നബികീർത്തനങ്ങളും മാത്രമേ ഉരുവിടാവൂ. റോഡുകളിലും വഴികളിലും ഗതാഗത തടസ്സം വരാത്ത വിധം യാത്ര സജ്ജീകരിക്കണം. കുട്ടികളെ റോഡിന്റെ ഇടതുവശം ചേർന്ന് വരിയായി നടത്താൻ ശ്രദ്ധിക്കണം. റാലിയിൽ രക്ഷിതാക്കളുടെയും പൂർവ്വവിദ്യാർത്ഥികളുടെയും സാന്നിധ്യം ഉറപ്പുവരുത്തണം. റോഡ് മുറിച്ചുകടക്കുമ്പോൾ ആവശ്യമായ സുരക്ഷയൊരുക്കുകയും പ്രത്യേകം ശ്രദ്ധ ചെലുത്തുകയും വേണം. ഘോഷയാത്രകളിലെ സ്വീകരണവേദികളിലും അന്നദാന സമയത്തും ആരോഗ്യത്തിന് ഹാനികരമല്ലാത്ത ഭക്ഷണപാനീയങ്ങൾ മാത്രമേ വിതരണം ചെയ്യുന്നുള്ളൂ എന്ന് ഉറപ്പുവരുത്തണം.

നബിദിന പരിപാടിയിലും വിവിധ പരീക്ഷകളിലും ഓരോ ക്ലാസിൽ നിന്നും കൂടുതൽ മാർക്ക് വാങ്ങിയ കുട്ടികളെയും മതഭൗതിക സ്കാളർഷിപ്പ് പരീക്ഷകളിൽ മികവ് പുലർത്തിയ കുട്ടികളെയും സമാപനവേദിയിൽ വച്ച് അനുമോദിക്കുകയും പ്രോത്സാഹന സമ്മാനങ്ങൾ നൽകുകയും ചെയ്യണം. സമാപന സെഷനിൽ നബി(സ)യുടെ ജീവിതത്തെക്കുറിച്ച് 20 മിനിറ്റിൽ കവിയാത്ത നബിദിന സന്ദേശം നൽകണം.

തീരം

റൈഹാൻ

# ഖിയാമത്ത് നാളോളം



'യാ ഗൗസു യാ മുഹ്യിദ്ദീൻ!'
കുന്നിൻമുകളിലുള്ള
അവുക്കാദറിന്റെ വീട്ടിൽ നിന്ന്
ഖുതുബിയ്യത്തിന്റെ വിളിയുയർന്നു.

നിശയുടെ ശാന്തതയിൽ
അറബിക്കടലിന്റെ മീതെ
പടിഞ്ഞാറൻ കാറ്റിന്റെ കൈയിലേറി
ആ വിളി ബാഗ്ദാദിലേക്ക്
ഒഴുകിയൊഴുകിപ്പോയി!

വിജ്ഞാനദാഹികളുടെ
ഒരു കുഞ്ഞുഖാഫിലക്കൂട്ടം
മരുഭൂമിയിലൂടെ നീങ്ങുന്നു.
അവരുടെ കൈകളിൽ
മുനിഞ്ഞുകത്തുന്നൊരു
റാന്തൽവിളക്കുണ്ട്.
നീലാകാശത്തമ്പിളിപോലെ
പ്രപഞ്ചം മുഴുവനത്
നറുനിലാവ് പരത്തുന്നു!

അദ്ധ്യാത്മികതയുടെ
സന്മാർഗവെളിച്ചത്തിലേക്ക്
തെളിഞ്ഞ ഹൃദയവുമായവർ
തളരാതെ സഞ്ചരിക്കുന്നു!

വിനയം, കരുണ, സത്യസന്ധത
നീതി, നന്മ, സൽസ്വഭാവം
കെട്ടുപോകാത്ത വിളക്കിന്റെ
പ്രകാശകിരണങ്ങൾ ദിക്കെട്ടും
പടർന്നു പരന്നൊഴുകുന്നു!

ബാഗ്ദാദിലെ താഴ്വരകളിൽ
അലഞ്ഞുമേഞ്ഞു നടന്ന
മുഹ്യിദ്ദീൻവിളിയപ്പോൾ
അനിർവചനീയമായ സുഗന്ധത്തെ
മടിത്തട്ടിൽ ആവാഹിക്കുന്നു.

തിരിച്ചെത്തിയപ്പോൾ
കുന്നിൻചെരുവിലാകെ
പൂക്കൾ വിടരുന്നു,
പരിമളം നിറയുന്നു.
ആധികൾ അകന്നുപോകുന്നു.
മനുഷ്യഹൃദയങ്ങളിലേക്ക്
ആശ്വാസത്തിന്റെ കിരണങ്ങൾ
മന്ദം മന്ദം അരിച്ചിറങ്ങുന്നു!

ഇലാഹീ, അൻത മഖ്സുദീ!
ഇഷ്ടദാസന്മാരെ നൽകി
ചരാചരങ്ങളെ അനുഗ്രഹിച്ച
പ്രപഞ്ചാധിപന്റെ കാരുണ്യത്തിൽ
ലോകം സംപ്രീതരാകുന്നു!

Printed & Published by Kunhalavi musliyar on behalf of Samastha Isalamic Centre, Jaferkhan Colony, P.O Eranhipalam
Kozhikode - 673006 and printed at Al kamal offset, East Nadakkavu, Kozhikode, Editor : VP Moidu Faizy Villyapally